കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ജില്ലാ പഞ്ചായത്ത്, കണ്ണൂർ

# ഓഡിറ്റ് റിപ്പോർട്ട് 2018-19

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

**e-mail: doknr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.17/125/2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698


തീയതി : 18.08.2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കണ്ണൂർ ജില്ലാപഞ്ചായത്ത്.

സർ,

വിഷയം : കണ്ണൂർ ജില്ലാപഞ്ചായത്ത്-2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്.

************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ 1-15, 1-16, 1-22, 1-25, 1-26, 1-40, 1-44, 1-51 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ജില്ലാ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഏയിംസിൽ)
2) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ.)
3) കാര്യാലയ പകർപ്പ്

/

നം.കെ.എസ്.എ/കെ.എൻ.ആർ/സി.17/125/2020 തീയതി: 18.08.2020

# കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ നം.കെ.എസ്.എ/കെ.എൻ.ആർ/സി.17/125/2020 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ജില്ലാ പഞ്ചായത്ത് 01.04.18 മുതൽ 14.10.19 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 77 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 54 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ബി. സന്തോഷ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.10.2019 മുതൽ 03.01.2020 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സത്യാനന്ദൻ സി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. രമേശൻ കരോത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അനൂപ് കെ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി അനു അബ്രഹാം | ഓഡിറ്റർ |
| ശ്രീമതി നിഖില എ.എം | ഓഡിറ്റർ |

| | |
|---|---|
| ശ്രീമതി സിന്ധു ടി പി | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) (09.12.2019 മുതൽ 03.01.2020 വരെ) |
| ശ്രീ. സുരേശൻ പി.വി | ഓഡിറ്റ് ഓഫീസർ (09.12.2019 മുതൽ 03.01.2020 വരെ) |
| ശ്രീ.ഷഹീൻ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (23.12.2019 മുതൽ 03.01.2020 വരെ) |
| ശ്രീമതി റീന പിട്ടൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (30.12.2019 മുതൽ 03.01.2020 വരെ) |

നിർവ്വഹണ അധികാരികളുടെ പേര്, കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീ. കെ.വി. സുമേഷ് | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ.ചന്ദ്രൻ വി | 01-04-2018 മുതൽ 31-3-2019 വരെ |

**നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.ചന്ദ്രൻ.വി. കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി | 01-04-2018 മുതൽ 31-03-2019 വരെ |
| ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ | ശ്രീ. അബ്ദുസമദ് കെ.പി. | 01-04-2018 മുതൽ 31-03-2019 വരെ |
| ജില്ലാ വനിതാ വികസന ഓഫീസർ | ശ്രീമതി ബീന കെ. | 01-04-2018 മുതൽ 31-03-2019 വരെ |
| ഹെഡ്മാസ്റ്റർ, ഫിഷറീസ് സ്കൂൾ | ശ്രീ ഉല്ലാസ് കുമാർ വി.എം | 01-04-2018 മുതൽ 31-03-2019 വരെ |
| പ്രിൻസിപ്പാൾ, ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, മാതമംഗലം | ശ്രീ. രാജഗോപാലൻ കെ. | 01-04-2018 മുതൽ 31-03-2019 വരെ |
| പ്രോജക്ട് ഓഫീസർ, ഐ.ടി.ഡി.പി | ശ്രീമതി.ജാക്വിലിൻ ഷൈനി ഫെർണാണ്ടസ് | 01-04-2018 മുതൽ 31-03-2019 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (വാട്ടർ മാനേജ്മെന്റ്) | ശ്രീ. ജോളി അലക്സ് | 01-04-2018 മുതൽ 13-04-2018 FN വരെ |

/

| | | |
|---|---|---|
| | | (ഇൻചാർജ്ജ്) |
| | ശ്രീമതി സാവിത്രി. എ | 13-04-2018AN മുതൽ 18-04-2018 FN വരെ |
| | ശ്രീമതി അനില. കെ | 18-04-2018AN മുതൽ 21-05-2018FN വരെ |
| | ശ്രീ. വിജയൻ എ.കെ | 21-05-2018 AN മുതൽ 31-03-2019 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (വൈ.പി) | ശ്രീമതി അനില. കെ (ഇൻചാർജ്ജ്) | 01-04-2018 മുതൽ 31-05-2018 FN വരെ |
| | ശ്രീ. ജോബി.കെ.മത്തായി (ഇൻചാർജ്ജ്) | 31-05-2018AN മുതൽ 19-06-2018FN വരെ |
| | ശ്രീമതി വി.കെ ലളിത (ഇൻചാർജ്ജ്) | 19-06-2018AN മുതൽ 25-06-2018FN വരെ |
| | ശ്രീ. പീതാംബരബാബു വി.കെ | 25-06-2018 AN മുതൽ 14-08-2018FN വരെ |
| | ശ്രീ.വിജയൻ എ.കെ | 14-08-2018AN മുതൽ 17-09-2018FN വരെ |
| | ശ്രീ. പീതാംബരബാബു വി.കെ | 17-09-2018 AN മുതൽ 31-03-2019 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, മൃഗ സംരക്ഷണം | ഡോ. അയൂബ്. എ | 01-04-2018 മുതൽ 11-07-2018 FNവരെ |
| | ഡോ. സി.പി. പ്രസാദ് | 11-07-2018 AN മുതൽ 31-03-2019 വരെ |
| അസി. എക്സിക്യൂട്ടീവ് | ശ്രീ. സി.കെ | 01-04-2018 |

/

| | | |
|---|---|---|
| എഞ്ചിനീയർ (അഗ്രികൾച്ചർ) | മോഹനൻ | മുതൽ 31-03-2019 വരെ |
| സൂപ്രണ്ട്, ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ, കണ്ണൂർ | ശ്രീ. രാജേഷ് കെ.കെ. | 01-04-2018 മുതൽ 13-06-2018 FN വരെ |
| | ശ്രീ. പുരുഷോത്തമൻ വി | 13-06-2018AN മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) | ശ്രീ. കെ. പ്രദീപൻ | 01-04-2018 മുതൽ 05-06-2018 FN വരെ |
| | ശ്രീമതി ബീന കെ (ഇൻചാർജ്ജ്) | 05-06-2018 FN മുതൽ 20.06.18 വരെ |
| | ശ്രീ രാജീവ് പിഎം (ഇൻചാർജ്ജ്) | 21.06.18 മുതൽ 01.03.19 വരെ |
| | ശ്രീ അബ്ദുൾ ജലീൽ പി വി (ഇൻചാർജ്ജ്) | 2.03.19 മുതൽ 05.03.19 വരെ |
| | ശ്രീ നിബു കുര്യൻ | 6.03.19 മുതൽ 31.03.19 വരെ |
| പ്രിൻസിപ്പാൾ ജി. എച്ച് എസ്.എസ്. ശ്രീകണ്ഠാപുരം | ശ്രീമതി ലൂസി ഈപ്പൻ | 01-04-2018 മുതൽ 31-03-2019 വരെ |
| ഹെഡ്മാസ്റ്റർ, (ജി. എച്ച് എസ്.എസ്. മുണ്ടേരി | ശ്രീ. ചന്ദ്രൻ കെ.പി | 01-04-2018 മുതൽ 31-03-2019 വരെ |
| ഹെഡ്മാസ്റ്റർ, ഐ.എം.എൻ. എസ്.ജി.എച്ച്.എസ്.എസ്. മയ്യിൽ | ശ്രീ. ഹരീന്ദ്രൻ ടി.കെ | 01-04-2018 മുതൽ 31-03-2019 വരെ |
| ഹെഡ്മാസ്റ്റർ, ആറളം ഫാം ജി.എച്ച്.എസ് | ശ്രീമതി.ഡെയ്സി ജോസഫ് കെ | 01-04-2018 മുതൽ 31-03-2019 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം | ശ്രീ.പത്മരാജ്. സി.പി., അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ഡി.ഡി.ഇ-യുടെ പൂർണ്ണ | 01-04-2018 മുതൽ 20-04-2018 വരെ |

| | | |
|---|---|---|
| | ചുമതല)കണ്ണൂർ ജില്ലയിലെ കണ്ണൂർ ജില്ലയിലെ | |
| | ശ്രീമതി വത്സല സി.ഐ വിദ്യാഭ്യാസ ഉപ ഡയറക്ടർ | 21-04-2018 മുതൽ 30-06-2018 വരെ |
| | ശ്രീമതി ലീല കെ.വി, ജില്ലാ വിദ്യാഭ്യാസ ഓഫീസർ (പൂർണ്ണ ചുമതല) | 01-07-2018 മുതൽ 16-10-2018 വരെ |
| | ശ്രീമതി നിർമ്മലാദേവി ടി.പി, വിദ്യാഭ്യാസ ഉപഡയറക്ടർ | 17-10-2018 മുതൽ 31-03-2019 വരെ |
| ജില്ലാ മിഷൻ കോർഡിനേറ്റർ, കുടുംബശ്രീ | ഡോ. എം. സുർജിത്ത് | 01-04-2018 മുതൽ 16-07-2018 വരെ |
| | ശ്രീ. വാസുപ്രദീപ് പി | 17-07-2018 മുതൽ 13-11-2018 വരെ |
| | ഡോ. എം. സുർജിത്ത് | 14-11-2018 മുതൽ 31-03-2019 വരെ |
| പ്രോഗ്രാം ഓഫീസർ | ശ്രീമതി ബിന്ദു സി.എ | 01-04-2018 മുതൽ 31-03-2019 വരെ |
| ജില്ലാ പട്ടികജാതി വികസന ഓഫീസർ | ശ്രീ. കെ.കെ. ഷാജു | 01-04-2018 മുതൽ 31-03-2019 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | ശ്രീമതി ബീന സുകുമാർ പി | 01-04-2018 മുതൽ 07.05.18 വരെ |
| | ശ്രീ എം. ശ്രീകണ്ഠൻ | 08-05-2018 മുതൽ 31.03.19 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, ഡയറീസ് | ശ്രീ ജെയിൻ ജോർജ്ജ് | 01-04-2018 മുതൽ 17.10.18FN വരെ |
| | ശ്രീമതി രാജശ്രീ കെ. | 17.10.18 AN |

/

| | | |
|---|---|---|
| | മേനോൻ | മുതൽ 31.03.19 വരെ |
| ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ | ശ്രീ പവിത്രൻ തൈക്കണ്ടി | 01-04-2018 മുതൽ 16.04.18FN വരെ |
| | ശ്രീ എം.എം മോഹൻദാസ് | 17.04.18 മുതൽ 24.05.2018 വരെ |
| | ശ്രീ പവിത്രൻ തൈക്കണ്ടി | 25-05-2018 മുതൽ 18.06.18 വരെ |
| | ശ്രീ എം.എം മോഹൻദാസ് | 19.06.18 മുതൽ 03.09.18 വരെ |
| | ശ്രീ കെ. രാജീവൻ | 04.09.18 മുതൽ 31.01.19 വരെ |
| | ശ്രീ പി.പി. നാരായണൻ | 01.02.19 മുതൽ 31.03.19 വരെ |
| ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. കെ നാരായണ നായക് | 01.04.18 മുതൽ 31.03.19 വരെ |
| ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം) | ഡോ. എസ്.ആർ. ബിന്ദു | 04.09.18 മുതൽ 31.03.19 വരെ |
| മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | ശ്രീ.സി. രമേശൻ, മാനേജർ (ജില്ലാ പഞ്ചായത്ത്), ജില്ലാ വ്യവസായ കേന്ദ്രം, കണ്ണൂർ | 01-04-2018 മുതൽ 31-05-2018 FN വരെ |
| | ശ്രീഉണ്ണികൃഷ്ണൻ സി.പി, ഡെപ്യൂട്ടി രജിസ്ട്രാർ | 31-05-2018 AN മുതൽ 30.07.18വരെ |
| | ശ്രീഅനിൽ കുമാർ എൽ, ഡെപ്യൂട്ടി രജിസ്ട്രാർ | 31-07-2018 |
| | ശ്രീസുജിത്ത് കെ. അസി. ജില്ലാ വ്യവസായ ഓഫീസർ, താലൂക്ക് വ്യവസായ ഓഫീസ്, കണ്ണൂർ | 01-08-2018 |
| | ശ്രീസുകുമാരൻ കെ.വി | 02-08-2018 മുതൽ |

/

| | | |
|---|---|---|
| | അസി. ജില്ലാ വ്യവസായ ഓഫീസർ, താലൂക്ക് വ്യവസായ ഓഫീസ് കണ്ണൂർ | 17.09.18 വരെ |
| | ശ്രീസാഹിൽ മുഹമ്മദ്, മാനേജർ (ജില്ലാ പഞ്ചായത്ത്) ജില്ലാ വ്യവസായ കേന്ദ്രം, കണ്ണൂർ | 18.09.18 മുതൽ 31.03.19 വരെ |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ് | ശ്രീസജീവൻ കെ.വി | 01.04.18 മുതൽ 11.06.18 വരെ |
| | ശ്രീബിജോയ് കെ.എൻ | 12.06.18 മുതൽ 31.03.19 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ, സംസ്ഥാന വിത്തുല്പാദന കേന്ദ്രം | ശ്രീദിലീപ് കുമാർ ടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01.04.18 മുതൽ 07.09.18 വരെ |
| | ശ്രീഅനിൽ കുമാർ ബി സീനിയർ കൃഷി ഓഫീസർ | 08.09.18 മുതൽ 02.11.18 വരെ |
| | ശ്രീനൂറുദ്ദീൻ ടി.പി.എം കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 03.11.18 മുതൽ 07.11.18 വരെ |
| | ശ്രീകിഷോർ കുമാർ എസ്, സീനിയർ കൃഷി ഓഫീസർ | 08.11.18 മുതൽ 31.03.19 വരെ |
| സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ ജില്ലാ ആശുപത്രി (അലോപ്പതി) | ഡോ. രാജേഷ് വി.പി | 01.04.18 മുതൽ 01.06.18 വരെ |
| | ഡോ. വി.കെ.രാജീവൻ | 02.06.18 മുതൽ 31.03.19 വരെ |
| സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ ജില്ലാ ആശുപത്രി (ആയുർവേദം) | ഡോ. എസ്. ആർ ബിന്ദു (സൂപ്രണ്ട് ഇൻചാർജ്ജ്) | 01.04.18 മുതൽ 23.05.18 FN വരെ |
| | ഡോ. എസ്. ആർ ബിന്ദു | 23.05.18 AN മുതൽ 03.09.18 വരെ |
| | ഡോ. കുമാരി ലൈല (സൂപ്രണ്ട് ഇൻചാർജ്ജ്) | 04.09.18 മുതൽ 31.03.19 വരെ |

/

| | | |
|---|---|---|
| സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ ജില്ലാ ആശുപത്രി (ഹോമിയോ) | ഡോ. സുരേഷ് എ.ടി | 01.04.18 മുതൽ 31.03.19 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ, തെങ്ങിൻ തൈ ഉൽപാദന കേന്ദ്രം | ശ്രീരമേഷ് ബാബു | 01.04.18 മുതൽ 02.07.18 FN വരെ |
| | ശ്രീമതി.സിന്ധു എൻ. പണിക്കർ | 02.07.18 AN മുതൽ 01.08.18 വരെ |
| | ശ്രീജോജോസ്. സി (സീനിയർ അഗ്രികൾച്ചർ ഓഫീസർ) | 02.08.18 മുതൽ 01.11.18 FN വരെ |
| | ശ്രീമതി.സിന്ധു എൻ. പണിക്കർ | 01.11.18 AN മുതൽ 11.11.18 വരെ |
| | ശ്രീഎമൽഡ റോബിൻസൺ (സീനിയർ അഗ്രികൾച്ചർ ഓഫീസർ) | 12.11.18 മുതൽ 31.12.18 വരെ |
| | ശ്രീമതി.സിന്ധു എൻ. പണിക്കർ (സീനിയർ അഗ്രികൾച്ചർ ഓഫീസർ) | 01.01.19 മുതൽ 28.02.19 വരെ |
| | ശ്രീമതി.ഷബ്ബീന എച്ച് (സീനിയർ അഗ്രികൾച്ചർ ഓഫീസർ) | 01.03.19 മുതൽ 31.03.19 വരെ |
| സീനിയർ വെറ്റിനറി സർജ്ജൻ | ഡോ. കെ. രാമമോഹൻ ഷെട്ടി | 01.04.18 മുതൽ 23.04.18 വരെ |
| | ഡോ. ജോൺസൺ പി. ജോൺ | 24.04.18 മുതൽ 07.05.18 വരെ |
| | ഡോ. ജോൺസൺ പി. ജോൺ | 08.05.18 മുതൽ 01.10.18 വരെ |
| | ഡോ. സുരേഷ് ടി ഓറനാടി | 02.10.18 മുതൽ 12.11.18 വരെ |
| | ഡോ. ജോൺസൺ പി. ജോൺ | 13.11.18 മുതൽ |

/

| | | |
|---|---|---|
| | | 31.03.19 വരെ |
| ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം തളിപ്പറമ്പ് | ശ്രീ. ജീവരാജ് ടി.വി (സൂപ്രണ്ട് ഇൻ ചാർജ്ജ്) | 01.04.18 മുതൽ 02.04.18 വരെ |
| | ശ്രീമതി.ഗീത അലക്സാർ | 03.04.18 മുതൽ 10.09.18 വരെ |
| | ശ്രീമതി.അനിത എം.കെ | 11.09.18 മുതൽ 12.09.18 വരെ |
| | ശ്രീജീവരാജ് ടി.വി (സൂപ്രണ്ട് ഇൻ ചാർജ്ജ്) | 13.09.18 മുതൽ 09.10.18 വരെ |
| | ശ്രീമതി.അനിത എം.കെ | 10.10.18 മുതൽ 19.12.18 വരെ |
| | ശ്രീമുഹമ്മദ് ഹാരിദ് പി.ഐ | 20.12.18 മുതൽ 16.02.19 വരെ |
| | ശ്രീജീവരാജ് ടി.വി (സൂപ്രണ്ട് ഇൻ ചാർജ്ജ്) | 17.02.19 മുതൽ 01.03.19 വരെ |
| | ശ്രീമുഹമ്മദ് ഹാരിസ് പി.ഐ (സൂപ്രണ്ട് ) | 02.03.19 മുതൽ 25.03.19 വരെ |
| | ശ്രീജീവരാജ് ടി.വി (സൂപ്രണ്ട് ഇൻ ചാർജ്ജ്) | 26.03.19 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ത.സ്വ.ഭ.വ | ശ്രീമതി.ഷെമി ടി.കെ | 01-04-2018 മുതൽ 31-03-2019 വരെ |
| സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, വേങ്ങാട് | ശ്രീമതി പി. ലീന | 01-04-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് പ്രൊജക്ട് ഓഫീസർ (പ്ലാനിംഗ് & മോണിറ്ററിംഗ്) | ശ്രീ. അബിജിത്ത് ടി.ജി | 04-04-2018 മുതൽ 02-11-2018 വരെ |
| | ശ്രീമതി ഇന്ദിര എ.ജി | 03-11-2018 മുതൽ 31-03-2019 വരെ |

**ഉള്ളടക്കം**


| ഭാഗം -1 ഓഡിറ്റ് റിപ്പോർട്ട് | | |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | വാർഷിക കണക്കിലെ അപാകങ്ങൾ | 1-10 |
| 11 | ഗ്രാമസഭ | 1-11 |
| 12 | വർക്കിംഗ് ഗ്രൂപ്പും മോണിറ്ററിംഗ് കമ്മിറ്റിയും | 1-12 |
| 13 | ജില്ലാ പഞ്ചായത്ത് വികസന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന കഫേശ്രീ യൂനിറ്റിൽ നിന്നും വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-13 |
| 14 | ദൈനംദിന പിരിവുകൾ ജില്ലാ പഞ്ചായത്തിൽ ഒടുക്കുന്നതിന് കാലതാമസം . | 1-14 |
| 15 | ജില്ലാ പഞ്ചായത്തിന് കീഴിലുള്ള കൃഷി ഫാമുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-15 |
| 16 | ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല – ₹ 128295-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-16 |
| 17 | മുൻകൂർ തുക ക്രമീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല – ₹ 38000-ന്റെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-17 |
| 18 | ബജറ്റ് അവതരണം 2018-19 - പാരിതോഷിക ചെലവ് - സ്പോൺസർഷിപ്പ് തുക ലഭ്യമായില്ല. – ₹26784-ന്റെ ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-18 |
| 19 | ഭരണ സമിതി അംഗങ്ങളുടെ യാത്രാപ്പടി അധിക തുക അനുവദിക്കുന്നു. | 1-19 |
| 20 | ടെണ്ടർ ഫീ- ജില്ലാ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തുന്നില്ല, ജി എസ് ടി ഒടുക്കുന്നുണ്ടോ എന്ന് വ്യക്തമല്ല | 1-20 |
| 21 | ഇ ടെണ്ടർ - ടെണ്ടർ ഫീ, ജി.എസ്.ടി. ഒടുക്കു വരുത്തുന്നതിലെ അപാകങ്ങൾ | 1-21 |
| 22 | സ്റ്റേറ്റ് കോക്കനട്ട് നഴ്സറി പാലയാട് ദൈനംദിന ചെലവുകൾ - 7,45,567/- രൂപയ്ക്കുള്ള വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല / പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ | 1-22 |
| 23 | പുഷ്പക്കൃഷി - മാർഗ്ഗരേഖ ലംഘിച്ച് പ്രോജക്ട് ഏറ്റെടുക്കൽ – ₹346032-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-23 |
| 24 | കാർഷിക യന്ത്രോപകരണ പരിശീലന കേന്ദ്രം- നടത്തിപ്പ് | 1-24 |

/

| | | | |
|---|---|---|---|
| 25 | .എ ബി സി പ്രോജക്ടിനു വേണ്ടി നിർമിച്ച കെട്ടിടം ഉപയോഗിക്കാനായില്ല.₹14,34,562/- പാഴ് ചെലവ് | 1-25 | |
| 26 | വിഭാവനം ചെയ്ത രീതിയിൽ പ്രോജക്ട് നടപ്പാക്കാനായില്ല.ആസൂത്രണത്തിലെയും നിർവഹണത്തിലെയും പോരായ്മ | 1-26 | |
| 27 | വെറ്ററിനറി കേന്ദ്രത്തിൽ ന്യായവില മെഡിക്കൽ ഷോപ്പ് - പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകങ്ങൾ | ₹1-27 | |
| 28 | ജില്ലാ പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിൽ പച്ചക്കറിക്കൃഷി - മാർഗ്ഗരേഖ നിർദ്ദേശം പാലിക്കാതെ | 1-28 | |
| 29 | ജില്ലാ കൃഷിത്തോട്ടം തളിപ്പറമ്പ-വിവിധ എഞ്ചിനീയറിംഗ് പ്രവൃത്തികൾ-പദ്ധതി പൂർത്തീകരിക്കാത്തത് | 1-29 | |
| 30 | സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ ഓഫീസ് കെട്ടിടത്തിന് അടിസ്ഥാന സൌകര്യം ഒരുക്കലും വൈദ്യുതീകരണ പ്രവൃത്തികളും-പദ്ധതി പൂർത്തീകരിക്കാത്തത് | 1-30 | |
| 31 | കോക്കനട്ട് നഴ്സറി , പാലയാട്-അടിസ്ഥാന സൌകര്യങ്ങൾ വർധിപ്പിക്കൽ-പൊളിച്ചു മാറ്റിയ സാധനങ്ങൾ -വില്പന നടത്തുന്നത് | 1-31 | |
| 32 | കാർഷിക യന്ത്രവൽക്കരണം-റബർ സഹകരണ സംഘങ്ങൾക്ക് ആനുകൂല്യങ്ങൾ നല്കിയത്-97864രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു | 1-32 | |
| 33 | സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ- വിത്തുണക്കൽ തറയുടെ വിപുലീകരണവും പഴയ കെട്ടിടം പൊളിച്ചു മാറ്റലും- പൊളിച്ചു മാറ്റിയ സാധനങ്ങളുടെ വില്പന സംബന്ധിച്ച് | 1-33 | |
| 34 | സ്ഥലലഭ്യത ഉറപ്പു വരുത്താതെ പദ്ധതികൾ തയ്യാറാക്കുന്നു | 1-34 | |
| 35 | റോഡ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നില്ല | 1-35 | |
| 36 | പിഴ ഈടാക്കിയതിൽ കുറവു വന്നത് | 1-36 | |
| 37 | ഐറ്റം റേറ്റ് കോൺട്രാക്ട്- വളരെ കൂടിയ നിരക്കിൽ ക്വാട്ട് ചെയ്യുന്നത് | 1-37 | |
| 38 | റോഡ് പ്രവൃത്തിയിൽ സംഭവിച്ച കേടുപാടുകൾ - തുടർനടപടികളുടെ വിവരം ഹാജരാക്കിയില്ല. | 1-38 | |
| 39 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-39 | |
| 40 | ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത സ്ഥാപനത്തിന് വേണ്ടി പ്രോജക്റ്റ് തയ്യാറാക്കൽ – ₹6,93,432-ന്റെ ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-40 | |
| 41 | ക്ഷീര സംഘം മുഖേന വിതരണം ചെയ്യുന്ന | 1-41 | |

/

| | | |
|---|---|---|
| | പാലിന് സബ്സിഡി - വിനിയോഗ പത്രപ്രകാരമുള്ള ബാക്കി തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ചില്ല. | |
| 42 | വാട്ടർ സ്പോർട്ട്സ് പരിശീലനം നൽകിയതിലെ ന്യൂനതകൾ – ₹30,000 തടസ്സപ്പെടുത്തുന്നു. | 1-42 |
| 43 | വന്യമൃഗ ശല്യംതടയാൻ ഗ്രാമപഞ്ചായത്തിന് ധനസഹായം - ചുമതലയിൽ പെടാത്ത ഇനത്തിന് പ്രോജക്ട് തയ്യാറാക്കൽ – ₹410000-ന്റെ ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-43 |
| 44 | ഇ-അറ്റൻഡൻസ് സംവിധാനം ലക്ഷ്യം കൈവരിച്ചില്ല – 45 ലക്ഷം പാഴ് ചെലവാക്കി -സർക്കാർ ഫണ്ടിന് നഷ്ടം വരുത്തി – 45,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-44 |
| 45 | ജില്ലാപഞ്ചായത്ത് അധീനതയിലുള്ള വിദ്യാലയങ്ങളിൽ സി സി ടി വി സ്ഥാപിക്കൽ - സർക്കാർ നിർദേശങ്ങൾ പാലിക്കുന്നില്ല | 1-45 |
| 46 | ക്ഷീര സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് സബ്സിഡി - നിരന്തര മോണിറ്ററിംഗ് നടത്തേണ്ടതാണ്. | 1-46 |
| 47 | സ്നേഹ ജ്യോതി കിഡ്നി പേഷ്യന്റ്സ് വെൽഫെയർ സൊസൈറ്റി വഴി മരുന്ന് വിതരണത്തിന് സർക്കാർ അനുമതി ലഭ്യമാക്കിയില്ല | 1-47 |
| 48 | മലബാർ കാൻസർ സെന്ററിന് മുൻകൂർ നൽകിയ ₹10,00,000 വിനിയോഗിച്ചിട്ടില്ല. | 1-48 |
| 49 | മരുന്നുകൾ ലഭ്യമാവാത്തതും സ്റ്റോക്ക് വിവരവും -സംബന്ധിച്ച് | 1-49 |
| 50 | മരുന്ന് വാങ്ങൽ - മുവുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല | 1-50 |
| 51 | സി.സി.ടി.വി. സ്ഥാപിക്കൽ നടപടി ക്രമത്തിലെ അപാകങ്ങൾ സംബന്ധിച്ച് | 1-51 |
| 52 | പട്ടികജാതിക്കാർക്കായുള്ള കേന്ദ്രീകൃത സാംസ്കാരിക തൊഴിൽ പരിശീലന കേന്ദ്രം - നിർവ്വഹണത്തിലെ അപാകങ്ങൾ – ₹ 32,55,000-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-52 |
| 53 | കുടിവെള്ള പദ്ധതികൾക്ക് വേണ്ടിയുള്ള ധനസഹായം -നിർവ്വഹണത്തിലെ അപാകങ്ങൾ | 1-53 |
| 54 | തുകനൽകി മാസങ്ങൾ കഴിഞ്ഞിട്ടും പട്ടികജാതി ഭവനസമുച്ചയം നിർമാണം ആരംഭിക്കാൻ പോലും സാധിച്ചിട്ടില്ല – ₹ 1,88,51,634 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-54 |
| 55 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ആർച്ചറി പരിശീലനം – ₹ 88,475-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-55 |
| 56 | പട്ടിക വർഗ്ഗ യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ നൽകൽ - | 1-56 |

/

| | | |
|---|---|---|
| | ഗുണഭോക്തൃവിഹിതം ₹ 12905 ഈടാക്കിയിട്ടില്ല – ₹ 229805/- രൂപ തടസ്സപ്പെടുത്തുന്നു. | |
| 57 | എസ്.ടി. കോളനികളിലെ വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ് – ₹ 17,00,000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-57 |
| 58 | വിനിയോഗ വിവരം ഹാജരാക്കിയില്ല | 1-58 |
| 59 | പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കുടിവെള്ള പദ്ധതികൾക്ക് കണ്ണൂർ ജില്ലയിലെ വിവിധ പഞ്ചായത്തുകൾക്ക് ധനസഹായം നൽകൽ-വിനിയോഗ വിവരം,മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല – ₹ 15,00,000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-59 |
| 60 | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ്-വിനിയോഗ പത്രം ലഭ്യമാക്കിയില്ല. | 1-60 |
| 61 | കാർഷിക സ്വയംപര്യാപ്തഗ്രാമങ്ങൾ-വിനിയോഗ പത്രം ലഭ്യമാക്കിയി’ല്ല | 1-61 |
| 62 | വിനിയോഗ പത്രം ലഭ്യമാക്കാത്ത പ്രോജക്ടുകൾ | 1-62 |
| | **ഭാഗം-2 – വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ – ചാർജ് ചെയ്യാവുന്നവ – ഇല്ല** | |
| | **ഭാഗം-3 – ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ – സർചാർജ് ചെയ്യാവുന്നവ – ഇല്ല** | |
| | ഭാഗം – 4 -പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 65 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരങ്ങൾ | 4-1 |
| 66 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 67 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 68 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ | 4-4 |
| 69 | വായ്പ , വായ്പ തിരിച്ചടവ് | 4-5 |
| 70 | സ്ഥിരനിക്ഷേപങ്ങൾ, ഇൻവെസ്റ്റ്മന്റുകൾ സ്ഥിരനിക്ഷേപങ്ങൾ, ഇൻവെസ്റ്റ്മന്റുകൾ സ്ഥിരനിക്ഷേപങ്ങൾ, ഇൻവെസ്റ്റ്മന്റുകൾ | 4-6 |
| 71 | ഓഡിറ്റ് റിക്കവറി | 4-7 |
| 72 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 73 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 74 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 75 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധ പത്രികകൾ | |
| 76 | സാക്ഷ്യപത്രം | അനുബന്ധം-1 |

/

| | | |
|---|---|---|
| 77 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 78 | ഇൻകം & എക്സ്പെന്ററിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 79 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2018-19 വാർഷിക ബജറ്റ് 17.3.2018 ന് രാവിലെ 10.30 മണിക്ക് ചേർന്ന ഭരണസമിതി യോഗത്തിൽ 34/18 നമ്പർ തീരുമാന പ്രകാരം അവതരിപ്പിക്കുകയും അന്നു തന്നെ ഉച്ചക്ക് 2 മണിക്ക് ചേർന്ന ഭരണസമിതി യോഗത്തിൽ 35/18(2) നമ്പർ തീരുമാന പ്രകാരം ജില്ലാ പഞ്ചായത്ത് ഭരണ സമിതി അംഗീകരിക്കുകയും ചെയ്തു. പുതുക്കിയ ബജറ്റ് 11.02.19 തീയ്യതിയിലെ 11/2019 തീരുമാന പ്രകാരം പാസ്സാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| പ്രാരംഭബാക്കി | 105500000 | 105500000 |
| പ്രതീക്ഷിത വരവ് | 1143793000 | 1356137416 |
| ആകെ വരവ് | 1249293000 | 1461637416 |
| പ്രതീക്ഷിത ചെലവ് | 1128909500 | 1363591416 |
| നീക്കിയിരിപ്പ് | 120383500 | 98046000 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് ഉപവകുപ്പ്-1 അനുസരിച്ച് അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15 ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച്, തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണമെന്നും മാർച്ച് 31-നകം പാസ്സാക്കണമെന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് ഉപവകുപ്പ് -1(എ) 1 നിഷ്കർഷിക്കുന്നുണ്ടെങ്കിലും മാർച്ച് മാസത്തിലെ രണ്ടാമത്തെ ആഴ്ചയിലാണ് ബജറ്റ് അവതരിപ്പിക്കുകയും പാസ്സാക്കുകയും ചെയ്തത്. ഒരേ ദിവസം തന്നെ ബജറ്റ് അവതരിപ്പിക്കുകയും പാസ്സാക്കുകയും ചെയ്യുമ്പോൾ ഭരണസമിതി അംഗങ്ങൾക്ക് ബജറ്റ് നിർദ്ദേശങ്ങൾ ശരിയാംവിധം പഠിക്കുവാനും നിർദ്ദേശങ്ങൾ അവതരിപ്പിക്കുവാനും ആവശ്യമായ സമയം ലഭിക്കാതിരിക്കുകയും തന്മൂലം തെറ്റായ നിർദ്ദേശങ്ങൾ ബജറ്റിൽ കടന്നുകൂടാൻ ഇടവരികയും ചെയ്യുന്നതാണ്. 214-ാം വകുപ്പ് ഉപവകുപ്പ് -1 (എ) 7 പ്രകാരം ബജറ്റിന്റെ പകർപ്പ് ഓഡിറ്റിന് അയച്ചുകൊടുക്കേണ്ടതാണെന്ന നിയമപരമായ ബാധ്യത നിറവേറ്റിയിട്ടില്ല.

/

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2019 | 20-07-2019 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയ്യതി |
|---|---|---|
| 2018-19 | 06-08-19 മുതൽ 07-08-19 വരെ | കെ.എസ്.എ/ കെ.എൻ.ആർ/ സി.17/ 1429/2019 തീ.24.08.2019 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6,15,17,994.60 |
| വരവ് | 1,08,90,01,764.00 |
| ആകെ | 1,15,05,19,758.60 |
| ചെലവ് | 96,19,24,498.00 |
| നീക്കിയിരിപ്പ് | 18,85,95,260.60 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 450168000 | 450168000 | 418195322 | 31972678 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 49508000 | 49508000 | 37661835 | 11846165 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 30171000 | 30171000 | 28382803 | 1788197 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 404848000 | 404848000 | 265199228 | 139648772 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 77665000 | 77665000 | 60985214 | 16679786 |

/

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | 8034000 | 100000 | 8134000 | 4174222 | 3959778 |
| തനത് ഫണ്ട് -ടിഎസ്ബി | 12447408 | 220799680 | 233247088 | 157439705 | 75807383 |
| മറ്റിനം (ഗുണഭോക്തൃ വിഹിതം) | 862212 | 1642550 | 2454021 | 50741 | 2454021 |
| എസ്.ബി.ഐ | 37913199 | 55220467 | 93133666 | 26149136 | 66984530 |

ഈ റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 1-10 കൂടി കാണുക

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് എണ്ണം | പദ്ധതി അടങ്കൽ | നടപ്പാ-ക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തത് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം |
|---|---|---|---|---|---|---|
| 758 | 1725322165 | 677 | 850347642 | 397 | 81 | 280 |

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ**

| ക്രമ. നം | പ്രൊജക്ട് നംമ്പർ | പ്രവൃത്തിയുടെ പേര് |
|---|---|---|
| 1 | 416 | സയൻസ് ഫെസ്റ്റ് |
| 2 | 73 | കണ്ണൂർ ഗെയിംസ് ഫെസ്റ്റിവൽ |
| 3 | 75 | കേരളോത്സവം 2018-19 |

## 1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.12.19 ന് സ്ഥാപനത്തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,16,146 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.
ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടുമാരുടെ സിറ്റിംഗ് ഫീ നൽകുന്നതിനായി 2017 ഡിസംബർ മുതൽ 2019 നവംബർ വരെ പിൻവലിച്ച തുകയിൽ ഇനിയും കൈപ്പറ്റാൻ ബാക്കി വന്ന തുക 6575 രൂപ ക്യാഷായി ചെസ്റ്റിൽ സൂക്ഷിക്കുന്നുണ്ട്. പ്രസ്തുത തുക തിരിച്ചടക്കേണ്ടതാണ്.

## 1-8 ആഭ്യന്തര നിയന്ത്രണം

ജീവനക്കാരുടെ ചുമതലകൾ 01.10.18 ലെ 10/18നമ്പർ ഓഫീസ് ഉത്തരവ് വഴി വ്യക്തമായി വിഭജിച്ച് നൽകുകയും ഓഫീസ് പ്രവർത്തനം സാമാന്യം നിരാക്ഷേപമായും കാര്യക്ഷമമായും നടത്തിവരികയും ചെയ്യുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ പ്രതിമാസ യോഗം 11 തവണ ചേർന്നിട്ടുണ്ട്. 2018 ഏപ്രിൽ, ആഗസ്റ്റ് മാസങ്ങളിൽ രണ്ട് വീതം യോഗങ്ങൾ ചേർന്നിട്ടുണ്ടെങ്കിലും 2019ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ജീവനക്കാരുടെ പ്രതിമാസ യോഗം ചേർന്നിട്ടില്ല. എല്ലാ മാസവും ജീവനക്കാരുടെ പ്രതിമാസ യോഗം കൃത്യമായി ചേരുവാൻ

ശ്രദ്ധിക്കേണ്ടതാണ്. സൂചികാ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനാൽ ജീവനക്കാർ തൻ പതിവേട് പ്രത്യേകം എഴുതി സൂക്ഷിച്ചിട്ടില്ല. ജനങ്ങൾക്ക് പ്രയോജനകരമാകുംവിധത്തിൽ ഫ്രണ്ട് ഓഫീസ്സിൽ ഭൗതിക സാഹചര്യം ഒരുക്കിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ്സ് ജീവനക്കാരുടെ ചുമതലാ പട്ടിക തയ്യാറാക്കുകയും അതനുസരിച്ച് ചുമതലാനിർവ്വഹണം നടക്കുകയും ചെയ്യുന്നുണ്ട്.

ഭരണസമിതി മിനുട്സ് രജിസ്റ്ററിൽ എഴുതിതയ്യാറാക്കുകയോ ഓൺലൈനിൽ ആക്കുകയോ ചെയ്യുന്നതിന് പകരം കംപ്യൂട്ടറിൽ തയ്യാറാക്കി പ്രിന്റെടുത്ത് സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് ശരിയായ നടപടിയല്ല. 3.12.2015 ലെ സ.ഉ(സാധാ.)നം3630/2015 തസ്വഭവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി യോഗങ്ങൾ ഓൺലൈൻ ആക്കുന്നതിന് വേണ്ടി ഐ.കെ.എം വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സംസ്ഥാനത്തെ എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളിലും വിന്യസിക്കുന്നതിനുള്ള അനുമതി നൽകിയിരുന്നു. സകർമ്മ ഓൺലൈൻ ആപ്ലിക്കേഷൻ ഉപയോഗിച്ച് മിനുട്സ് തയ്യാറാക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കുവാൻ 20.12.2019 ലെ 59-ാം നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും, റോഡുകളുടേയും കെട്ടിടങ്ങളുടേയും വിവരങ്ങൾ യഥാസമയം ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കാറുണ്ടെന്നും കൂത്തുപറമ്പ് മുൻസിഫ് കോടതിയുടെ ആവശ്യാർത്ഥം ആസ്തി രജിസ്റ്റർ കോടതിക്ക് മുമ്പാകെ സമർപ്പിച്ചിരിക്കയാണെന്നുമുള്ള മറുപടിയാണ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും നൽകിയത്. ആസ്തി രജിസ്റ്റർ സചിത്ര ആപ്ലിക്കേഷനിൽ തയ്യാറാക്കേണ്ടതാണ്. അതുപോലെ ഫർണ്ണിച്ചർ, കമ്പ്യൂട്ടറുകൾ, ഫോട്ടോസ്റ്റാറ്റ് മെഷിനുകൾ മറ്റ് ഉപകരണങ്ങൾ എന്നിവയുടെ വാർഷിക സ്റ്റോക്കെടുപ്പ് നടത്തിയിട്ടില്ല എന്ന് ജില്ലാപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അവ വാങ്ങിയ വർഷം തിരിച്ച് നമ്പറുകൾ നൽകിയിട്ടില്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട പ്രോജക്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ അക്കൗണ്ടുകൾ ഓഡിറ്റിന് ലഭ്യമാക്കണം.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 173 എ വകുപ്പ്, 254 -ാം വകുപ്പ് (1) ഉപവകുപ്പ്, 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9 എന്നിവ പ്രകാരം കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ അക്കൗണ്ടുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിനുള്ള നടപടിയെടുക്കേണ്ടതാണ്

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.01.19 മുതൽ 06.02.2019 വരെ | 2018-19 വർഷത്തെ പദ്ധതി നിർവ്വഹണ പുരോഗതി. | 11.06.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.06.18 മുതൽ 07.07.18 വരെ | 2016-17 മുതൽ 2017-18 വരെ | 01.08.18 |

## 1-10 വാർഷിക കണക്കിലെ അപാകങ്ങൾ

1)ബാലൻസ് ഷീറ്റ് B-2 ഷെഡ്യൂളിൽ കോഡ് നമ്പർ 311710199 ൽ രേഖപ്പെടുത്തിയ 10 ലക്ഷം രൂപയുടെ വിശദവിവരം വ്യക്തമാക്കിയിട്ടില്ല.

2)വാടക ഇനത്തിലെ ഡിമാന്റ്(42255841) ,കളക്ഷൻ(4602436) ,ബാലൻസ്

(-204575) എന്നിവ പരസ്പരം പൊരുത്തപ്പെടുന്നില്ല.

3) ബി-4 ഷെഡ്യൂളിൽ Centrally Sponsored Scheme Sarva Siksha Abhiyan (SSA) ഇനത്തിലെ തുകയും ബി-17 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4)സംയുക്ത പ്രോജക്ട് ഇനത്തിൽ ബി-4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയും ബി-17 ലെ ടി എസ് ബി അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയായ 38,59,778/- യുമായി പൊരുത്തപ്പെടുന്നില്ല.

5) ബി-4 ഷെഡ്യൂളിലിലെ കോഡ് നം നം320400199,320600101എന്നിവയിൽ 40,00,000/- രൂപ വീതം രേഖപ്പെടുത്തിയ തുകയുടെ വിവരം പരിശോധിക്കാനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

6) NABARD ASSISTANCE ഇനത്തിൽ ലഭിച്ച വരവിന്റേയും ചെലവിന്റേയും നീക്കിയിരിപ്പിന്റേയും വിവരം പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

7)ബാലൻസ് ഷീറ്റിലെ സി-7 ഷെഡ്യുളിലെ ഡെപ്പോസിറ്റ് ഇനങ്ങളുടെ കൃത്യത പരിശോധിക്കുവാൻ ആവശ്യമായ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

9)ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ Refund payable profession Tax Employees ഇനത്തിൽ 16,750/- രൂപയും RP(1) സ്റ്റേറ്റ്മെന്റിൽ 19,250/- രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കുവാൻ ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

10) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

11)2017-18 വർഷത്തിലെ B-11(a) ഷെഡ്യുൾ Capital Work in Progress പ്രകാരമുള്ള തൻവർഷം ആസ്തിയിലേക്ക് മാറ്റിയതിന്റെ ഇനങ്ങളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

12)RP-7 Revenue Grants,Funds & Contributions for Specific Purposes എന്ന ഷെഡ്യൂൾ പ്രകാരം ലഭിച്ച തുക വെബ് സാംഖ്യ എസിആർ പ്രകാരം ലഭിച്ച തുക, സുലേഖ ചെലവ് സ്റ്റേറ്റ് പ്രകാരം ചെലവ് ചെയ്ത തുക എന്നിവ പരസ്പരം പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ് | എ സി ആർ പ്രകാരമുള്ള വരവ് | സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|---|
| വികസനഫണ്ട് ജനറൽ | 408729979 | 418195322 | 418018455 |
| വികസനഫണ്ട് എസ് സി പി | 35461835 | 37661835 | 37661835 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 261507019 | 265199228 | 265199228 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 59336779 | 60985214 | 60985214 |

13)ട്രഷറി സേവിംഗ് ബാങ്ക് അക്കൗണ്ട് എന്നിവയിലെ പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് വാർഷിക ധനകാര്യപത്രികയിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

| ട്രഷറി/ബാങ്ക് പാസ് ബുക്ക് നം | പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | വാർഷിക ധനകാര്യപത്രിക ബി-17,ആർപി 40(ബി) പ്രകാരമുള്ള നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|---|

/

| | | | |
|---|---|---|---|
| 719011400000145 ട്രഷറി | 121481473 | 110594115 | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല |
| സിണ്ടിക്കേറ്റ് ബാങ്ക് അക്കൗണ്ട് നം 2001 | 3999966 | 3999956 | |

14)ബാലൻസ് ഷീറ്റ് B-12 Investment General Fund പ്രകാരം 16,05,832/- രൂപ നീക്കിയിരിപ്പുണ്ട്. ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

15)B-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ അഡ്വാൻസായി നൽകിയ തുകകളുടെ വിശദവിവരം പരിശോധിക്കാനായുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

16)Income & Expenditure Statement ഷെഡ്യൂൾ I-5(b) ലെ Sale from Agicultural Farm എന്ന ഇനത്തിൽ 24286943 രൂപ വരവിന്റെ വിശദ വിവരം പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

17) Income & Expenditure Statement ലെ ഷെഡ്യൂൾ I-18 ന്റെ Prior Period Items എന്ന ഇനത്തിൽ രേഖപ്പെടുത്തിയ തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

18)സംയുക്ത പ്രോജക്ട് ഇനത്തിലെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ വാർഷിക ധനകാര്യപത്രികയും സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല

19)RP-40(b) ഷെഡ്യൂളിൽ രേഖപ്പെടുത്തിയ എസ്.ബി.ഐ ഇ-ടെണ്ടർ അക്കൗണ്ടിന്റെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാനായുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

20)2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 57 നിഷ്കർഷിച്ചിട്ടുള്ള പ്രതിമാസ ബാങ്ക്/ട്രഷറി അക്കൗണ്ട് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

## 1-11 ഗ്രാമസഭ

1994 ലെ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3 അനുസരിച്ചുള്ള ഗ്രാമസഭക്ക് തുല്യമായ യോഗം 17.02.18ന് നടത്തിയിട്ടുണ്ട്. ജില്ലാപഞ്ചായത്തിലെ ജനപ്രതിനിധികൾ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടുമാർ, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിങ് കമ്മിറ്റി ചെയർ പേഴ്സൺമാർ, ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടുമാർ, ബ്ലോക്ക് പഞ്ചായത്തിലെ ആസൂത്രണ സമിതി ഉപാദ്ധ്യക്ഷൻമാർ, ജില്ലാ പഞ്ചായത്തിലെ വർക്കിങ്ങ് ഗ്രൂപ്പ് കൺവീനർമാർ തുടങ്ങി ആകെ 305 പേരാണ് പങ്കെടുക്കേണ്ടിയിരുന്നത്. എന്നാൽ ഗ്രാമസഭയിൽ 137 പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത് (44.91%.)

## 1-12 വർക്കിംങ് ഗ്രൂപ്പും മോണിറ്ററിംങ് കമ്മിറ്റിയും

ജില്ലാ പഞ്ചായത്ത് 09.01.17 ലെ ജി.ഒ(എം.എസ്)നം.10/2017/തസ്വഭവ യിലെ നിർദ്ദേശാനുസരണം 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർഷത്തിൽ ശരാശരി മൂന്ന് യോഗങ്ങൾ വർക്കിംങ് ഗ്രൂപ്പുകൾ ചേർന്നിട്ടുണ്ട്. വാർഷിക പദ്ധതി നിർദ്ദേശങ്ങൾ രൂപീകരിക്കുകയും ബന്ധപ്പെട്ട സ്റ്റാന്റിംങ് കമ്മിറ്റികളുടെ അംഗീകാരത്തിന് സമർപ്പിക്കുകയുംചെയ്തിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 2.4 (6),(9)(12)(15)(17) എന്നിവയിൽ പ്രതിപാദിച്ച ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംങ് ഗ്രൂപ്പുകൾ കുറേക്കൂടി ഫലപ്രദമായി പ്രവർത്തിക്കേണ്ടതുണ്ട്. പദ്ധതി അംഗീകരിച്ചതിന് ശേഷം വർക്കിംങ് ഗ്രൂപ്പുകൾ മോണിറ്ററിംങ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യണം എന്ന ഉത്തരവ് (ഖണ്ഡിക 2.4 (15)) കൃത്യമായി പാലിക്കപ്പെട്ടിട്ടില്ല. മോണിറ്ററിംങ് ഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വർക്കിംങ് ഗ്രൂപ്പിൽ നിന്ന് ഒഴിവാകുകയും (2.4 (17) ) മറ്റൊരു ഉദ്യോഗസ്ഥനെ മോണിറ്ററിംങ് കമ്മിറ്റി കൺവീനർ ആക്കി തീരുമാനിക്കുകയും വേണം. നിർവ്വഹണം പൂർത്തിയായ ശേഷവും തുടർച്ചയായ മോണിറ്ററിംങ് ആവശ്യമായ പ്രോജക്ടുകൾക്ക് അതിന് ആവശ്യമായ സംവിധാനം ഒരുക്കേണ്ടതാണ്. (ഉദാ:- ഇ -അറ്റന്റൻസ് പ്രോജക്ട്, ഗ്രിഡ് ബന്ധിത സോളാർ വൈദ്യുത പ്രോജക്ട് തുടങ്ങിയവ)

## 1-13 ജില്ലാ പഞ്ചായത്ത് വികസന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന കഫേശ്രീ യൂനിറ്റിൽ നിന്നും വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

1. ജില്ലാ പഞ്ചായത്ത് വികസന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന കഫേശ്രീ യുണിറ്റ് എന്ന സ്ഥാപനത്തിൽ നിന്നും വാടക കുടിശ്ശിക ഈടാക്കിയില്ല. 19.06.2019 തിയ്യതിയിലെ ജില്ലാ പഞ്ചായത്ത് കെട്ടിട വാടക സംബന്ധിച്ച എഗ്രിമെന്റ് പ്രകാരം കഫേശ്രീ യുണിറ്റിന് 35505/- രൂപയാണ് പ്രതിമാസ വാടക നിശ്ചയിച്ചിട്ടുള്ളത്. കഫേശ്രീ യുണിറ്റിൽ നിന്നും നടപ്പു വർഷം ജനുവരി, ഫെബ്രവരി, മാർച്ച് മാസത്തെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല. 2015-16 സാമ്പത്തിക വർഷത്തിൽ ജുലായ് ആഗസ്റ്റ് സെപ്റ്റംബർ മാസത്തിലെ കുടിശ്ശിക തുകയും പിഴയും കഫേശ്രീ യുണിറ്റിൽ നിന്നും ഈടാക്കിയിട്ടില്ല.

| സ്ഥാപനം | മാസം | *കുടിശ്ശിക* |
|---|---|---|
| കഫേശ്രീ | ജുലായ് 2015 | 35505 |
| | ആഗസ്റ്റ് 2015 | 35505 |
| | സെപ്റ്റംബർ 2015 | 35505 |
| | ജനുവരി 2019 | 35505 |
| | ഫെബ്രവരി 2019 | 35505 |
| | മാർച്ച് 2019 | 35505 |
| **ആകെ** | | **213030** |

വാടക കുടിശ്ശിക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 11.11.2019 ലെ 17-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി പരിഗണിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ചട്ടുകപ്പാറ വനിതാ എസ്റ്റേറ്റ് എന്നീ സ്ഥാപനങ്ങളുടെ വാടക കുടിശ്ശിക സംബന്ധിച്ച പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

കഫേശ്രീയുടെ വാടകയിനത്തിൽ ലഭിക്കേണ്ടുന്ന കുടിശ്ശിക തുക രണ്ട് ഗഡുക്കളായി അടയ്ക്കുന്നതാണെന്നു കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ അറിയിച്ചതായി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

## 1-14 ദൈനംദിന പിരിവുകൾ ജില്ലാ പഞ്ചായത്തിൽ ഒടുക്കുന്നതിന് കാലതാമസം .

സയൻസ് പാർക്ക്, കൃഷി ഫാം കാങ്കോൽഎന്നീ സ്ഥാപനങ്ങളുടെ ദൈനംദിന കളക്ഷനുകൾ ജില്ലാ പഞ്ചായത്തിൽ ഒടുക്കുന്നതിൽ കാലതാമസം വരുത്തിയിട്ടുണ്ട്. വിശദ വിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

**സയൻസ് പാർക്ക്**

| ക്രമ നം | പിരിവ് കാലയളവ് | തുക | തുക ജില്ലാ പഞ്ചായത്തിൽ ഒടുക്കിയ തിയ്യതി |
|---|---|---|---|
| 1 | 01.4.18 മുതൽ 25.4.18 വരെ | 19130 | 10.05.18 |
| 2 | 27.4.18 മുതൽ 10.5.18 വരെ | 11770 | 16.5.18 |
| 3 | 11.5.18 മുതൽ 22.5.18 വരെ | 12320 | 1.6.18 |
| 4 | 21.6.18 മുതൽ 30.6.18 വരെ | 8740 | 18.7.18 |
| 5 | 14.7.18 | 530 | 3.8.18 |
| 6 | 1.8.19 മുതൽ 31.8.19 വരെ | 6280 | 20.9.19 |
| | | | |

/

| | | | |
|---|---|---|---|
| 7 | 27.7.19 മുതൽ 31.7.19 വരെ | 6700 | 31.8.19 |
| 8 | 18.7.19 മുതൽ 26.7.19 വരെ | 16770 | 14.8.19 |
| 9 | 25.6.19 മുതൽ 17.7.19 വരെ | 6130 | 27.7.19 |
| 10 | 1.6.19 മുതൽ 24.6.19 വരെ | 8630 | 27.7.19 |

സയൻസ് പാർക്കിന്റെ ദൈനംദിന കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഉപയോഗിക്കാത്ത രസീതികൾ തനതു സാമ്പത്തിക വർഷാവസാനം ക്യാൻസൽ ചെയ്യേണ്ടതാണ്. ഒരു രസീതി ബുക്ക് ഉപയോഗിച്ച് തീരുന്നതിന് മുമ്പ് മറ്റൊന്ന് ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. ക്യാഷ് ബുക്കിൽ പെൻസിൽ കൊണ്ട് രേഖപ്പെടുത്തുന്നത് ഒഴിവാക്കേണ്ടതാണ്.

**സ്റ്റേറ്റ് സീഡ് ഫാം,കാങ്കോൽ**

| ക്രമ നം. | പിരിവ് കാലയളവ് | തുക | തുക ജില്ലാ പഞ്ചായത്തിൽ ഒടുക്കിയ തിയ്യതി |
|---|---|---|---|
| 1 | 17.4.18 മുതൽ 26.4.18 വരെ | 86691 | 28.4.18 |
| 2 | 27.4.18 മുതൽ 19.5.18 വരെ | 115445 | 21.5.18 |
| 3 | 21.5.18 മുതൽ 31.5.18 വരെ | 34404 | 1.6.18 |
| 4 | 1.6.18 മുതൽ 19.6.18 വരെ | 77169 | 20.6.18 |
| 5 | 20.6.18 മുതൽ 6.7.18 വരെ | 26448 | 7.7.18 |
| 6 | 7.7.18 മുതൽ 28.7.18 വരെ | 56085 | 30.7.18 |
| 7 | 29.7.18 മുതൽ 4.8.18 വരെ | 19772 | 8.8.18 |
| 8 | 5.8.18 മുതൽ 10.8.18 വരെ | 50485 | 14.8.18 |
| 9 | 11.8.18 മുതൽ 4.9.18 വരെ | 40741 | 6.9.18 |
| 10 | 5.9.18 മുതൽ 22.9.18 വരെ | 87860 | 25.9.18 |
| 11 | 23.9.18 മുതൽ 22.10.18 വരെ | 108606 | 24.10.18 |
| 12 | 23.10.18 മുതൽ 21.11.18 വരെ | 98143 | 24.11.18 |
| 13 | 22.11.18 മുതൽ 19.12.18 വരെ | 87776 | 22.12.18 |
| 14 | 20.12.18 മുതൽ 3.1.19 വരെ | 23518 | 5.1.19 |
| 15 | 4.1.10 മുതൽ 30.1.19 വരെ | 106117 | 1.2.19 |

| | | | | |
|---|---|---|---|---|
| 16 | 1.2.19 മുതൽ 26.2.19 വരെ | 109971 | 28.2.19 | |
| 17 | 27.2.19 മുതൽ 28.3.19 വരെ | 99295 | 29.3.19 | |

കാങ്കോൽ കൃഷി ഫാമിൽ ദൈനംദിന കളക്ഷൻ രജിസ്റ്ററും സ്റ്റോക്ക് രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല. ക്യാഷ് ബുക്കിൽ വൈറ്റ്നർ ഉപയോഗിച്ച് തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. ഇത് ഒഴിവാക്കേണ്ടതാണ്.

ദൈനംദിന കളക്ഷനുകൾ അതാത് ദിവസങ്ങളിൽ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ജില്ലാ പഞ്ചായത്തിൽ ഒടുക്കുന്നതിനുള്ള ഓൺലൈൻ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്.

## 1-15 ജില്ലാ പഞ്ചായത്തിന് കീഴിലുള്ള കൃഷി ഫാമുകളുടെ വരവ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

**1)കോക്കനട്ട് നഴ്സറി പാലയാട് രശീതി പരിശോധനയിൽ കണ്ട അപാകങ്ങൾ**

i). ജില്ലകളിൽ പ്രവർത്തിക്കുന്ന കോക്കനട്ട് നഴ്സറികളിൽ തെങ്ങിൻതൈകൾ ഉല്പാദിപ്പിക്കുന്നതിന് കൃഷി വകുപ്പിലെ സംഭരണ കേന്ദ്രങ്ങളിൽ നിന്നും കൃഷി വകുപ്പ് തുക വിനിയോഗിച്ച്, വിത്ത് തേങ്ങ സംഭരിച്ചാണ് വിതരണം ചെയ്യുന്നത് എന്നതിനാൽ തെങ്ങിൻ തൈയുടെ വില ജില്ലാ പഞ്ചായത്തിൽ ഒടുക്കാതെ സ്കീം ശീർഷകത്തിൽ ഒടുക്കാൻ 08-02-2018 ലെ റ്റി.എച്ച് (2) 41730/17 കത്ത് പ്രകാരം കൃഷി ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ തെങ്ങിൻ തൈയുടെ വില ചെലാൻ പ്രകാരം ട്രഷറിയിലാണ് ഒടുക്കി വരുന്നത്. എന്നാൽ ആദ്യ മാസങ്ങളിൽ ജില്ലാ പഞ്ചായത്തിൽ നിന്നും നൽകിയ രശീതിയിൽ തുക ഈടാക്കി വരികയും അവ ട്രഷറിയിൽ ഒടുക്കുകയുമാണ് ചെയ്തിട്ടുള്ളത് . എന്നാൽ താഴെ പറയുന്ന രശീതി പ്രകാരം വന്ന വരവുകൾ ട്രഷറിയിൽ ഒടുക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | രശീതി നമ്പർ / തീയതി | തുക |
|---|---|---|
| 1 | 1132/34 dtd 11-05-18 | 4028 |
| 2 | 1132/56 dtd 26-05-18 | 42750 |
| 3 | 1133/ 94 dtd 27-06-18 | 750 |
| 4 | 1133/ 96 dtd 27-06-18 | 875 |
| 5 | 1133/ 97 dtd 27-06-18 | 1875 |
| 6 | 1133/ 98 dtd 27-06-18 | 375 |
| 7 | 1133/ 100 dtd 27-06-18 | 1875 |
| | ആകെ | 52528 |

ii).രശീതി നമ്പ്ര 1181505000019 തീയതി 05-06-2018 പ്രകാരം ₹10,00,000 സ്പെഷൽ ടി.എസ്.ബി. ചെക്ക് ( ചെക്ക് നം 2815301 തീയതി 05-06-2018) ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഏതിനത്തിലുള്ള തുകയാണ് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

iii). നഴ്സറിയിൽ നിന്ന് വിവിധ കൃഷി ഭവനുകൾക്ക് വിത്തുകൾ, തൈകൾ എന്നിവ നൽകിയ വകയിൽ 2017-18 വരെ ലഭിക്കാനുള്ള തുകയുടെ വിവരം (2017-2018 ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള വിവരം) താഴെ കൊടുക്കുന്നു .

| ക്രമനം | വർഷം | ലഭിക്കാൻ ബാക്കിയുള്ള തുക |
|---|---|---|
| 1 | 2015-16 | 68150 |
| 2 | 2016-17 | 17500 |
| 3 | 2017-18 | 2885636 |
| ആകെ | | 2971286 |

/

ഇൻവോയ്സ് റജിസ്റ്ററിൽ ലഭിച്ച തുകയുടെ വിശദമായ വിവരവും വാർഷിക സംക്ഷിപ്തവും എഴുതി സൂക്ഷിക്കാത്തതിനാൽ ലഭിക്കാനുള്ള തുകയുടെ വിവരം കൃത്യമല്ല. ആയതിനാൽ മേൽ തുകയിൽ എത്ര രൂപ 16-11-2019 വരെ പിരിച്ചെടുത്തിട്ടുണ്ട് എന്നുള്ള വിവരം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കേണ്ടതാണ്.

iv). 2018-19 സാമ്പത്തിക വർഷം മുതൽ തെങ്ങിൽ തൈകളുടെ വില കൃഷി വകുപ്പിലാണ് ഒടുക്കി വരുന്നത് .എന്നാൽ മുൻകൂറായി നൽകുന്ന തൈകളുടെ വിവരം കാണിക്കുന്ന ഇൻവോയ്സ് രജിസ്റ്റർ ജില്ലാ പഞ്ചായത്തിനും, കൃഷി വകുപ്പിനും വേണ്ടി ഒന്നു തന്നെയാണ് സൂക്ഷിക്കുന്നത്. ഇൻവോയ്സ് രജിസ്റ്റർ വോള്യം III പേജ് 66 ഇൻവോയ്സ് 99 മുതൽ പരിശോധിച്ചതിൽ തെങ്ങിൽ തൈകളുടേത് ഒഴികെ ജില്ലാ പഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനം | ഇനം | ലഭിക്കേണ്ട തുക |
|---|---|---|---|
| 1 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | പുളി,വേപ്പ്,നെല്ലി | 349000 |
| 2 | കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് | പുളി,വേപ്പ്,നെല്ലി | 56000 |
| 3 | എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | പുളി,വേപ്പ്,നെല്ലി | 58600 |
| 4 | ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | പുളി,വേപ്പ്,നെല്ലി | 30000 |
| 5 | പാനൂർ ബ്ലോക്ക് പഞ്ചായത്ത് | പുളി,വേപ്പ്,നെല്ലി | 60200 |
| 6 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | പുളി,വേപ്പ്,നെല്ലി | 30000 |
| 7 | കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് | പുളി,വേപ്പ്,നെല്ലി | 7500 |
| 8 | മറ്റുള്ളവ | പുളി,വേപ്പ്,നെല്ലി | 77750 |
| 9 | വിവിധ കൃഷി ഭവനുകൾ | പൂച്ചെടികൾ | 204750 |
| 10 | വിവിധ കൃഷി ഭവനുകൾ | കുരുമുളക് തൈകൾ | 186600 |
| 11 | പാനൂർ ബ്ലോക്ക് പഞ്ചായത്ത് | ഞാവൽ | 222900 |
| 12 | പാനൂർ ബ്ലോക്ക് പഞ്ചായത്ത് | ഗ്രോബാഗ് | 442500 |
| 13 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | ഗ്രോബാഗ് | 225000 |
| 14 | എരഞ്ഞോളി കൃഷി ഭവൻ | ഗ്രോബാഗ് | 12000 |
| 15 | കൂത്താളി DAF | കശുമാവ് തൈ | 18000 |
| 16 | ന്യൂമാഹി കൃഷി ഭവൻ | ഗ്രോബാഗ് | 37500 |
| 17 | എരഞ്ഞോളി കൃഷി ഭവൻ | ഗ്രോബാഗ് | 37500 |
| 18 | ധർമ്മടം കൃഷി ഭവൻ | പച്ചക്കറി തൈകൾ | 13502 |
| 19 | എരഞ്ഞോളി കൃഷി | പച്ചക്കറി | 13502 |

/

| | ഭവൻ | തൈകൾ | |
|---|---|---|---|
| 20 | കണ്ണൂർ ജില്ലാ പഞ്ചായത്ത് (20 സ്കൂളുകൾക്ക്) | ഗ്രോബാഗ് | 82000 |
| 21 | മുഴക്കുന്ന് കൃഷി ഭവൻ | കശുമാവ് തൈ | 24000 |
| 22 | മുഴപ്പിലങ്ങാട് കൃഷി ഭവൻ | കശുമാവ് തൈ | 45000 |
| 23 | കോളയാട് കൃഷി ഭവൻ | കശുമാവ് തൈ | 21000 |
| 24 | മുഴപ്പിലങ്ങാട് കൃഷി ഭവൻ | കശുമാവ് തൈ | 313600 |
| 25 | പാനൂർ കൃഷി ഭവൻ | കശുമാവ് തൈ | 21000 |
| 26 | കരിയാട് കൃഷി ഭവൻ | കശുമാവ് തൈ | 9000 |
| 27 | പെരിങ്ങളം കൃഷി ഭവൻ | കശുമാവ് തൈ | 9000 |
| 28 | പായം കൃഷി ഭവൻ | ഗ്രോബാഗ് | 160000 |
| ആകെ | | | 2767404 |

ക്രമനമ്പർ 20 പ്രകാരമുള്ള തുക ജില്ലാപഞ്ചായത്ത് പ്രോജക്ട് നമ്പർ 351/19 പ്രകാരം വാങ്ങിയതാണ്. ഇതിന്റെ തുക വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് ഡെപ്യൂട്ടി ഡയരക്ടർ, കൃഷി, പ്രിൻസിപ്പൽ കൃഷി ഓഫീസ് കണ്ണൂർ എന്നവർ നൽകിയിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ ഈ തുക വരവ് വന്നതായി രേഖപ്പെടുത്തിയിട്ടില്ല.
മേൽ അപാകങ്ങൾ കാരണവും വാർഷിക സംക്ഷിപ്തം കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാലും ലഭിക്കാനുള്ള തുകയുടെ കൃത്യമായ കണക്ക് ലഭ്യമല്ല. ആയതിനാൽ യഥാർത്ഥത്തിൽ ലഭിക്കാനുള്ള തുകയുടെ വിവരം തയ്യാറാക്കി അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

v). വരവ് തുക ജില്ലാപഞ്ചായത്തിൽ ഒടുക്കുന്നതിൽ കാലതാമസം :- നഴ്സറിയിൽ നിന്നും ലഭിക്കുന്ന വരവ് തുക ലഭിച്ചതിന് ശേഷം അടുത്ത പ്രവൃത്തി ദിവസമോ, കൃത്യമായ ഇടവേളകളിലോ ജില്ലാപഞ്ചായത്തിൽ ഒടുക്കുന്നില്ല. ജില്ലാ പഞ്ചായത്തിൽ നിന്നും 20 കി.മീ. അകലെയുള്ള സ്ഥാപനത്തിലെ വരവ് തുക ഒടുക്കുന്നതിന് കൃത്യമായ സമയക്രമം നിശ്ചയിക്കേണ്ടതാണ്. തുക ഒടുക്കുന്നതിലെ ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വരവ് വന്ന തീയതി | തുക | ഒടുക്ക് തീയതി |
|---|---|---|---|
| 1 | 04-04-2018 മുതൽ 16-04-2018 വരെ | 62578 | 17-04-2018 |
| 2 | 17-04-2018 മുതൽ 30-04-2018 വരെ | 22917 | 02-05-2018 |
| 3 | 02-05-2018 മുതൽ 16-05-2018 വരെ | 33383 | 17-05-2018 |
| 4 | 17-05-2018 മുതൽ 04-06-2018 വരെ | 26563 | 05-06-2018 |
| 5 | 26-08-2019 മുതൽ 20-09-2019 വരെ | 32616 | 23-09-2019 |
| 6 | 23-06-2019 മുതൽ 10-10-2019 വരെ | 26413 | 11-10-2019 |
| 7 | 16-10-2019 മുതൽ 25-10-2019 വരെ | 11684 | 29-10-2019 |

vi). ഓരോ ദിവസത്തെയും വരവ് രേഖപ്പെടുത്തുന്നതിന് പ്രത്യേക കലക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

vii).കേഷ് ബുക്ക് കാലികമായി എഴുതിയിട്ടില്ല. 31-10-2019 വരെയുള്ള കേഷ് ബുക്ക് മാത്രമേ ഓഡിറ്റ് സമയത്ത് (14-11-2019 മുതൽ 16-11-2019 വരെ ) ലഭ്യമാക്കിയിട്ടുള്ളൂ.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/18-11-2019) ഓഡിറ്റ് കാലയളവിലെ നിർവഹണ ഉദ്യോഗസ്ഥൻ വിശദമായ മറുപടി പിന്നീട് ലഭ്യമാക്കുന്നതാണ് എന്നാണ് അറിയിച്ചത്. ആയതിനാൽ വിശദമായ മറുപടി ലഭ്യമാക്കേണ്ടതും വിവിധ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കേണ്ട തുകയുടെ കൃത്യമായ വിവരം ഒരോ സാമ്പത്തിക വർഷം തിരിച്ച് തയ്യാറാക്കി ജില്ലാപഞ്ചായത്തിൽ

/

ലഭ്യമാക്കേണ്ടതും ആയത് വാർഷിക ധനകാര്യപത്രിക ഉൾപ്പെടുത്തി കൃത്യമായ കണക്ക് സൂക്ഷിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

**2) സംസ്ഥാന വിത്തുൽപാദന കേന്ദ്രം വേങ്ങാട് - ദൈനംദിന വരുമാനം യഥാസമയം ജില്ലാപഞ്ചായത്തിൽ അടവാക്കുന്നില്ല**

താഴെ പ്രതിപാദിക്കുന്ന വിശദാംശങ്ങൾ പ്രകാരമുള്ള തുക ജില്ലാ പഞ്ചായത്തിലേക്ക് അടച്ചിട്ടില്ല
റസീറ്റ് ബുക്ക് നമ്പർ- 1127

റസീറ്റ് നമ്പർ/തീയ്യതി-34/23-04-2018

തുക- 2625/-പച്ചക്കറി വിത്ത് വിതരണം ചെയ്ത വകയിൽ കൃഷി ഓഫീസർ,കടമ്പൂർ, മേൽ വിശദാംശങ്ങൾ പ്രകാരം അടവാക്കിയ ₹2625/- കൂത്തുപറമ്പ് സബ് ട്രഷറിയിലെ സ്പെഷൽ ടിഎസ്ബി അക്കൗണ്ടിലേക്കാണ് അടച്ചിരിക്കുന്നത്. ആയത് ജില്ലാപഞ്ചായത്തിലേക്ക് അടയ്ക്കേണ്ടതാണ്.

**3) ഫാം റവന്യൂ യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച**

ജില്ലാപഞ്ചായത്തിന് കീഴിലുള്ള ഫാമുകളിൽ നിന്നും വിവിധ വകുപ്പുകളിലേക്കും, കൃഷി ഓഫീസുകളിലേക്കും ഇൻവോയ്സ് പ്രകാരം അനുവദിക്കുന്ന വിത്തുകളുടെ വില യഥാസമയം പിരിച്ചെടുത്ത് ജില്ലാപഞ്ചായത്തിൽ അടയ്ക്കുന്നില്ല. 2018-19 ൽ ഇപ്രകാരം ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | സ്ഥാപനം | വർഷം | തുക |
|---|---|---|---|
| 1 | സംസ്ഥാന വിത്തുൽപാദനകേന്ദ്രം,വേങ്ങാട് | 2018-19 | 2,40,000 |
| 2 | ജില്ലാകൃഷിത്തോട്ടം,കരിമ്പം | 2018-19 | 77,67,334 |
| | ആകെ | | 80,07,334 |

വിവിധ വകുപ്പുകളിൽ നിന്നും, കൃഷി ഓഫീസുകളിൽ നിന്നും ലഭിക്കാനുള്ള ₹80,07,334/- അടിയന്തിരമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല - ₹128295-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു

**1.നൈറ്റ് വാച്ച്മാൻ :-** ഫയൽ നം സി.1-2243/16 പരിശോധിച്ചതിൽ നൈറ്റ് വാച്ച്മേൻ നിയമനവുമായി ബന്ധപ്പെട്ട് അപാകങ്ങൾ കാണുന്നു. 08-02-2016 ലെ 16/2016(5) തീരുമാന പ്രകാരം കണ്ണൂർ ജില്ലാ പഞ്ചായത്തിൽ പുതിയ വാച്ച്മാനെ പത്രപരസ്യം നൽകി ഇന്റർവ്യൂ നടത്തി തെരഞ്ഞെടുക്കുന്നതിന് വേണ്ടി ജില്ലാ പഞ്ചായത്തിനോട് ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 11-02-2016 ലെ 25/16 (01) തീരുമാന പ്രകാരം 21-06-2016 ലെ കൂടിക്കാഴ്ച നടത്തി 14-07-2016 ലെ 85(2) ജില്ലാ പഞ്ചായത്ത് തീരുമാനപ്രകാരം 15-07-2016 മുതൽ ശ്രീ.ഷൈജു എ, ചായക്കാലി ഹൗസ്, അഴീക്കോട് സൗത്ത് എന്നവരെ നിയമിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സി.1-2243/16 തീയതി 14-07-2016 ലെ സെക്രട്ടറിയുടെ നിയമന ഉത്തരവിൽ എത്ര കാലത്തേക്കാണ് നിയമനം എന്ന് വ്യക്തമാക്കിയിട്ടില്ല. അടിയന്തിര ഘട്ടത്തിൽ മാത്രം ദിവസവേതനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനും വേതനം നൽകുന്നത് സംബന്ധിച്ചും പുറത്തിറക്കിയ ഉത്തരവ് (G.O (P).No.28/2016 Fin. Dated 26-02-2016) പ്രകാരം ദിവസവേതന നിയമനം 179 ദിവസത്തേക്ക് മാത്രമേ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2016 ൽ നിയമിച്ച് ശ്രീ. ഷൈജു എ പ്രസ്തുത തസ്തികയിൽ 2016 മുതൽ തുടർന്ന് പ്രവർത്തിക്കുകയാണ്. ജില്ലാ പഞ്ചായത്തിൽ അംഗീകരിച്ച നൈറ്റ് വാച്ച്മാൻ തസ്തിക ഇല്ലയെന്നിരിക്കെ മേൽ ഉത്തരവ് അനുസരിച്ച് ഈ തസ്തികയിൽ 179 ദിവസത്തിലധികമുള്ള നിയനമത്തിന് സർക്കാർ അംഗീകാരം വാങ്ങിയിട്ടുണ്ടോ എന്നുള്ള വിവരം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നം.51/19-12-2019) ജില്ലാ പഞ്ചായത്ത് ഓഫീസ് വാഹനങ്ങളുടെയും വികസന കേന്ദ്രത്തിന്റെയും രാത്രികാല സുരക്ഷ മുൻനിർത്തിയാണ് ജില്ലാപഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം നൈറ്റ് വാച്ച്മാനെ നിയമിച്ചിട്ടുള്ളത് എന്നും വികസന കേന്ദ്രത്തിന്റെ മുറികളുടെ വാടക തനത് ഫണ്ടിൽ നിക്ഷേപിച്ച് വരുന്നുണ്ട് എന്നും തനത് ഫണ്ടിൽ നിന്നും നൈറ്റ് വാച്ച് മാന്റെ ദിവസവേതനം നൽകി വരുന്നത് കൊണ്ട് സർക്കാറിൽ റിപ്പോർട്ട് ചെയ്തിട്ടില്ല എന്നും ഇനിമുതൽ ദിവസവേതന നിയമനം 179 ദിവസത്തേക്ക്

പരിമിതപ്പെടുത്തുന്നതുമാണ് എന്നാണ് അറിയിച്ചത്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2. **ഡ്രൈവർ നിയമനം :-** ലഭ്യമാക്കിയ വിവരപ്രകാരം ജില്ലാ പഞ്ചായത്തിൽ അംഗീകരിച്ച ഡ്രൈവർ തസ്തിക മൂന്നെണ്ണമാണ്. എന്നാൽ രണ്ട് സ്ഥിരം ഡ്രൈവർമാർമാത്രമേ ഈ തസ്തികയിൽ ജോലി ചെയ്യുന്നുള്ളൂ. ജില്ലാപഞ്ചായത്തിന്റെ അധീനതയിൽ KL 13 AK 7212, KL 13Y 4570,KL13AA 1611 എന്നീ മൂന്ന് വാഹനങ്ങൾ മാത്രമേയുള്ളൂ. KL 13 T 8468 എന്ന വാഹനം എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് ഉപയോഗിക്കുന്നത്. ആയതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഡ്രൈവർ തസ്തികയും നിലവിലുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്തിൽ നിലവിലുള്ള ഒരു ഒഴിവിൽ 2012 മുതൽ ശ്രീ.പി.മനോഹരൻ എന്നയാളാണ് ജോലി ചെയ്തുവരുന്നത് (ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 04-08-2012 ലെ സി.1-1632/12 ഉത്തരവ് പ്രകാരം ). എന്നാൽ G.O (P).No.28/2016 Fin. Dated 26-02-2016 പ്രകാരം ദിവസവേതന നിയമനം 179 ദിവസത്തേക്ക് മാത്രമേ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ നിയമന ചട്ട പ്രകാരം സെലക്ട് ലിസ്ററുള്ള ഒഴിവിലേക്ക് നിയമനം പാടില്ല എന്നു വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ അംഗീകൃത തസ്തികയിൽ നിയമനാധികാരിക്ക് 90 ദിവസം വരെ താല്ക്കാലിക നിയമനം നടത്താവുന്നതാണ് അതിൽ കൂടിയകാലത്തേക്ക് നിയമനം നടത്തുന്നതിന് സർക്കാറിന്റെ അനുമതി ആവശ്യമാണ്. എന്നാൽ ഈ വ്യവസ്ഥകൾ പാലിക്കാതെ നിയമനം നടത്തിയതിന് സർക്കാർ അനുമതി വാങ്ങിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 51/19-12-2019 ) ലഭ്യമാക്കിയ മറുപടിയിൽ കണ്ണൂർ ജില്ലാ പഞ്ചായത്തിൽ അംഗീകരിച്ച മൂന്ന് ഡ്രൈവർ തസ്തികകളാണുണ്ടായിരുന്നത് എന്നും അതിനു ശേഷം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റിന് പ്രത്യേകമായി വാഹനം അനുവദിച്ചതു മുതൽ പ്രസ്തുത വാഹനത്തിനുവേണ്ടി ഒരു ഡ്രൈവർ എന്നനിലയിലാണ് 2012 ൽ ശ്രീ. പി മനോഹരനെ ദിവസവേതന ഡ്രൈവറായി നിയമിച്ചത് എന്നും നിലവിൽ ലഭ്യമായ മൂന്ന് തസ്തികയിലല്ല താല്ക്കാലിക നിയമനം നടത്തിയിട്ടുള്ളത് എന്നും അധികമായി അനുവദിക്കപ്പെട്ട തസ്തികയിലാണ് താല്ക്കാലിക നിയമനം നടത്തിയിട്ടുള്ളത് എന്നും നിലവിലുള്ള ഒഴിവിലേക്ക് സ്ഥിര നിയമനം നടത്തുന്നതിനുവേണ്ടി സർക്കാറിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നുമാണ് . ഓഡിറ്റ് കാലയളവിൽ ജില്ലാ പഞ്ചായത്തിൽ മൂന്ന് വാഹനങ്ങളാണുള്ളത്. മൂന്നിൽ കൂടുതൽ വാഹനമുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. മുന്ന് തസ്തികയുള്ള ജില്ലാപഞ്ചായത്തിൽ ഒഴിവിലേക്ക് പി.എസ്. സി. വഴി നിയമനം നടത്താതെ താല്ക്കാലിക നിയമനം സർക്കാർ ഉത്തരവ് ലംഘിച്ച് നടത്തുന്നതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കൂടാതെ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. സർക്കാർ ഉത്തരവുകൾ പാലിച്ച് നിയമനം നടത്തേണ്ടതാണ്.

**3.ജില്ലാ വികസന കേന്ദ്രം ക്ലീനിംഗ് – സ്ലീപ്പർ നിയമനത്തിലെ അപാകങ്ങൾ:-** ജില്ലാ വികസന കേന്ദ്രത്തിലെ പൊതുവായ സ്ഥലങ്ങൾ വൃത്തിയാക്കുന്നതിനായി ജില്ലാപഞ്ചായത്ത് ഭരണ സമിതിയുടെ 11-04-2018 ലെ 46/18(3) തീരുമാനപ്രകാരം നിയമിക്കുകയും 2018 മെയ് മാസം മുതൽ ശ്രീ.വിനൂപ്.വി.വി. എന്നവർക്ക് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന കാററഗറി I പ്രകാരം ജീവനക്കാർക്ക് നൽകുന്ന നിരക്കിൽ താഴെ പറയും പ്രകാരം ദിവസവേതനം അനുവദിച്ചിട്ടുമുണ്ട്.

| ക്രമ നമ്പർ | മാസം | തുക | വൗച്ചർനമ്പർ / തീയതി |
|---|---|---|---|
| 1 | മെയ്,ജൂൺ | 29610 | 21800393 / 26-07-2018 |
| 2 | ജൂലൈ | 15480 | 21800438 / 04-08-2018 |
| 3 | ആഗസ്റ്റ് | 12900 | 21800572 / 14-09-2018 |
| 4 | സപ്തംബർ | 2580 | 21800662 / 11-10-2018 |
| 5 | ഒക്ടോബർ | 14190 | 21800744 / 05-11-2018 |
| 6 | നവംബർ | 12255 | 21800830 / 03-12-2018 |
| 7 | ഡിസംബർ | 14190 | 21800982 / 05-01-2019 |
| 8 | ജനുവരി | 13545 | 21801077 / 04-02-2019 |
| 9 | ഫിബ്രുവരി | 13545 | 21801211 / 13-03-2019 |
| ആകെ | | 128295 | |

/

ജില്ലാ വികസന കേന്ദ്രം മറ്റ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് വാടകയ്ക്ക് നൽകിയ കെട്ടിടമാണ്. ഇവിടെയുള്ള പൊതുവായ സ്ഥലങ്ങൾ ക്ലീൻ ചെയ്യുന്നതിനാണ് വേതനം അനുവദിച്ചു വരുന്നത്. സ.ഉ.(പി)നം.101/2016 ധനം തീയതി 21-07-2016 പ്രകാരം കെട്ടിടത്തിന്റെ ഭാഗമായുള്ള പൊതു സ്ഥലങ്ങളായ വരാന്ത, കാർപോർച്ച്, സ്റ്റെയർകെസ് തുടങ്ങിയവ അടുത്ത കെട്ടിടത്തിന്റെ കാർപ്പെറ്റ് ഏരിയയോട് ചേർത്താണ് സ്വീപ്പിംഗ് ഏരിയ കണക്കാക്കുന്നത് . ആയതിനാൽ പ്രസ്തുത കെട്ടിടത്തിലെ പൊതുവായ സ്ഥലം ക്ലീൻ ചെയ്യുന്നതിന് വേതനം നൽകുന്നത് അനുവദനീയമല്ല. കൂടാതെ സ.ഉ.(പി) നം.501/2005ധനം തീയതി 25-11-2005 പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ നിന്ന് സ്വീപ്പിംഗ് ഏരിയ കണക്കാക്കി അതിനനുസരിച്ച് സർക്കാർ അംഗീകാരത്തോടെ പാർട്ട് ടൈം കണ്ടീജന്റ് ജീവനക്കാരെയോ കാഷ്വൽ സ്വീപ്പേസിനെയോ നിയമിക്കാവുന്നതാണ്. എന്നാൽ സർക്കാർ ഉത്തരവു പ്രകാരമുള്ള നടപടികൾ ഒന്നും സ്വീകരിക്കാതെ ദിവസവേതന നിരക്കിൽ ജീവനക്കാരനെ നിയമിച്ചതിന് സർക്കാർ അംഗീകാരം വാങ്ങിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.51/19-12-2019) നൽകിയ മറുപടിയിൽ ജില്ലാപഞ്ചായത്ത് വികസന കേന്ദ്രം കെട്ടിടത്തിന്റെ മൂന്നാം നിലയിലുടെ നിർമ്മാണം 17-03-2018 ലെ എഗ്രിമെന്റ് പ്രകാരം നടന്നു വരുന്നതിനാൽ വികസന കേന്ദ്രം കെട്ടിടത്തിന്റെ പൊതു ഇടങ്ങൾ വൃത്തി ഹീനമാകുന്നതിനാൽ പൊതുജനങ്ങൾക്കും മറ്റും ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ പ്രസ്തുത ഭാഗങ്ങൾ ക്ലീൻ ചെയ്യുന്നതിനാണ്.ശ്രീ. വി.വി.വിനൂപിനെ നിയമിച്ചിട്ടുള്ളത്. നിർമ്മാണം ഏകദേശം പൂർത്തിയായ ശേഷം പിന്നീട് ക്ലീനിങ്ങിനായി നിയമിച്ചിട്ടില്ല എന്നുമാണ്. എന്നാൽ പ്രവൃത്തി നടത്തുമ്പോൾ പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടത് കരാറുകാരന്റെ ചുമതലയാണ്. കൂടാതെ വികസനകേന്ദ്രത്തിന്റെ പരിസരം വൃത്തിയാക്കുന്നതിന് ഫുൾടൈം സ്വീപ്പറെ നിയമിക്കേണ്ട ആവശ്യകതയുണ്ടോ എന്നും പരിശോധിച്ചിട്ടില്ല. ആയതിനാൽ മറുപടി തൃപ്തികരമല്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവ് ചെയ്ത ₹128295 തടസ്സപ്പെടുത്തുന്നു.

## 1-17 മുൻകൂർ തുക ക്രമീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല -38000 രൂപ തടസ്സപ്പെടുത്തുന്നു

ദുരന്തനിവാരണ പരിശീലന പരിപാടിയുടെ ഭാഗമായി കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ എൻ.സി.സി, എൻ.എസ്.എസ്, സ്റ്റുഡന്റ് പോലീസ് എന്നിവർക്ക് നൽകുന്ന പരിശീലന പരിപാടിക്ക് റിഫ്രഷ്മെന്റ് ചാർജ്ജ്, ഉച്ചഭക്ഷണം, യാത്രാപ്പടി എന്നിവ നൽകുന്നതിന് വൗച്ചർ നമ്പർ 21800350 തീയതി 07-07-2018 പ്രകാരം ₹38000 മുൻകൂറായി ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ മുൻകൂർ ക്രമീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 54/16-12-2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല ആയതിനാൽ ചെലവ് തുക ₹38000 തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 1-18 ബജറ്റ് അവതരണം 2018-19 - പാരിതോഷിക ചെലവ് - സ്പോൺസർഷിപ്പ് തുക ലഭ്യമായില്ല.

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ബജറ്റ് യോഗവുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്കും ജീവനക്കാർക്കും നിർവഹണ ഉദ്യോഗസ്ഥർക്കും മാധ്യമ പ്രവർത്തകർക്കും കോംപ്ലിമെന്റായി തേൻ വിതരണം ചെയ്തതിന് ചെലവായ തുക വൗച്ചർ നമ്പർ 21800255 തീയതി 14-06-2018 പ്രകാരം ₹26784 ശ്രീ.എം.വി.സന്ദീപൻ, എം.വി.കെ. ഹണിഗ്രൂപ്പ്, തൊടീക്കളം എന്നയാൾക്ക് നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 12-06-2018 ലെ ബി-1424/13 ഉത്തരവു പ്രകാരം ജില്ലാ പഞ്ചായത്ത് വികസന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ബേങ്കുകളിൽ നിന്ന് സ്പോൺസർഷിപ്പിനത്തിൽ ലഭിക്കുന്ന മുറക്ക് തനത് ഫണ്ടിൽ ക്രമീകരിക്കാമെന്ന വ്യവസ്ഥയിലാണ് തനത് ഫണ്ടിൽ നിന്ന് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ തുക ലഭ്യമാക്കാമെന്ന് സ്ഥാപനങ്ങൾ നൽകിയ കത്തും സ്പോൺസർമാരിൽ നിന്ന് തുക ക്രമീകരിച്ചതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം52/16-02-2019 നും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ₹26784 തടസ്സപ്പെടുത്തുന്നു.

## 1-19 ഭരണ സമിതി അംഗങ്ങളുടെ യാത്രാപ്പടി അധിക തുക

**അനുവദിക്കുന്നു.**

1995 ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം പഞ്ചായത്തിന്റെയോ അതിന്റെ ഏതെങ്കിലും കമ്മിറ്റിയുടെയോ യോഗങ്ങളിൽ ഹാജരാകുന്നതിന് ഒരു ജില്ലാ പഞ്ചായത്തിന്റെ പ്രസിഡന്റ് ഒഴികെയുള്ള പഞ്ചായത്ത് പ്രസിഡന്റ്മാർക്കും വൈസ് പ്രസിഡന്റ്മാർക്കും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്കും അംഗങ്ങൾക്കും യാത്രാപ്പടി നൽകാവുന്നതാണ്. എന്നാൽ അതോടൊപ്പം ദിനബത്ത നൽകേണ്ടതില്ലാത്തതുമാകുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് മീറ്റിംഗ്, സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗ് എന്നിവയിൽ പങ്കെടുത്തതിന് മെമ്പർമാർക്ക് യാത്രപ്പടി ഒരു ദിനബത്തയിൽ പരിമിതപ്പെടുത്തിയും ഔദ്യോഗിക വാഹനം ഉപയോഗിക്കുന്ന വൈസ് പ്രസിഡന്റിന് ദിനബത്തയുടെ പകുതിയിൽ പരിമിതപ്പെടുത്തിയുമാണ് അനുവദിച്ചിട്ടുള്ളത് . ചട്ടങ്ങൾ ലംഘിച്ച് തുക നൽകുന്നതിന് സർക്കാരിൽ നിന്നും പ്രത്യേക ഉത്തരവുകൾ വാങ്ങിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.53/19-12-2019) ജനപ്രതിനിധികൾക്ക് യാത്രാപ്പടി മുൻ വർഷങ്ങളിൽ നൽകിയതുപോലെ തന്നെയാണ് നൽകി വരുന്നത് എന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ യാത്രാപ്പടി നൽകുന്നതിന് കെ.എസ്.ആർ. ബാധകമായിരിക്കുമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത് എന്നും കെ.എസ്. ആർ. റൂൾ 55 പ്രകാരം ജനപ്രതിനിധികൾക്ക് നൽകിയ യാത്രാപ്പടി ക്രമപ്രകാരമാണെന്ന് അറിയിക്കുന്നു എന്നുമാണ് മറുപടിയിൽ വ്യക്തമാക്കിയത്.

മറുപടി തൃപ്തികരമല്ല. 1995 ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടങ്ങളിലെ ചട്ടം 5 (1) എന്നിവ പ്രകാരം കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് ഒന്നാം ക്ലാസ്സ് സർക്കാർ ഉദ്യോഗസ്ഥർക്ക് അർഹമായ യാത്രപ്പടി നൽകാനെ വ്യവസ്ഥയുള്ളൂ എന്നാൽ ഇവിടെ ദിനബത്തയാണ് അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ഭാവിയിൽ യാത്രാപ്പടി നൽകുമ്പോൾ ചട്ടങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-20 ടെണ്ടർ ഫീ- ജില്ലാ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തുന്നില്ല, ജി എസ് ടി ഒടുക്കുന്നുണ്ടോ എന്ന് വ്യക്തമല്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൃഷി ഓഫീസിൽ ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ഭാഗമായി ടെണ്ടർ സമർപ്പിക്കുന്ന കരാറുകാർ ഒടുക്കുന്ന ടെണ്ടർ ഫീസ് നിലവിൽ കൃഷി വകുപ്പിന്റെ ഓൺലൈൻ ചെയിനിൽ മാപ്പു ചെയ്തിരിക്കുന്ന അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. ജില്ലാ പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ വരവു വെക്കുന്നതിനുള്ള ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്.

ടെണ്ടർ ഫീസിനൊപ്പം ശേഖരിക്കുന്ന ജി എസ് ടി ഒടുക്കു വരുത്തുന്നുണ്ടോ എന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. ജി.എസ്.ടി സർക്കാർ കണക്കിനത്തിലേക്ക് ഒടുക്കു വരുത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്

## 1-21 ഇ ടെണ്ടർ - ടെണ്ടർ ഫീ, ജി.എസ്.ടി. - ഒടുക്കു വരുത്തുന്നതിലെ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – എക്സിക്യൂട്ടീവ് എഞ്ചിനീയർ

ജില്ലാ പഞ്ചായത്തിന്റേയും ജില്ലയിലെ ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുടേയും ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെയും വാങ്ങലുകളുടെയും ടെണ്ടർ ഫോറങ്ങളുടെ വില, മൂല്യവർധിത നികുതി, നിരതദ്രവ്യം എന്നിവ ഓൺലൈൻ ആയി നിക്ഷേപിക്കുന്നത് ജില്ലാ പഞ്ചായത്തിലെ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ്(നം.67271686401,എസ് ബി ഐ). 30-10-2014 തീയതിയിൽ ആരംഭിച്ച് 03-02-2015 ന് ഇടപാടുകൾ തുടങ്ങിയ പ്രസ്തുത അക്കൗണ്ടിൽ 31-03-2018 ന് 1,70,17,038 രൂപയും 31.03.19 ന് 26546860രൂപയും 01.01.2020 തീയതിയിൽ 29854283.00 രൂപയും നീക്കിയിരിപ്പുണ്ട്.

ഓൺലൈൻ മുഖേന തുക നിക്ഷേപിക്കുവാനും തുക തിരികെ നൽകുവാനും സാധിക്കുന്ന ഈ അക്കൗണ്ടിലെ നീക്കിയിരിപ്പിന്റെ കൃത്യത അറിയുന്നതിനാവശ്യമായ രേഖകൾ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ഓഫീസിൽ സൂക്ഷിക്കുന്നില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

ജില്ലാ പഞ്ചായത്തിന്റേയും ജില്ലയിലെ ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുടേയും പ്രവൃത്തികളുടെ ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫോറങ്ങളുടെ വില, ജി.എസ്.ടി, നിരതദ്രവ്യം എന്നിവയാണ് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ളത്. ഓരോ സ്ഥാപനത്തിനും അർഹതപ്പെട്ട തുക എത്രയെന്നും ജി എസ് ടി എത്രയെന്നും അറിയുന്നതിനുള്ള രേഖകൾ എക്സിക്യുട്ടീവ് എൻജിനീയറുടെ ഓഫീസിൽ ലഭ്യമല്ല.

തനത് ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത്, ജില്ലയിലെ മറ്റ് ബ്ലോക്ക് – ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ അക്കൗണ്ടുകളിലേക്ക് മാറ്റാതെ കോടിക്കണക്കിന് രൂപ നിഷ്ക്രിയാവസ്ഥയിൽ പലിശരഹിത അക്കൗണ്ടിൽ സൂക്ഷിച്ചു വരുന്നത് ശരിയായ നടപടിയല്ല .

വാർഷിക ധനകാര്യ പത്രികയിൽ ജില്ലാ പഞ്ചായത്തിനുള്ള വരുമാനം ബന്ധപ്പെട്ട വരുമാന ഹെഡിലും, ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്കും, സംസ്ഥാന സർക്കാരിനുള്ള വിഹിതം ബാധ്യത ഹെഡിലും അക്കൗണ്ട് ചെയ്യുന്നില്ല. കൂടാതെ പ്രസ്തുത വരവ് സംബന്ധിച്ച രജിസ്റ്ററുകളോ മറ്റ് അനുബന്ധ രേഖകളോ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല.

**നികുതി യഥാസമയം ഒടുക്കാത്തത്**

കേന്ദ്ര, സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കു വരുത്തേണ്ട മൂല്യവർദ്ധിത നികുതി/ജി എസ് ടി ഇനത്തിലുള്ള തുകയും യഥാസമയങ്ങളിൽ അടക്കാതെ പ്രസ്തുത അക്കൗണ്ടിൽ തന്നെ നിലനിർത്തുകയാണ് ചെയ്യുന്നത്. ഇടപാടുകൾ ആരംഭിച്ച തീയതി മുതലുള്ള മൂല്യവർദ്ധിത നികുതിയും ജി എസ് ടിയും നാളിതു വരെ വേർതിരിച്ചെടുത്ത് ഒടുക്കു വരുത്തിയിട്ടില്ല. സമയബന്ധിതമായി നികുതി ഒടുക്കു വരുത്താതിരുന്നാൽ പിഴപ്പലിശയിനത്തിൽ വൻ ബാധ്യതയാണ് ജില്ലാ പഞ്ചായത്തിന് ഉണ്ടാവുക എന്ന കാര്യവും ശ്രദ്ധയിൽപെടുത്തുന്നു.

ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും നല്കുവാനുള്ള തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന പത്രിക (പ്രവൃത്തിയുടെ പേര് , ടെണ്ടറർമാരുടെ എണ്ണം, ടെണ്ടർ ഫീസ് , വാറ്റ്/ ജിഎസ് ടി തുടങ്ങിയ വിവരങ്ങൾ വർഷം തിരിച്ച് രേഖപ്പെടുത്തിയത്) അതാത് സ്ഥാപനങ്ങളിൽ നിന്നും ആവശ്യപ്പെടുകയും അതിനനുസരിച്ച് തുക തിരികെ നല്കുകയും ചെയ്യേണ്ടതും നികുതി ഇനത്തിൽ അക്കൗണ്ടിൽ വന്ന തുക കണ്ടെത്തി താമസം വിനാ ഒടുക്കു വരുത്തുകയും ചെയ്യേണ്ടതും തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-22 സ്റ്റേറ്റ് കോക്കനട്ട് നഴ്സറി പാലയാട് ദൈനംദിന ചെലവുകൾ - ₹745567 രൂപയ്ക്കുള്ള വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല / പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ

നിർവഹണ ഉദ്യോഗസ്ഥൻ : സീനിയർ കൃഷി ഓഫീസർ

പ്രോജക്ട് : 04/19-സ്റ്റേറ്റ് കോക്കനട്ട് നഴ്സറി പാലയാട് ദൈനംദിന ചെലവുകൾ (കടത്തുകൂലി ഉൾപ്പെടെ)

അടങ്കൽ : 30,00,000 തനത് ഫണ്ട്

ചെലവ് : ₹18,56,850

<u>ദൈനംദിന ചെലവുകൾ സംബന്ധിച്ച പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.</u>

1. ജി.ഒ(പി) നം177/2006 ധനം തീയതി 12-04-2006 പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ TR-7Aക്യാഷ് ബുക്ക്, സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി.IV ), പ്രോജക്ട് രജിസ്റ്റർ (അനുബന്ധം ബി.V ) എന്നിവ സൂക്ഷിക്കേണ്ടതാണ്. എന്നാൽ TR-7Aക്യാഷ് ബുക്ക് മാത്രമാണ് സൂക്ഷിച്ചിരിക്കുന്നത്.

/

2. ജില്ലാപഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന തനത് ഫണ്ട് ചെക്ക് സ്പെഷൽ ടി.എസ്.ബി അക്കൗണ്ടായ 72203140000006 നിക്ഷേപിക്കുകയും അതിൽനിന്ന് ചെലവഴിക്കുകയുമാണ് ചെയ്യുന്നത് എന്നാൽ ടി.എസ്.ബി അക്കൗണ്ടിന്റെ വരവ് ചെലവ് കാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല ( സ.ഉ (പി)138/2016 ധനം തീയതി 23-09-2016 കാണുക).

3.സുലേഖ ചെലവ് പത്രിക പ്രകാരം ₹18,56,850 പ്രോജക്ടിന് ചെലവഴിച്ചിട്ടുണ്ട് . എന്നാൽ താഴെപറയുന്ന ചെക്കുകൾ പ്രകാരം ലഭിച്ച തുകയുടെ വൗച്ചറുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ

| ക്രമ നമ്പർ | ചെക്ക് നമ്പർ | തുക |
|---|---|---|
| 1 | 2558243 dtd 28-06-2018 | 216420 |
| 2 | 2568862 dtd 23-08-2018 | 10000 |
| 3 | 2568863 dtd 23-08-2018 | 450119 |
| 4 | 3093862 dtd 26-10-2018 | 10000 |
| 5 | 3093878 dtd 02-11-2018 | 336657 |
| 6 | 5798581 dtd 02-02-2019 | 271533 |
| 7 | 5781772 dtd 16-03-2019 | 147059 |
| 8 | 5624446 dtd 30-03-2019 | 90174 |
| ആകെ | | 1531962 |

₹324888 (1856850 – 1531962) വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ക്രമ നമ്പർ 7 പ്രകാരം ലഭിച്ച ചെക്കിൽ ടി.എസ്.ബി ചെക്ക് 6274964 തീയതി 22-03-2019 പ്രകാരം ചെലവഴിച്ച ₹49559 ഉം ചെക്ക് നമ്പർ 6274965 തീയതി 22-03-2019 പ്രകാരം ₹87500 ഉം ചെലവ് വൗച്ചറുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ₹10,000 വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല.

4. ജില്ലകളിൽ പ്രവർത്തിക്കുന്ന കോക്കനട്ട് നഴ്സറികളിൽ തെങ്ങിൻതൈകൾ ഉല്പാദിപ്പിക്കുന്നതിന് കൃഷി വകുപ്പിലെ സംഭരണ കേന്ദ്രങ്ങളിൽ നിന്നും കൃഷി വകുപ്പിന്റെ തുക വിനിയോഗിച്ച് വിത്ത് തേങ്ങ സംഭരിച്ചാണ് വിതരണം ചെയ്യുന്നത് എന്നും ആയതിനാൽ തെങ്ങിൻ തൈയുടെ വില ജില്ലാ പഞ്ചായത്തിൽ ഒടുക്കാതെ സ്കീം ശീർഷകത്തിൽ ഒടുക്കാൻ 08-02-2018 ലെ റ്റി.എച്ച് (2) 41730/17 കത്ത് പ്രകാരം കൃഷി ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തെങ്ങിൻ തൈ വിറ്റവില കൃഷി വകുപ്പിലേക്കാണ് ഒടുക്കുന്നത്. എന്നാൽ ഇതിന്റെ അനുബന്ധ ചെലവായ തെങ്ങിൻ തൈ വിതരണത്തിന് ഉപയോഗിച്ച വാഹനത്തിന് (KL-01 BA 7292) ഇന്ധനം നിറച്ച വകയിൽ താഴെ പറയും പ്രകാരം ജില്ലാ പഞ്ചായത്ത് തനത് ഫണ്ട് പ്രകാരമുള്ള പ്രോജക്ടിലെ തുക അനുവദിച്ചിട്ടുണ്ട്. ഇക്കാര്യം ജില്ലാ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ / തീയതി | ഡീസൽ നൽകിയ സ്ഥാപനം | തുക | കുറിപ്പ് |
|---|---|---|---|---|
| 1 | 2319/09-07-2018 | IBP Auto Services Kuthuparamba | 2000 | ചെക്ക് നമ്പർ 2815308 dtd 12-09-2018/ ₹441504 പ്രകാരം ₹15000 സിദ്ധു എൻ |
| 2 | 6465/11- | Karthika | 2000 | |

/

| | | | | |
|---|---|---|---|---|
| | 07-2018 | Enterprises,Kezhuthally | | പണിക്കർ എന്നവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു |
| 3 | 15679/12-07-2018 | SR Fuels Chorkkala | 2000 | |
| 4 | 0603/17-07-2018 | Janasakthi Fuels Vellora | 3000 | |
| 5 | 1298/19-07-2018 | Megha Fuels Nayattupara | 2000 | |
| 6 | 35968/20-07-2018 | Jayasree Transport | 4000 | |
| 7 | 23437/23-07-2018 | Malabar Produce Agency ,Taliparamba | 8615 | Malabar Produce Agency ,Taliparamba എന്ന സ്ഥാപനത്തിന് 2815319 dtd 16-01-2019 നമ്പർ ചെക്ക് പ്രകാരം ₹8615 നൽകി. |
| 8 | 05/01-08-2019 | Malabar Produce Agency ,Taliparamba | 8605 | Malabar Produce Agency ,Taliparamba എന്ന സ്ഥാപനത്തിന് 2815320 dtd 16-01-2019 നമ്പർ ചെക്ക് പ്രകാരം ₹ 8605 നൽകി |
| ആകെ | | | 32220 | |

5. ചെക്ക് നമ്പർ 2815308 dtd 12-09-2018/ ₹441504 പ്രകാരമുള്ള ചെലവിൽ സി.എം.രമേശൻ, ഗീതാലയം, എരുവട്ടി എന്നയാൾക്ക് വിവിധ കൃഷി ഭവനുകളിൽ തൈകൾ എത്തിച്ച ഇനത്തിൽ കി.മീ.₹100 പ്രകാരം 1122 കി.മീ ഓടിയതിന് ₹112200 ഉം ചെക്ക് 6274964 തീയതി 22-03-2019 പ്രകാരം ചെലവഴിച്ച ₹49559 ൽ ഉൾപ്പെടുത്തി 286 കി.മീ ഓടിയതിന് ₹28600ഉം നൽകിയിട്ടുണ്ട്. എന്നാൽ ട്രിപ്പ് ഷീറ്റുകളിൽ സഞ്ചരിച്ച ദൂരം എത്രയെന്ന് എഴുതിയതിൽ വ്യക്തതയില്ല കൂടാതെ ആയത് നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. ചെക്ക് നമ്പർ 2815308 dtd 12-09-2018/ ₹441504 പ്രകാരമുള്ള ചെലവിൽ THOSHIBA -E STUDIO ഫോട്ടോസ്റ്റാറ്റ് മെഷീന് വാർഷിക അറ്റകുറ്റപ്പണിക്കായി ₹11200 Seagull എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഫോട്ടോസ്റ്റാറ്റ് മെഷീന്റെ വാറന്റി സംബന്ധിച്ച വിവരം, എ.എം.സി വെക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരം, എ.എം.സിയിൽ ഏർപ്പെട്ട സ്ഥാപനവുമായി കരാർ വെച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

7. മൺചട്ടി (1250 എണ്ണം) വാങ്ങിയതിന്റെ വിലയായി ശ്രീ. രാഗേഷ് .ആർ, മുതുവല്ലി നാലു സെന്റ് കോളനി, മണ്ണാർക്കാട്, തെങ്കര.പി.ഒ. എന്നയാൾക്ക് ചെക്ക് നമ്പർ 6274965 തീയതി 22-03-2019 പ്രകാരം ₹87500 നൽകിയിട്ടുണ്ട്. എന്നാൽ ചട്ടി സ്റ്റോക്കിലെടുത്ത വിവരം ലഭ്യമാക്കിയിട്ടില്ല.

8. നഴ്സറിയിൽ തയ്യാറാക്കുന്ന തൈകൾ ഉൾപ്പെട്ട ഗ്രോബാഗിന് വീടുകളിൽ എത്തിക്കുന്നതിനാണ് വില നിശ്ചയിച്ചിട്ടുള്ളത്. ഇപ്രകാരം ഗ്രോബാഗ് വീടുകളിൽ എത്തിക്കുന്നതിന് അംഗീകരിച്ച ക്വട്ടേഷൻ പ്രകാരം ഒന്നിന് ₹16 പ്രകാരം 7375 എണ്ണത്തിന് കടത്തുകൂലി ഇനത്തിൽ ശ്രീ. സി.എം.രമേശൻ, ഗീതാലയം, എരുവട്ടി എന്നയാൾക്ക് ₹118000 നൽകിയിട്ടുണ്ട്. ശ്രീ. സി.എം.രമേശൻ ഹാജരാക്കിയ എണ്ണത്തിന് അനുസരിച്ചാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ ഏതൊക്കെ വീടുകളിൽ നൽകുന്നതിനാണ് ഗ്രോബാഗ് നൽകിയിട്ടുള്ളത്, എപ്പോഴാണ് വിതരണം ചെയ്തത്, എത്ര എണ്ണം വിതരണത്തിന് നഴ്സറിയിൽ നിന്ന് നൽകിയിട്ടുണ്ട് എന്ന വിവരങ്ങൾ ഒന്നും തന്നെ സ്ഥാപന മേധാവി ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/18-11-2019) ഓഡിറ്റ് കാലയളവിലെ നിർവഹണ ഉദ്യോഗസ്ഥൻ വിശദമായ മറുപടി പിന്നീട് ലഭ്യമാക്കുന്നതാണ് എന്നാണ് അറിയിച്ചത്. മേൽ അപാകങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹745567 യുടെ മേൽ കൂടുതൽ അന്വേഷണം ആവശ്യമാണ്.

## 1-23 പുഷ്പക്കൃഷി - മാർഗ്ഗരേഖ ലംഘിച്ച് പ്രോജക്ട് ഏറ്റെടുക്കൽ - ₹346032-

## രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണോദ്യോഗസ്ഥൻ : ഡെപ്യൂട്ടി ഡയറക്ടർ (Y/P),കൃഷി

പ്രോജക്ട് നമ്പർ :34/19-പുഷ്പക്കൃഷി

അടങ്കൽ :₹346032 വികസന ഫണ്ട്

ചെലവ് :₹346032 ബിൽനം 01/18-19 dtd 29-09-2018

ഓണം വിപണിക്ക് ആവശ്യമായ ചെണ്ട് മല്ലി, വാടാമല്ലി എന്നിവ ലഭ്യമാക്കുകയാണ് പ്രോജക്ടിന്റെ ഉദ്ദേശ്യം. പുഷ്പകൃഷിക്ക് ആവശ്യമായ തൈകൾ 75% സബ്സിഡിയിൽ 30 ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഇതിനാവശ്യമായ തൈകൾ ടി x ഡി പോളിനേഷൻ യൂണിറ്റ്, ചാലോട്; സ്റ്റേറ്റ് കോക്കനട്ട് നഴ്സറി പാലയാട് എന്നിവിടങ്ങളിൽ നിന്നും വാങ്ങി കൃഷി ഭവൻ വഴി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയാണുണ്ടായത്. പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ. (കൈ) നം.22/2018/തസ്വഭവ. തീയതി.14-02-2018) ഖണ്ഡിക 6.1.5. പ്രകാരം പുഷ്പ കൃഷിക്കുള്ള തൈകൾ വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും മാത്രമേ ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. ഖണ്ഡിക 6.1.25,26 പ്രകാരം പുഷ്പ കൃഷി നടത്തുന്നതിനുള്ള പ്രോജക്ടുകൾ വ്യക്തികൾക്ക് നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും ഗ്രൂപ്പുകൾക്ക് നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്കും മാത്രമേ എറ്റെടുക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ഇതിനു വിരുദ്ധമായാണ് ജില്ലാപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിരിക്കുന്നത്.

2. മേൽ പ്രോജക്ട് പ്രകാരം സ്വാശ്രയ സംഘങ്ങൾ, കുടുംബശ്രീകൾ എന്നിവയ്ക്കാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. എന്നാൽ ഗുണഭോക്താക്കളെ കൃഷി വകുപ്പ് മുഖാന്തിരം അപേക്ഷ ക്ഷണിച്ച് തിരഞ്ഞെടുത്തതായി കാണുന്നു. സ.ഉ (കൈ)നം. 11/2018/തസ്വഭവ . തീയതി 29-01-2018 ഖണ്ഡിക 11.3 പ്രകാരം ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

3.പദ്ധതി മാർഗ്ഗ രേഖ പ്രകാരം ₹1000000 കൂടുതൽ അടങ്കലുള്ള പ്രോജക്ടുകൾ മാത്രമേ ജില്ലാപഞ്ചായത്തിന് ഏറ്റെടുക്കാൻ പാടുള്ളൂ. എന്നാൽ ഈ നിബന്ധന പാലിക്കാതെയാണ് പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത്.

3.പദ്ധതി പൂർത്തീകരണ പത്രം , മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ടിന്റെ നേട്ട കോട്ടങ്ങൾ ചർച്ച ചെയ്ത് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 8/25-10-2019) മറുപടി തൃപ്തികരമല്ല. സർക്കാർ നിർദ്ദേശം ലംഘിച്ച് പ്രോജക്ട് നടപ്പിലാക്കിയതിനാലും വിശദവിവരം ലഭ്യമാക്കാത്തതിനാലും ചെലവ് തുക ₹346032 തടസ്സപ്പെടുത്തുന്നു

## 1-24 കാർഷിക യന്ത്രോപകരണ പരിശീലന കേന്ദ്രം- പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിഷയം-ചെലവുതുക ₹10,63,886 തടസത്തിൽ വെക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി
പ്രോജക്ട് നമ്പർ – 49/19, കാർഷിക യന്ത്രോപകരണ പരിശീലന കേന്ദ്രം

അടങ്കൽ – ₹10,78,000 (വികസന ഫണ്ട് - ജനറൽ)

ചെലവ് – ₹10,63,886

| ബിൽ നമ്പർ,തീയതി | തുക | റിമാർക്സ് |
|---|---|---|
| 1/18-19 : 26.07.18 | 16,010 | പ്രാരംഭച്ചെലവുകൾ- സൈൻബോർഡ്, ഇലക്ട്രിക്കൽ |

/

| | | |
|---|---|---|
| | | ഐറ്റംസ് |
| 3/18-19 : 29.06.18 | 20,975 | ബുക്സ്, പ്രിന്റർ, ഡിജിറ്റൽ ക്യാമറ |
| 4/18-19 : 14.11.18 | 8,90,250 | ട്രാക്ടർ, റോട്ടവേറ്റർ, പ്രൊജക്ടർ |
| 7/18-19 : 15.12.18 | 50,151 | കെൽട്രോൺ-ഡസ്ക്ക്ടോപ്പ് കമ്പ്യൂട്ടർ , യുപിഎസ് |
| 13/18-19 : 25.02.19 | 52,156 | ഡീസൽ എഞ്ചിൻ 4 സ്ട്രോക്ക്, ഫർണ്ണിച്ചർ |
| 15/18-19: 22.03.19 | 1,750 | റോഡ് ടാക്സ് |
| 6/18-19: 12.11.18 | 23,794 | പെട്രോൾ എഞ്ചിൻ - 2 സ്ട്രോക്ക്, ഡീസൽ എഞ്ചിൻ -2സ്ട്രോക്ക്, ഫർണ്ണിച്ചർ, സ്റ്റിക്കർ |
| 14/18-19: 25.02.19 | 8,800 | പ്രൊജക്ടർ സ്ക്രീൻ മുതലായവ |
| | ₹10,63,886 | |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി യുടെ ഓഫീസിന്റെ ഭാഗമായി ട്രാക്ടർ ഓപ്പറേഷൻ & മെയ്ന്റനൻസ് , ഫാം മെഷീനറി ഓപ്പറേഷൻ & മെയ്ന്റനൻസ് എന്നീ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. പ്രസ്തുത പദ്ധതിക്കു വേണ്ടി മേൽപ്പറഞ്ഞ പ്രകാരം ഉപകരണങ്ങളും ഫർണ്ണിച്ചറും വാങ്ങിയിട്ടുണ്ട്.

പരിശീലന പരിപാടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1.പരിശീലനത്തിനാവശ്യമായ ഇന്ധനത്തിനും മറ്റുമുള്ള ചെലവുകളും ഡ്രൈവിംഗ് ലൈസൻസിനുള്ള അപേക്ഷ ഫീസ് ഉൾപ്പെടെയുള്ള ചെലവുകൾക്കും ആവശ്യമായ തുക കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിൽ കോഴ്സ് ഫീസ് നിശ്ചയിച്ചിട്ടുണ്ട്. തുക മുൻകൂറായി അപേക്ഷകരിൽ നിന്ന് ശേഖരിച്ച് ജില്ലാ പഞ്ചായത്തിൽ അടക്കുകയും ആവശ്യാനുസരണം ജില്ലാപഞ്ചായത്തിൽ നിന്നും തിരികെ വാങ്ങി ഉപയോഗിക്കുകയും ചെയ്യുന്നു. പരിശീലനത്തിനു വേണ്ടി പ്രത്യേകമായി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടില്ല. പരിശീലനം നല്കുന്നതിനായി യോഗ്യതയുള്ള ഫാക്കൽറ്റികളെ ക്ഷണിക്കുന്നുണ്ട്.

2.കാർഷിക എഞ്ചിനീയറിംഗ് കോളജ് പ്രതിനിധിയും കോഴിക്കോട് കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറും ഉൾപ്പെട്ട സമിതി തയ്യാറാക്കിയ സിലബസാണ് പരിശീലനത്തിന്റെ അടിസ്ഥാനം. അതാത് കാലങ്ങളിൽ ട്രാക്ടർ ഡ്രൈവിംഗ് ലൈസൻസ് ലഭിക്കാനുള്ള യോഗ്യതയാണ് അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചതെങ്കിലും ഉയർന്ന സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് മുൻഗണന നല്കിയാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്.

3.കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ വച്ചും സമീപ പ്രദേശത്തെ പാടശേഖരങ്ങളിലുമായാണ് കോഴ്സ് നടത്തുന്നത്. കസ്റ്റം ഹയറിംഗ് സെന്ററിലെ മറ്റ് ട്രാക്ടറുകളും ഉപകരണങ്ങളും പരിശീലനത്തിനായി ഉപയോഗപ്പെടുത്തുന്നുണ്ട്.

4.2019-20 മുതൽ പത്രപ്പരസ്യം മുഖേന അപേക്ഷ ക്ഷണിച്ച് ട്രാക്ടർ ഡ്രൈവിംഗ് കോഴ്സ് ആരംഭിച്ചിട്ടുണ്ട്. ഒരു ബാച്ച് പരിശീലനം പൂർത്തിയാക്കി. അടുത്ത ബാച്ച് 30.12.19 ന് ആരംഭിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്.

**അപാകങ്ങൾ**

1.കോഴ്സ് നടത്തിപ്പുമായി ബന്ധപ്പെട്ട നടത്തിപ്പ് മാർഗ്ഗരേഖ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങിയിട്ടില്ല

2. ട്രാക്ടർ ഓപ്പറേഷൻ & മെയ്ന്റനൻസ് കോഴ്സിന് (25 ദിവസം ദൈർഘ്യം, 15 പേർ ഒരു ബാച്ചിൽ , ഒരു വർഷം രണ്ടു ബാച്ചിന് പരിശീലനം) 7000രൂപയും ഫാം മെഷീനറി ഓപ്പറേഷൻ & മെയ്ന്റനൻസ് കോഴ്സിന്( 20 ദിവസം ദൈർഘ്യം, 15 പേർ ഒരു ബാച്ചിൽ , ഒരു വർഷം രണ്ടു ബാച്ചിന് പരിശീലനം) 5000രൂപയും ഫീസ് നിശ്ചയിച്ചതിന് വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ട്. (05.03.19 ലെ 7/19(7) തീരുമാനം) . ഈ രീതിയിൽ ഫീസ് വാങ്ങിക്കൊണ്ട് കോഴ്സുകൾ നടത്തുക എന്നത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധികാര പരിധിയിൽ വരുന്നില്ല

3.ഫാം മെഷീനറി ഓപ്പറേഷൻ & മെയ്ന്റനൻസ് കോഴ്സ് ആരംഭിച്ചിട്ടില്ല

ഇതുമായി ബന്ധപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം) മറുപടിയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൃഷി വകുപ്പിന്റെയും വിവിധങ്ങളായ പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട ട്രാക്ടറുകളും മറ്റു കാർഷിക യന്ത്രോപകരണങ്ങളും ജില്ലയുടെ പല ഭാഗങ്ങളിലായി ഉണ്ടെങ്കിലും ഇത്തരം വൻകിട യന്ത്രോപകരണങ്ങളുടെ ഉപയോഗക്രമം ശാസ്ത്രീയമായി അഭ്യസിക്കുന്നതിനുള്ള കേന്ദ്രങ്ങൾ കണ്ണൂർ ജില്ലയിലോ സമീപ പ്രദേശങ്ങളിലോ ലഭ്യമല്ലാതിരുന്ന സാഹചര്യത്തിലാണ് ലഭ്യമായ മനുഷ്യവിഭവങ്ങൾ ഉപയോഗപ്പെടുത്തി പരിശീലനകേന്ദ്രം സ്ഥാപിക്കുവാൻ പദ്ധതി തയ്യാറാക്കി നടപ്പാക്കിയത് എന്നും കാർഷിക സ്വയം പര്യാപ്തതയം തരിശ് രഹിത ജില്ലയും ലക്ഷ്യമിടുന്ന കണ്ണൂർ ജില്ലയ്ക്ക്, യന്ത്രവൽക്കരണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം തന്നെ അവയുടെ ശാസ്ത്രീയമായ ഉപയോഗക്രമത്തിലും പരിപാലനത്തിലും ശ്രദ്ധ പതിപ്പിക്കുക എന്നതാണ് പദ്ധതി ലക്ഷ്യം എന്നും അറിയിച്ചിട്ടുണ്ട്.
പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പദ്ധതിയായതിനാൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ വേണമായിരുന്നു പദ്ധതി നടപ്പാക്കാൻ.

തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി പ്രസ്തുത വിഷയം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപെടുത്തുന്നു. അപാകങ്ങൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. ₹10,63,886 തടസത്തിൽ വെക്കുന്നു.

## 1-25 എ ബി സി പ്രോജക്ടിനു വേണ്ടി നിർമിച്ച കെട്ടിടം ഉപയോഗിക്കാനായില്ല.₹14,34,562/- പാഴ് ചെലവ്

പ്രോജക്ട്:- 372/2019 തെരുവുനായ്ക്കളുടെ പ്രജനനന നിയന്ത്രണ പദ്ധതി

അടങ്കൽ - 22,60,000/- (വികസനഫണ്ട് ജനറൽ)

- 20,000/- (തനത് ഫണ്ട്)

-1,00,00,000/- (ഗ്രാമപഞ്ചായത്ത് വിഹിതം)

ആകെ -1,22,80,000/-

നിർവഹണ ഏജൻസി :- നിർമിതി കേന്ദ്ര

ആകെ പ്രവൃത്തിമൂല്യം- ₹14,34,562/-

ചെക്ക് നമ്പർ:-2946157/27.3.2019 ₹10,61,087/-

മൊബിലൈസേഷൻ അഡ്വാൻസ് (2017-18) ₹ 3,10,000/-(ചെക്ക് നമ്പർ ലഭ്യമല്ല)

നിർവഹണ ഉദ്യോഗസ്ഥൻ - ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണം
സർക്കാരിലേക്കുള്ള അടവുകൾ – ഇൻകം ടാക്സ് ₹ 25390, ജി.എസ്.ടി.- ₹25390, KCWWF – ₹ 12695

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2017- 18 വർഷത്തെ 803/18 നമ്പർ പ്രോജക്ടായ തെരുവു നായ്ക്കളുടെ പ്രജനനനിയന്ത്രണ പദ്ധതിയുടെ ഭാഗമായി കോപ്പാലം വെറ്ററിനറി ഡിസ്പൻസറിയിൽ എ ബി സി കേന്ദ്രം നിർമിക്കുന്നതിന് 15,50,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, നിർമിതി കേന്ദ്രക്ക് മൊബിലൈസേഷൻ അഡ്വാൻസായി 2017-18 ൽ 3,10,000 രൂപ അനുവദിക്കുകയും 2018-19 ൽ ഫൈനൽ ബിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ച ചെക്ക് പ്രകാരം ഫൈനൽ ബിൽ തുക നിർമിതി കേന്ദ്രക്ക് നൽകിയിട്ടുണ്ട്.

ഓഡിറ്റിന്റെ ഭാഗമായി 05-12-2019 ന് തലശ്ശേരി നഗരസഭയുടെ പരിധിയിലുള്ള കോപ്പാലം വെറ്ററിനറി സെന്ററിൽ നിർവഹണ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ പരിശോധന നടത്തുകയുണ്ടായി. അപ്പോൾ കണ്ടതായ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1)കോപ്പാലം വെറ്ററിനറി സെന്ററിൽ നിർമിച്ച എ ബി സി സെന്റർ നിലവിൽ പ്രവർത്തിക്കുന്നില്ല.

2) സെന്ററിന് തൊട്ടടുത്ത ബിൽഡിംഗിൽ അങ്കണവാടി പ്രവർത്തിക്കുന്നുണ്ട്

3) മാലിന്യ നിർമാർജനത്തിന് ഫലപ്രദമായ മാർഗങ്ങളില്ല

4) നായകൾക്കു വേണ്ടിയുള്ള 12 കൂടുകൾ ഉപയോഗ ശൂന്യമായിക്കിടക്കുന്നു

/

5)ഷെൽഫുകൾ, വാഷിംഗ് മെഷീൻ,ഓട്ടോക്ലേവ്, ശസ്ത്രക്രിയോപകരണങ്ങൾ എന്നിവ ഉപയോഗിക്കാതെ നശിക്കുന്നു

6)ഉപ്പുവെള്ളം മാത്രം ലഭ്യമാകുന്നതിനാൽ ഉപകരണങ്ങൾ തുരുമ്പെടുത്ത് നശിക്കുന്നു

സ്ഥാപനത്തിന്റെ നിർമാണ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി പ്രസ്തുതസ്ഥലം എബിസി കേന്ദ്രം പ്രവർത്തിക്കുന്നതിന് അനുയോജ്യമാണോ എന്ന സാധ്യതാ പഠനം നടത്തിയിട്ടില്ല. ആ കാലത്ത് ചുമതലയുണ്ടായിരുന്ന നിർവഹണ ഉദ്യോഗസ്ഥൻ, സ്ഥലം വെറ്ററിനറി സർജൻ, ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ തീരുമാന പ്രകാരമാണ് ഇവിടെ കേന്ദ്രം ആരംഭിച്ചതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് അന്വേഷണം നമ്പർ 29/19-11-2019 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. കൂടാതെ എബിസി കേന്ദ്രം നിലവിൽ പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്നില്ലെന്ന് സമ്മതിച്ചിട്ടുമുണ്ട്. ആയതിനാൽ പ്രസ്തുത പദ്ധതിക്കു വേണ്ടി ചെലവഴിച്ച ₹14,34,562/- രൂപ പാഴ് ചെലവായതായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-26 വിഭാവനം ചെയ്ത രീതിയിൽ പ്രോജക്ട് നടപ്പാക്കാനായില്ല.ആസൂത്രണത്തിലെയും നിർവഹണത്തിലെയും പോരായ്മ

ജനങ്ങളുടെ ആവശ്യകത മനസ്സിലാക്കി പദ്ധതി ആസൂത്രണവും നിർവ്വഹണവും നടത്തുന്നതിൽ ജില്ലാ പഞ്ചായത്തിന് സാധിക്കുന്നില്ല എന്നതിന് ഉദാഹരണമാണ് മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കിയ നീറ്റ് മീറ്റ് പ്രോജക്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രോജക്ട്:-25/2019 ഇറച്ചിക്കോഴി ഉത്പാദനം - നീറ്റ് മീറ്റ് - ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം

അടങ്കൽ - 3,75,000/- (വികസനഫണ്ട് ജനറൽ)

- 3,75,000/- (ഗ്രാമപഞ്ചായത്ത് വിഹിതം)

-51,50,000/- (മറ്റുള്ളവ)

ആകെ -59,00,000/-

ബിൽ നമ്പർ:- 18190152027601449479 dt 21/3/2019 ₹75,000/-

**ആകെ ചെലവ്:- 75,000/-**

നിർവഹണം- ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണം

കേരളത്തിലെ ജനസംഖ്യയുടെ 85% വരുന്ന മാംസാഹാരികൾക്ക് ആവശ്യമായ ഇറച്ചിയുടെ 25% മാത്രമേ കേരളത്തിൽ ഉത്പാദിപ്പിക്കുന്നുള്ളൂ എന്നും ആയതിനാൽ ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള ഗണ്യമായ വിടവ് നികത്തുന്നതിന് കോഴി വളർത്തൽ മേഖലയിൽ വ്യാവസായികാടിസ്ഥാനത്തിൽ പുതിയ ഫാമുകൾ ആരംഭിക്കുന്നതിന് വേണ്ടി വിപുലമായ പദ്ധതിയാണ് ആവിഷ്കരിച്ചത്.

**പദ്ധതിയുടെ ലക്ഷ്യങ്ങൾ:-**

1.കണ്ണൂർ ജില്ലയിലെ ജനങ്ങൾക്ക് ലോകാരോഗ്യ സംഘടനയുടെ മാനദണ്ഡമനുസരിച്ചുള്ള മികച്ച മാംസം ലഭ്യമാക്കൽ

2.ഇറച്ചി ഉത്പാദനത്തിൽ സ്വയം പര്യാപ്തത

3.സ്ത്രീ ശാക്തീകരണം

4.സ്വയം തൊഴിൽ വഴി വരുമാന ലഭ്യത

5.ഭക്ഷ്യ സുരക്ഷ

**പ്രവർത്തനം:-**

(1) കണ്ണൂർ ജില്ലയിലെ എല്ലാ പഞ്ചായത്തിലും കുടുംബശ്രീ യൂണിറ്റ് ഓരോ ഫാം ആരംഭിക്കുന്നു.
(2) ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ വഴി കുടുംബശ്രീ അംഗങ്ങൾക്ക് ഇറച്ചിക്കോഴി വളർത്തലിൽ പരിശീലനം നൽകുന്നു.

/

(3) എല്ലാ പഞ്ചായത്തിലും കുടുംബശ്രീ യൂണിറ്റിന്റെ കീഴിൽ സൊസൈറ്റി രൂപീകരിക്കുന്നു.
(4) ഒരു ബാച്ചിൽ 1000 കോഴിവീതമുള്ള യൂണിറ്റുകളായി ഒരുവർഷം 6 ബാച്ച് കോഴികളെ വളർത്തുന്നു.
(5) കോഴികളെ വളർത്തി 35 ദിവസം പ്രായമാകുമ്പോൾ കേരളാ ചിക്കൻ എന്ന പേരിൽ ഇറച്ചിയായും മൂല്യവർധിത ഉത്പ്പന്നങ്ങളായും നേരിട്ടും സൊസൈറ്റി വഴിയും വിൽപ്പന നടത്തുന്നു.

നേട്ടങ്ങൾ:-

I) ശുദ്ധവും ഗുണമേന്മയുള്ളതുമായ ഇറച്ചി ലഭ്യമാകുന്നു

II) കണ്ണൂർ ജില്ലയിൽ 1020 മെ. ടൺ ഇറച്ചി ഒരു വർഷം ഉത്പാദിപ്പിക്കുന്നു

III) കൃഷിക്കാവശ്യമായ 1000 മെ. ടൺ ജൈവവളം ഒരു വർഷം ലഭിക്കുന്നു

IV)കണ്ണൂർ ജില്ലയിൽ ഒരു വർഷം ഏകദേശം 10 കോടി രൂപയുടെ അധികവരുമാനമുണ്ടാകുന്നു.

ആയതിനു വേണ്ടി 1,20,00,000 (ഒരു കോടി ഇരുപതു ലക്ഷം രൂപ വകയിരുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയത്. എന്നാൽ അവസാന ഘട്ടത്തിൽ കേവലം 75,000/- രൂപയുടെ ചെലവ് മാത്രമാണ് ഉണ്ടായത്. ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി ആയതിനനുസൃതമായി പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതിലേക്കും പ്രസക്തമല്ലാത്ത പ്രോജക്ടുകൾ തയ്യാറാക്കുന്നതിലൂടെ ഉണ്ടാവുന്ന ചെലവുകൾ കുറയ്ക്കുന്നതിലേക്കും ഇത് ഭരണസമിതിയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നു.

ധനസഹായം അനുവദിച്ച ആലക്കോട് ഗ്രാമപഞ്ചായത്തിലെ JLG ഗ്രൂപ്പിന്റെ 20-4-19 ലെ അവലോകന യോഗത്തിൽ കോഴിക്കുഞ്ഞുങ്ങളുടെ വളർച്ചാ നിരക്ക് കുറയുന്നതും മരണ നിരക്ക് കൂടുന്നതും കാരണം പ്രവർത്തനം നിർത്തിവെക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ ദീപം, പ്രദീഷ് എന്നീ യൂണിറ്റുകളുടെ നിലവിലെ അവസ്ഥയും, വായ്പ, വായ്പാ തിരിച്ചടവ് എന്നിവയുടെ വിശദാംശങ്ങളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 30/18-19/19-1-19 ന് മറുപടിയായി സ്ഥലം വെറ്ററിനറി സർജനിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട് എന്ന മറുപടിയാണ് നൽകിയത്. പ്രസ്തുത റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിൽ നിന്നും പ്രസ്തുത സംരംഭങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിക്കുകയും, പ്രോജക്ട് പാഴ് ചെലവായതായി ഓഡിറ്റ് വിലയിരുത്തുകയും ചെയ്യുന്നു.

## 1-27 വെറ്ററിനറി കേന്ദ്രത്തിൽ ന്യായവില മെഡിക്കൽ ഷോപ്പ് - പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകങ്ങൾ - ₹ 5,19,963 തടസ്സപ്പെടുത്തുന്നു.

പ്രോജക്ട്:-76/2019 വെറ്ററിനറി കേന്ദ്രത്തിൽ ന്യായവില മെഡിക്കൽ ഷോപ്പ്

അടങ്കൽ – ₹ 5,00,000/- (വികസനഫണ്ട് ജനറൽ), ₹ 40,000(തനത്) ആകെ ₹ 5,40,000

ബിൽ നമ്പർ:- 18190152027601350260 dt 12/3/2019 ₹1,77,245/-

ബിൽ നമ്പർ:- 18190152012301449462 dt 21/3/2019 ₹67,265/-

ബിൽ നമ്പർ:-25/18-19(ട്രഷറി ബിൽബുക്ക് പ്രകാരം) dt 21/3/2019 ₹2,49,679/-

ചെക്ക് നമ്പർ:-5781796/23.3.19 ₹20,000

ചെക്ക് നമ്പർ;-5624433/29.3.19 ₹5,774

**ആകെ ചെലവ്:- ₹ 5,19,963/-**

**നിർവഹണം - ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണം**

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഡെപ്യൂട്ടി ഡയറക്ടർ (എ എച്ച്) മൃഗസംരക്ഷണം നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്ന പദ്ധതിയാണ് കണ്ണൂർ ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ ന്യായവില മെഡിക്കൽ ഷോപ്പ്. മൃഗങ്ങളുടെ ചികിത്സക്കായുള്ള മരുന്നുകൾ വിലക്കിഴിവിൽ നൽകുന്നതിനുവേണ്ടിയുള്ള ഈ പദ്ധതിക്ക് കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 12/9/2018 ലെ 88/2018 നമ്പർ പ്രകാരം ഭരണാനുമതിയും, 6/9/18 ലെ 360/2018/DPC/DPO/KNR പ്രകാരം ജില്ലാ ആസൂത്രണ സമിതി അംഗീകാരവും നൽകിയിട്ടുണ്ട്. ആയതിന് വേണ്ടി മേൽ വിവരിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

/

ജനോപകാരപ്രദമായ ഈ പദ്ധതി നടപ്പിലാക്കുന്നതിൽ ഓഡിറ്റ് കണ്ടെത്തിയ അപാകങ്ങൾ, ഓഡിറ്റ് അന്വേഷണം നമ്പർ 33/18-19/07.12.19 പ്രകാരം നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പ്പെടുത്തിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടി പരിഗണിച്ച് താഴെപ്പറയുന്ന നിർദേശങ്ങൾ അറിയിക്കുന്നു

1)പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കാവുന്ന വാർഷിക പദ്ധതികൾ സംബന്ധിച്ച മാർഗരേഖ സ.ഉ.(കൈ)നം.11/2018/തസ്വഭവ. തീ.29.01.2018 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ ന്യായവില മെഡിക്കൽ ഷോപ്പുകൾ ആരംഭിക്കുന്നതിന് വേണ്ടി പ്രോജക്ടുകൾ തയ്യാറാക്കുന്നതു സംബന്ധിച്ച് യാതൊന്നും പ്രതിപാദിക്കുന്നില്ല. ആയതിനാൽ വികസനഫണ്ട് വിനിയോഗിച്ച് വിപണന കേന്ദ്രം ആരംഭിക്കുന്നതിന് സർകാർ അനുമതി ലഭ്യമാക്കേണ്ടതാണ്

2)മെഡിക്കൽ ഷോപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് വിശദമായ ബൈലോ തയ്യാറാക്കുകയും ആയതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അംഗീകാരം വാങ്ങുകയും ചെയ്യേണ്ടതാണ്
സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ, മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഏറ്റെടുത്ത പദ്ധതി ചെലവ് തുക ₹ 5,19,963/- തടസ്സപ്പെടുത്തുന്നു.

## 1-28 ജില്ലാ പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിൽ പച്ചക്കറിക്കൃഷി - മാർഗ്ഗരേഖ നിർദ്ദേശം പാലിക്കാതെ

നിർവഹണോദ്യോഗസ്ഥൻ : ഡെപ്യൂട്ടി ഡയറക്ടർ ,കൃഷി

പ്രോജക്ട് നമ്പർ :351/19-ജില്ലാ പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിൽ പച്ചക്കറി കൃഷി

അടങ്കൽ :₹238500 (വികസന ഫണ്ട്)

ഗുണഭോക്തൃ വിഹിതം : 79500

ചെലവ് :₹238500 ബിൽനം 04/18-19 തീയതി 31-12-2018

25 വീതം ബാഗുകളടങ്ങിയ 300 യൂണിറ്റ് ഗ്രോബാഗുകൾ വിവിധ സ്കൂളുകൾക്ക് നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഒരു യൂനിറ്റിന് ₹500 ഗുണഭോക്തൃ വിഹിതവും ₹1500 സബ്സിഡിയുമാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഒരു സ്കൂളിന് ഒന്നിലധികം യൂണിറ്റുകൾ അനുവദിക്കുന്നതാണ്. ഇതുപ്രകാരം 159 യൂണിറ്റ് ഗ്രോബാഗുകൾ കൃഷി ഭവൻ വഴി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ജില്ലാപഞ്ചായത്തിന്റെ കീഴിലല്ലാത്ത എയിഡഡ് എൽ.പി/യു.പി/ഹൈസ്കൂളുകൾ, ഗവ. എൽ.പി/ യു.പി സ്കൂളുകൾ എന്നിവയ്ക്കും ഗ്രോബാഗുകൾ വിതരണം ചെയ്തിട്ടുണ്ട്.

2.പദ്ധതി മാർഗ്ഗ രേഖ പ്രകാരം ₹1000000 കൂടുതൽ അടങ്കലുള്ള പ്രോജക്ടുകൾ മാത്രമേ ജില്ലാപഞ്ചായത്തിന് ഏറ്റെടുക്കാൻ പാടുള്ളൂ. എന്നാൽ ഈ നിബന്ധന പാലിക്കാതെയാണ് പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത്.
3. പദ്ധതി പൂർത്തീകരണ പത്രം , മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യ മാക്കിയിട്ടില്ല. കൂടാതെ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ടിന്റെ നേട്ട കോട്ടങ്ങൾ ചർച്ച ചെയ്ത് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 11/25-10-2019) മറുപടിയിൽ അപേക്ഷകൾ വളരെ കുറവായതിനാലും ജില്ലാപഞ്ചായത്തിന് കീഴിലല്ലാത്ത സ്കൂളുകളും ഈ സ്കീമിൽ വല്ലാത്ത താല്പര്യം പ്രകടിപ്പിച്ചതിനാലുമാണ് ജില്ലാപഞ്ചായത്തിന്റെ 12-09-2018 ലെ 84/2018(13) ഭരണസമിതി തീരുമാനപ്രകാരം അവരെക്കൂടി ഉൾപ്പെടുത്തിയത് എന്നാണ് അറിയിച്ചത്. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങളും, പദ്ധതി മാർഗ്ഗരേഖയും അനുസരിച്ച് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ജില്ലാ കൃഷിത്തോട്ടം തളിപ്പറമ്പ-വിവിധ എഞ്ചിനീയറിംഗ് പ്രവൃത്തികൾ-പദ്ധതി പൂർത്തീകരിക്കാത്തത്

പ്രോജക്ട് നമ്പർ 428/19

/

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ,കൃഷി

അടങ്കൽ – 11,50,000രൂപ (വികസന ഫണ്ട്- ജനറൽ)

ചെലവ് – 856838

| ബിൽ നമ്പർ തീയതി | തുക | റിമാർക്സ് | കരാറുകാരൻ |
|---|---|---|---|
| 2/18-19 28.09.18 | 3,10,444 | റിപ്പയർ &എക്സ്ടെൻഷൻ വർക്ക് | ശ്രീ ജിമ്മി ഇ ഐ |
| 18/18-19 27.03.19 | 5,46,394 | പൈപ്പ് റീ എലൈൻമെൻറ് | ശ്രീ സാജൻ ഇ ഡി |

ഇതിൽ പൈപ്പ് റീ എലൈൻമെൻറ് പ്രവൃത്തി ഏറ്റെടുത്ത ശ്രീ സാജൻ ഇ ഡി, പ്രവൃത്തിയുടെ 90%ത്തോളം പൂർത്തിയാക്കുകയും ചെയ്തതു വരെയുള്ള മൂല്യനിർണ്ണയം നടത്തി പാർട്ട് ബിൽ നല്കുകയും ചെയ്തിട്ടുണ്ട്. മെഷർമെൻറ് ബുക്കിൽ അതിനു ശേഷമുള്ള പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തിയിട്ടില്ല. കരാറുകാരൻ അതിനു ശേഷമുള്ള പ്രവൃത്തികൾ ചെയ്തിട്ടില്ല എന്നാണ് ഫയൽ പരിശോധനയിൽ വ്യക്തമാകുന്നത്.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നിരവധി തവണ കത്തു നല്കിയെങ്കിലും ടിയാൻ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലാത്തതിനാൽ അദ്ദേഹത്തിന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പൂർത്തീകരിക്കാൻ ജില്ലാ പഞ്ചായത്തിനോട് അപേക്ഷിച്ചിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പൂർത്തീകരണ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-30 സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ ഓഫീസ് കെട്ടിടത്തിന് അടിസ്ഥാന സൌകര്യം ഒരുക്കലും വൈദ്യുതീകരണ പ്രവൃത്തികളും-പദ്ധതി പൂർത്തീകരിക്കാത്തത്

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി
പ്രോജക്ട് നമ്പർ – 41/19

അടങ്കൽ – ₹17,00,000

ചെലവ് – ₹1,80,168രൂപ

കരാറുകാരൻ – ശ്രീ സി എം അബൂബക്കർ(1049659.16രൂപ)-സിവിൽ വർക്കുകൾ

എഗ്രിമെൻറ് – 2/18-19 01.09.18

എംബുക്ക് നമ്പർ – 51/17-18

| വൗച്ചർ നമ്പർ, തീയതി | തുക |
|---|---|
| 36/18-19 28.03.19 | 1,80,168 |

പ്രസ്തുത പ്രവൃത്തിയുടെ ലിന്റൽ ലെവൽ വരെ പൂർത്തിയാക്കി പാർട്ട് ബിൽ നല്കിയിട്ടുണ്ട്. അതിനു ശേഷമുള്ള അളവുകൾ അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തിയുടെ വളരെ ചെറിയ ഭാഗം മാത്രം പൂർത്തിയാക്കിയ കരാറുകാരന് പാർട്ട് ബിൽ അനുവദിക്കാനിടയാക്കിയ സാഹചര്യം വ്യക്തമാക്കപ്പെട്ടിട്ടില്ല.

/

ഒരു വർഷം പൂർത്തീകരണ കാലാവധി നിശ്ചയിച്ച പ്രസ്തുത പ്രവൃത്തി 2019 സെപ്റ്റംബർ മാസത്തിനകം പൂർത്തിയാക്കേണ്ടതായിരുന്നു എങ്കിലും നാളിതു വരെയായി തുടർന്നുള്ള പ്രവൃത്തികൾ നടത്തിയിട്ടില്ല. കരാർ വ്യവസ്ഥകളും സമയക്രമവും പാലിക്കാത്ത കരാറുകാരനെതിരെ സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-31 കോക്കനട്ട് നഴ്സറി , പാലയാട്-അടിസ്ഥാന സൌകര്യങ്ങൾ വർധിപ്പിക്കൽ-പൊളിച്ചു മാറ്റിയ സാധനങ്ങൾ -വില്പന നടത്തുന്നത്

പ്രോജക്ട് നമ്പർ – 55/19
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ,കൃഷി

അടങ്കൽ – ₹10,00,000 (തനത് ഫണ്ട്)

ചെലവ് – ₹6,81,029 (വൗച്ചർ നമ്പർ 33/18-19 23.03.19)

പ്രസ്തുത പദ്ധതിയുടെ ഭാഗമായി രണ്ടു പഴയ ഗേറ്റുകൾ പൊളിച്ചു മാറ്റിയിട്ടുണ്ട് . ആയതു പ്രകാരം പൊളിച്ചു മാറ്റിയ 4 ഗേറ്റു പാളികൾ നിയമാനുസൃതം വിൽക്കുന്നതിനോ ആവശ്യമുള്ള പക്ഷം പുനരുപയോഗം ചെയ്യുന്നതിനോ ഫാമിലേക്ക് 20.06.19 ന് കൈമാറിയതായി ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് ഫാമിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-32 കാർഷിക യന്ത്രവൽക്കരണം-റബർ സഹകരണ സംഘങ്ങൾക്ക് ആനുകൂല്യങ്ങൾ നല്കിയത്-97864രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

പ്രോജക്ട് നമ്പർ – 119/19
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി

അടങ്കൽ ₹31,12,545 (₹28,01,286- വികസന ഫണ്ട് - ജനറൽ, ₹311259 – ഗുണഭോക്തൃവിഹിതം)

ചെലവ്

| വൗച്ചർ നമ്പർ, ബിൽ നമ്പർ-തീയതി | തുക | |
|---|---|---|
| 8/18-19 21.01.19 | 12,00,000 | വർഷപ്രിയ അഗ്രോടെക്ക് പ്രൈവറ്റ് ലിമിറ്റഡ് |
| 9/18-19 13.03.19 | 1,10,250 | റെയ്ഡ്കോ |
| 11/18-19 13.03.19 | 8,03,100 | ,, |
| 15/18-19 22.03.19 | 6,87,936 | ,, |
| ഗുണഭോക്തൃവിഹിതം ചെക്ക്നമ്പർ 3093298/22.03.19 | 305701 | റെയ്ഡ്കോ |
| ചെക്ക്നമ്പർ 3093299/22.03.19 | 5558 | റെയ്ഡ്കോ |
| **ആകെ** | **₹31,12,545** | |

3,62,000രൂപ ഗുണഭോക്തൃവിഹിതമായി ഒടുക്കിയതിൽ 50,741 രൂപ ഗുണഭോക്താക്കൾക്ക് തിരികെ നല്കിയിട്ടുണ്ട്.

/

ജില്ലയിലെ കാർഷിക സഹകരണ സംഘങ്ങൾക്കും പാടശേഖര സമിതികൾക്കും കുടുംബശ്രീ യൂനിറ്റുകൾക്കും കാർഷിക യന്ത്രോപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. 10% ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ ഒരു സംഘത്തിന് പരമാവധി മൂന്നു ലക്ഷം രൂപയുടെ ഉപകരണങ്ങൾ വിതരണം ചെയ്യുകയാണ് പദ്ധതി ലക്ഷ്യം. പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങളിൽ റബർ ബോർഡിൽ രജിസ്റ്റർ ചെയ്ത താഴെ പറയുന്ന മൂന്ന് സംഘങ്ങളും ഉൾപ്പെടുന്നു.റബർ ബോർഡിൽ രജിസ്റ്റർ ചെയ്ത സംഘങ്ങൾക്ക് ബോർഡിൽ നിന്ന് ആനുകൂല്യങ്ങൾ ലഭ്യമാകുമെന്നിരിക്കെ പ്രസ്തുത സംഘങ്ങളെ തെരഞ്ഞെടുത്തത് ശരിയായ നടപടിയല്ല.

| സംഘത്തിന്റെ പേര് | നല്കിയ ഉപകരണങ്ങൾ | വില |
|---|---|---|
| തേർമല റബർ കർഷക സംഘം, ഉളിക്കൽ | പവർ സ്പ്രെയർ | 7696 |
| വായത്തൂർ റബർ ഉൽപ്പാദക സംഘം, ഉളിക്കൽ | ബ്രഷ് കട്ടർ, റോക്കർ സ്പ്രെയർ | 36750+5950=42700 |
| മണിപ്പാറ റബർ കർഷക വികസന സംഘം , ഉളിക്കൽ | ബ്രഷ് കട്ടർ, റോക്കർ സ്പ്രെയർ,കുറ്റിപ്പമ്പ് | 36750+5950+4768=47468 |
| | **ആകെ** | **₹97864** |

97864രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. റബർ ബോർഡിൽ നിന്നും പ്രസ്തുത സംഘങ്ങൾക്ക് ആനുകൂല്യങ്ങൾ നല്കിയിട്ടില്ല എങ്കിൽ അത്തരത്തിലുള്ള സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്. ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തുക തിരിച്ചു പിടിക്കേണ്ടതാണ്.

പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

## 1-33 സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ- വിത്തുണക്കൽ തറയുടെ വിപുലീകരണവും പഴയ കെട്ടിടം പൊളിച്ചു മാറ്റലും- പൊളിച്ചു മാറ്റിയ സാധനങ്ങളുടെ വില്പന സംബന്ധിച്ച്

പ്രോജക്ട് നമ്പർ – 425/19
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ,കൃഷി

അടങ്കൽ – ₹5,00,000 (തനതു ഫണ്ട്)

ചെലവ് – ₹4,61,069 (വൗച്ചർ നമ്പർ 5/18-19 തീയതി 28.09.18)

കരാറുകാരൻ – ശ്രീ സഫ്‌വാൻ സി (5.02%കുറഞ്ഞ നിരക്ക്)

എഗ്രിമെന്റ് – 1/17-18 തീയതി 17.11.17

അസിസ്റ്റന്റ് എഞ്ചിനീയർ, പിഡബ്ല്യുഡി ബിൽഡിംഗ്സ്, പയ്യന്നൂർ, തയ്യാറാക്കിയ സർവ്വേ റിപ്പോർട്ട് പ്രകാരം പഴയ കെട്ടിടം പൊളിച്ചു മാറ്റിയപ്പോൾ ലഭ്യമായ സാധനങ്ങളുടെ (മരം,ഓട്,കല്ല്,റബിൾ മുതലായവ) വാലേഷൻ 2,94,836.53 രൂപയാണ്. സാധനങ്ങൾ വില്പന നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 60/23.12.19) മറുപടിയായി പ്രസ്തുത സാധനങ്ങൾ ഫാം സൂപ്രണ്ടിന് കൈമാറിയിട്ടുണ്ടെന്നും തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. സാധനങ്ങൾ വില്പന

/

നടത്തുകയോ പുനരുപയോഗം ചെയ്യുകയോ ചെയ്യേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-34 സ്ഥലലഭ്യത ഉറപ്പു വരുത്താതെ പദ്ധതികൾ തയ്യാറാക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥർ – എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ – കണ്ണൂർ ജില്ലാ പഞ്ചായത്ത്

വിവിധ സ്കൂളുകളിൽ ടോയ്ലറ്റ്, ഗേൾസ് റൂം നിർമ്മാണത്തിനായി പദ്ധതി തയ്യാറാക്കുകയും സൈറ്റ് കൈമാറിക്കിട്ടാത്തതിനാൽ പ്രവൃത്തി തുടങ്ങാൻ കാലതാമസം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് മുമ്പ് സ്ഥല ലഭ്യത ഉറപ്പു വരുത്താത്തതാണ് ഇതിനു കാരണമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. പദ്ധതി തയ്യാറാക്കുന്നത് സ്കൂൾ അധികാരികളുടെ അപേക്ഷ പ്രകാരമല്ല എന്ന വസ്തുതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ജി എച്ച് എസ് എസ് രാമന്തളിയിൽ സ്ത്രീകൾക്കും കുട്ടികൾക്കും വിശ്രമമുറിയും ടോയ് ലറ്റും

പ്രോജക്ട് നമ്പർ – 611/17-18,654/18-19

അടങ്കൽ – 8,90,000

ചെലവ് – 711330 (ബിൽ നമ്പർ 55/21.03.19)

എം ബുക്ക് നമ്പർ – 137/17-18,279/18-19

കരാറുകാരൻ – ശ്രീ പ്രത്യുബാബു. കെ വി(7,77,283)

പൂർത്തീകരണ കാലാവധി – 6 മാസം

23.09.17 ന് കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും സൈറ്റ് കൈമാറുന്നത് 03.04.18 നു മാത്രമാണ്. മാസ്റ്റർ പ്ലാൻ പ്രകാരം പ്രസ്തുത സ്ഥലത്ത് മറ്റൊരു കെട്ടിടം പണിയാനിരിക്കുന്നതിനാൽ സൈറ്റ് കൈമാറാൻ ഹെഡ് മാസ്റ്റർ തയ്യാറാകുന്നില്ലെന്നു കാണിച്ച് കരാറുകാരൻ 04.01.18 ന് കത്തു നല്കിയിട്ടുണ്ട്. മറ്റൊരു കെട്ടിടത്തിന്റെ ഒന്നാം നിലയിൽ വിശ്രമമുറി പണിയാനാണ് സ്കൂൾ അധികൃതർ നിർദ്ദേശിച്ചതെന്നും കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ ആദ്യം തയ്യാറാക്കിയ ഗ്രൗണ്ട് ഫ്ലോറിൽ പണിയുന്നതിനുള്ള എസ്റ്റിമേറ്റ് പ്രകാരം തന്നെയാണ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്.

2.ജിഎച്ച്എസ് എസ് കുറുമാത്തൂർ
പ്രോജക്ട് നമ്പർ – 668/19
എഗ്രീഡ് പി എ സി – 782722
ചെലവ് – 645367(ബിൽ നമ്പർ 64/28.03.19)
എഗ്രിമെന്റ് തീയതി – 08.05.17
സ്ഥലം കൈമാറിയ തീയതി – 14.09.18

വിശ്രമ മുറി മാസ്റ്റർ പ്ലാൻ പ്രകാരം നിർമ്മിക്കുന്ന കെട്ടിടത്തിന്റെ സൈറ്റിൽ നിന്ന് മാറ്റി സ്ഥാപിക്കണമെന്ന് സ്കൂൾ അധികൃതർ അപേക്ഷിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പുതിയ സ്ഥലം കണ്ടെത്തി 14.09.2018 നു മാത്രമാണ് കരാറുകാരന് കൈമാറി നല്കിയിട്ടുള്ളത്.

3.ജി എച്ച്എസ്എസ് മലപ്പട്ടം
പ്രോജക്ട് നമ്പർ – 669/19
എഗ്രിമെന്റ് തീയതി – 28.06.17
സ്ഥലം കൈമാറിയ തീയതി – 26.06.2018

എം എൽ എ യുടെ ആസ്തി വികസന പദ്ധതിയുടെ ഭാഗമായി മൂന്ന് ക്ലാസ് റൂമുകൾ പണിയുന്നതിന് 30ലക്ഷം രൂപയും സംസ്ഥാന സർക്കാരിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2.8 കോടി രൂപയും സ്കൂളിന് ലഭിച്ചിട്ടുണ്ടെന്നും നിർദ്ദിഷ്ട സ്ഥലത്ത് കെട്ടിടം പണിയാൻ ബുദ്ധിമുട്ടുണ്ടെന്നും നിലവിലുള്ള കെട്ടിടത്തിന്റെ ഒന്നാം നിലയിലേക്ക് പദ്ധതി മാറ്റണമെന്നും

ഹെഡ് മാസ്റ്റർ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇവിടെയും ആദ്യത്തെ എസ്റ്റിമേറ്റ് പ്രകാരം തന്നെയാണ് പദ്ധതി പൂർത്തീകരിച്ചത്.

വിവിധ കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള നിരാക്ഷേപ പത്രമോ അംഗീകരിച്ച പ്ലാനോ കംപ്ലീഷൻ പ്ലാനോ ഉൾപ്പെടുത്താതിരിക്കുന്നതും കെട്ടിട നമ്പർ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താതിരിക്കുന്നതും അപാകമാണ്. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-35 റോഡ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നില്ല

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 22.02.18 ലെ ഡി ബി3/4620/12/സി ഇ നമ്പർ സർക്കുലറിൽ 2018-19 സാമ്പത്തിക വർഷത്തിൽ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന 25% റോഡ് ടാറിംഗ് പ്രവൃത്തികളിലും ഷ്രഡഡ് പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷം നടപ്പാക്കിയ പദ്ധതികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നത് അപാകമാണ്.

## 1-36 പിഴ ഈടാക്കിയതിൽ കുറവു വന്നത്-ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – എക്സിക്യൂട്ടീവ് എഞ്ചിനീയർ

ജി.ഒ.(പി)13/2012/PWD/01.02.12 കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖ. 2112 പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ നിശ്ചിത സമയപരിധിക്കകം പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയാതെ വരുമ്പോൾ - ഡിപ്പാർട്ട്മെന്റിലെ നിർമ്മാണ ഘട്ടത്തിലെ ഡിസൈൻ & നിർമ്മാണ പ്രശ്നങ്ങൾ മൂലമോ മറ്റോ – ദീർഘീകരണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നിശ്ചിത കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതാണ്. ഇത്തരത്തിലുള്ള ദീർഘീകരണം ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ലും പരമാവധി ദീർഘീകരണം ഒറിജിനൽ സമയത്തിന്റെ 50% ലും അധികരിക്കാവുന്നതല്ല.

ഖ.2112.1പ്രകാരം കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗീകമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ എ ഇ മുഖേന അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാക്കാത്ത പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. അതിന് തുക നൽകാവുന്നതല്ല. ആദ്യ തവണ 1% PAC Minimum 1000/- Maximum 50000/- ആദ്യതവണക്ക് ശേഷം 2% PAC Minimum 2,000/- Maximum 1,00,000/- എന്ന നിരക്കിൽ പിഴ ഈടാക്കാവുന്നതാണ്.
എന്നാൽ ജില്ലാ പഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പാക്കിയ പ്രവൃത്തികളിൽ ദീർഘീകരണം അനുവദിച്ച മിക്കവാറും പ്രവൃത്തികളിലും ബാധകമായ നിരക്കിൽ പിഴ ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

### 1. ജി എച്ച് എസ് എസ്,മാടായി- ക്ലാസ് റൂം നിർമ്മാണം

പ്രോജക്ട് നമ്പർ – 47/17,98/18,613/19

സർക്കാർ ഉത്തരവ് പ്രകാരം മേൽ സൂചിപ്പിച്ച വ്യവസ്ഥകൾ നിലവിലിരിക്കെ 9 മാസം പൂർത്തീകരണ കാലാവധി നിശ്ചയിച്ച് 17.03.17 ന് സ്ഥലം കൈമാറിയ പ്രസ്തുത പ്രവൃത്തി 23.04.18 നാണ് പൂർത്തീകരിച്ചത്. (കാലതാമസം-4മാസം 7ദിവസം) . സർക്കാർ ഉത്തരവു പ്രകാരം ആദ്യത്തെ 25% സമയ ദീർഘീകരണത്തിന് പി എ സി യുടെ 1% ഉം രണ്ടാമത്തെ 25% ദീർഘീകരണത്തിന് 2% ഉൾപ്പെടെ 3% പിഴ ഈടാക്കേണ്ടതായിരുന്നുവെങ്കിലും കരാറുകാരനിൽ നിന്ന് 2% നിരക്കിൽ മാത്രമാണ് പിഴ ഈടാക്കിയിട്ടുള്ളത്.

### 2.കുട്ടിമാവിൻ കീഴിൽ പെരിങ്ങാനം മാലൂർ റോഡ്

/

പ്രോജക്ട് നമ്പർ - 477/19

അടങ്കൽ – ₹20,00,000/-

ചെലവ് – ₹17,29,673/-

കരാറുകാരൻ – ശ്രീ ശ്രീനിവാസൻ പി ടി(₹17,62,311/-)

എംബുക്ക് നമ്പർ – 220/17-18

മൂന്ന് മാസം പൂർത്തീകരണ കാലാവധി നിശ്ചയിച്ച് 30.12.17 ന് സ്ഥലം കൈമാറിയ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയത് 27.05.18 നു മാത്രമാണ്. (കാലതാമസം - 2മാസം) യഥാർത്ഥ പൂർത്തീകരണ കാലാവധിയുടെ 50% ദീർഘീകരണം അനുവദിച്ച സാഹചര്യത്തിൽ ആയതിനു ബാധകമായ നിരക്കിൽ പിഴ ഈടാക്കേണ്ടതായിരുന്നുവെങ്കിലും 1% മാത്രമാണ് പിഴ ഈടാക്കിയത്.

23.03.18 മുതൽ 30.04.18 വരെ പിഴ ഒഴിവാക്കി നല്കിയതിന്റെ കാരണം അറിയിക്കേണ്ടതാണ്. പ്രസ്തുത തീയതിയിലും പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ രണ്ടാമത്തെ ദീർഘീകരണമായി കണക്കാക്കി 2% നിരക്കിൽ പിഴ ഈടാക്കേണ്ടതായിരുന്നു.
ബാധകമായ നിരക്കിൽ തുക ഈടാക്കേണ്ടതും അനധികൃതമായി ദീർഘീകരണം അനുവദിച്ചതിന് വിശദീകരണം നല്കേണ്ടതുമാണ്.

## 1-37 ഐറ്റം റേറ്റ് കോൺട്രാക്ട്- വളരെ കൂടിയ നിരക്കിൽ ക്വാട്ട് ചെയ്യുന്നത്

ചില ഇനങ്ങൾക്ക് പ്രൈസ് ആപ്ലിക്കേഷനിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കിനേക്കാൾ വളരെ കൂടിയ നിരക്ക് കരാറുകാർ ക്വാട്ടു ചെയ്തതായി കാണുന്നു. ഒട്ടും ന്യായീകരിക്കത്തക്കതല്ലാത്ത നിരക്കുകൾ അംഗീകരിച്ചതിന്റെ കാരണം അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 74/28.12.19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

| പ്രവൃത്തിയുടെ പേര് | കരാറുകാരൻ | ഇനം | എസ്റ്റിമേറ്റ് നിരക്ക് | ക്വാട്ടു ചെയ്ത നിരക്ക് |
|---|---|---|---|---|
| ജിഎച്ച്എസ്എസ് കതിരൂർ അറ്റകുറ്റപ്പണി,231/19 | ശ്രീ ജിനോസ്.കെ | 11(14.83)hacking of CC flooring including cleaning of surface etc complete …. | 2.07/ ച.മീ | 20/ച.മീ |
| വെള്ളാട് മാവുംചാൽ റോഡ്,210/19 | ശ്രീ ബേബി ജോസഫ് | 2(3.2)preparation of foundation for embankment scarifying existing bituminuous surface to a depth of 150mm by mechanical means ……. | 8.75/ച.മീ | 1772.8/ച.മീ |
| ചോരക്കുളം പൊതുവാച്ചേരി റോഡ്,493/19 | പിക്കോസ് | 1. (3.15.2)compacting original ground supporting subgrade loosening of ground upto a level of 300mm below subgrade level.. | 54.15/ ഘ.മീ | 210/ഘ.മീ |
| കൊട്ടയോടി പഴയടത്തില്ലം മാവിലോട്ടുമുക്കു റോഡ്,534/18 | മാൽക്കോസ് | 1(3.15.2)compacting original ground supporting subgrade loosening of ground upto a level of | 53.04/ ഘ.മീ | 1800/ഘ.മീ (604.8ഘ മീ അളവ് ചെയ്ത് 10,88,640രൂപ |

/

| | | | | |
|---|---|---|---|---|
| | | 300mm below subgrade level.. | | മൂല്യം നിർണ്ണയിച്ചിട്ടുണ്ട് (എം ബുക്ക് 367/17-18)) |

ക്വാട്ട് ചെയ്ത നിരക്ക് അംഗീകരിച്ചതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-38 റോഡ് പ്രവൃത്തിയിൽ സംഭവിച്ച കേടുപാടുകൾ - തുടർനടപടികളുടെ വിവരം ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പറവൂർ കാരാക്കുണ്ട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ-കടന്നപ്പള്ളി പാണപ്പുഴ ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നം | 149/19 |
| അടങ്കൽ | ₹15,00,000/- സംരക്ഷണ ഗ്രാന്റ് – റോഡ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| ചെലവ് **( Q-Bill)** | ₹12,32,919<br>ബിൽ നം. 247/26.03.2019 |
| കരാറുകാരൻ | ശ്രീ.ബിനു ആറ്റുപുറത്ത് |
| കരാർ തീയ്യതി | 03.10.2018 |
| പൂർത്തീകരണ തീയ്യതി | 01.03.2019 |

2018-19 വർഷം നടപ്പിലാക്കിയ മേൽ പ്രവൃത്തി 01.03.2019 തീയതിയിൽ പൂർത്തീകരിച്ച് ഫൈനൽ ബില്ല് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ വർഷാവസാനം സമർപ്പിച്ച ബിൽ ആയതിനാൽ ട്രഷറി ബില്ല് പാസ്സാക്കുകയുണ്ടായില്ല.

01.03.2019 തീയ്യതിയിൽ പൂർത്തിയാക്കിയ മേൽ റോഡിന് രണ്ട് മാസം കൊണ്ട് കേടുപാടുകൾ സംഭവിച്ചതായും ഭൂരിഭാഗം സ്ഥലങ്ങളിലും പാച്ചുകൾ രൂപപ്പെട്ടതായും അസി.എഞ്ചിനിയർ, കടന്നപ്പള്ളി പാണപ്പുഴ ഗ്രാമ പഞ്ചായത്ത് കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറെ 17.05.2019 തീയ്യതിയിൽ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനിയർ റോഡിനുണ്ടായ കേടുപാടുകൾ അസി.എഞ്ചിനിയറുടെ മേൽ നോട്ടത്തിൽ പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 09.07.2019 തീയ്യതിയിൽ കരാറുകാരന് കത്ത് അയച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിക്കാത്ത പക്ഷം നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്നും കത്തിൽ അറിയിച്ചിട്ടിണ്ട്. മേൽ പ്രവൃത്തി നടത്തിയതിന് കരാറുകാരന് തുക നൽകിയിട്ടുണ്ടോയെന്നും കേട് പാടുകൾ പരിഹരിച്ചതായി അസി.എഞ്ചിനിയർ റിപ്പോർട്ട് നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 56 തീയ്യതി :18-12-2019) മറുപടി ഹാജരാക്കിയിട്ടില്ല. ഈ വിഷയത്തിൽ കരാറുകാരൻ നൽകിയ മറുപടി എന്തെന്നും സ്വീകരിച്ച തുടർനടപടികളുടെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-39 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ |
| പ്രോജക്ട് നം | 387/19 |
| അടങ്കൽ | ₹15,00,000/- വികസനഫണ്ട് |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| ചെലവ് | ₹8,26,000/- ബിൽ നം. 38/03.11.2018 |

ജില്ലാ തലത്തിൽ റോഡ് നെറ്റ് വർക്ക് മാപ്പിംഗും കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഇതിനായി സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവിറോൺമെന്റ് സെന്റർ, വികാസ് ഭവൻ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് 8,26,000 രൂപ കൈമാറിയിട്ടുണ്ട്. സ്ഥാപനവുമായി 20.10.2018 തീയ്യതിയിലുണ്ടാക്കിയ കരാർ പ്രകാരം പ്രവൃത്തിയുടെ പുരോഗതി വിവരം ഓരോ മാസവും ജില്ലാപഞ്ചായത്തിനെ അറിയിക്കേണ്ടതും കരാർ വെച്ച് ആറ് മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണ്. പ്രവൃത്തി ഇതുവരെയായി പൂർത്തിയാക്കാത്തത് സംബന്ധിച്ചും നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.57 തീയ്യതി:18-12-2019) സമർപ്പിച്ച മറുപടിയിൽ ഇതിന്റെ സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുണ്ടെന്നും ഫീൽഡ് സർവ്വെ പ്രവൃത്തികൾ നടത്താനായി J&J Engineering Consultancy എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ആയത് പുരോഗമിച്ചുവരുന്നുണ്ടെന്നും പ്രവൃത്തി ജനുവരിമാസത്തോടെ പൂർത്തികരിക്കുമെന്നും ഫെബ്രുവരി മാസത്തോടെ ഏതൊരാൾക്കും കണ്ണൂർ ജില്ലയിലെ റോഡുകളുടെ വിവരങ്ങൾ R-Track App വഴി ലഭ്യമാകുമെന്നും സംസ്ഥാനത്ത് ആദ്യമായി ഏറ്റെടുത്ത പ്രവൃത്തിയായതിനാൽ ചില പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് .

## 1-40 ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത സ്ഥാപനത്തിന് വേണ്ടി പ്രോജക്ട് തയ്യാറാക്കൽ - ₹6,93,432-ന്റെ ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി നിർവഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ പഞ്ചായത്തുകൾക്ക് സാസ്കാരിക നിലയങ്ങൾ നിർമിക്കുന്നതിനും അറ്റകുറ്റപ്പണി ചെയ്യുന്നതിനും, അടിസ്ഥാന സൗകര്യ വികസനത്തിനുമായി ജില്ലാപഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 166-ാം വകുപ്പ് (1) -ാം ഉപവകുപ്പ് മൂന്നാം പട്ടിക പ്രകാരം സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കൽ ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽപെട്ടതാണ്. ഇത് ലംഘിച്ചാണ് പ്രോജക്ടുകൾ തയ്യാറാക്കിയിരിക്കുന്നത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

1. പ്രോജക്ട് നമ്പർ : 153/19- കാവുംകൂടി പട്ടിക വർഗ്ഗ സാസ്കാരിക നിലയം അറ്റകുറ്റപ്പണി ആലക്കോട് ഗ്രാമ പഞ്ചായത്തിന് ധനസഹായം നൽകൽ

അടങ്കൽ : ₹10,00,000

ചെലവ് : ₹10,00,000 (ബിൽ നം. 3/18-19 തീയതി 21-03-2019 )

ആലക്കോട് ഗ്രാമപഞ്ചായത്ത് കാവുംകൂടി കമ്യൂണിറ്റി ഹാൾ നവീകരണം എന്ന പ്രോജക്ട് ( നം .141/19 ) ₹10,00,000 ജില്ലാ പഞ്ചായത്ത് വിഹിതവും ₹1,00,000 ഗ്രാമ പഞ്ചായത്ത് തനത് ഫണ്ട് വിഹിതവും വകയിരുത്തി തയ്യാറാക്കിയിട്ടുണ്ട്.

2. പ്രോജക്ട് നമ്പർ : 150/19- കായപ്പൊയിൽ പട്ടിക വർഗ്ഗ സാസ്കാരികനിലയം നിർമ്മാണം-എരമം - കുറ്റൂർ ഗ്രാമപഞ്ചായത്തിന് ധനസഹായം നൽകൽ

അടങ്കൽ : ₹30,00,000

ചെലവ് : ₹30,00,000 (ബിൽ നം. 2/18-19 തീയതി 21-03-2019 )

എരമം - കുറ്റൂർ ഗ്രാമപഞ്ചായത്ത് കായപ്പൊയിൽ കമ്യൂണിറ്റി ഹാൾ നിർമ്മാണം എന്ന പ്രോജക്ട് (നം .205/19 ) ₹30,00,000 ജില്ലാ പഞ്ചായത്ത് വിഹിതവും ₹10,000 ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് വിഹിതവും വകയിരുത്തി തയ്യാറാക്കിയിട്ടുണ്ട്.

3. പ്രോജക്ട് നമ്പർ : 146/19- പട്ടിക വർഗ്ഗ സാസ്കാരിക നിലയത്തിന് അടിസ്ഥാന സൗകര്യവികസനം ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം നൽകൽ

അടങ്കൽ :₹7,00,000

/

ചെലവ് :₹543432 - ബിൽ നം.1/18-19 തീയതി 21-03-2019

:₹150000 – ബിൽ നം .6/18-19 തീയതി 21-03-2019

ആകെ :₹693432

മേൽ പ്രോജക്ട് പ്രകാരം താഴെ പറയുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകിയിട്ടുണ്ട്.

| ക്രമ നം | പഞ്ചായത്തിന്റെ പേര് | തുക |
|---|---|---|
| 1 | ആറളം ഗ്രാമപഞ്ചായത്ത് | 100000 |
| 2 | പായം | 150000 |
| 3 | കോളയാട് | 193432 |
| 4 | തൃപ്രങ്ങോട്ടൂർ | 100000 |
| 5 | പാട്യം | 150000 |
| ആകെ | | 693432 |

മേൽ പ്രോജക്ടുകൾക്ക് സാമ്പത്തിക വർഷാവസാനമായ 2019 മാർച്ച് മാസമാണ് തുക പിൻവലിച്ച് നൽകിയിട്ടുള്ളത്. അതുകൊണ്ട് തന്നെ സംയുക്ത പ്രോജക്ടുകൾക്ക് നൽകിയ തുക വിനിയോഗിക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് സാധിച്ചിട്ടുമില്ല. കൂടാതെ പ്രോജക്ടുകളുടെ പൂർത്തീകരണ സാക്ഷ്യപത്രം ,വിനിയോഗ പത്രം , മോണിറ്ററിംഗ് റിപ്പോർട്ട്, എന്നിവയും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ₹6,93,432 തടസ്സപ്പെടുത്തുന്നു.

## 1-41 ക്ഷീര സംഘം മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി - വിനിയോഗ പത്രപ്രകാരമുള്ള ബാക്കി തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ചില്ല.

നിർവഹണോദ്യോഗസ്ഥൻ : ഡെപ്യൂട്ടി ഡയറക്ടർ ,ഡയറീസ്

പ്രോജക്ട് നമ്പർ : 15/19- ക്ഷീര സംഘം മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി

അടങ്കൽ : ₹27164935

ചെലവ് : ₹27164935

മേൽ പ്രോജക്ട് പ്രകാരം ക്ഷീര സംഘം മുഖേന വിതരണം ചെയ്യന്ന പാലിന് സബ്സിഡി നൽകുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ തുക നൽകിയിട്ടുണ്ട്. ലഭ്യമാക്കിയ വിനിയോഗ പത്രം അനുസരിച്ച് ഉപയോഗിക്കാതെ ബാക്കിയുള്ള തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. വിശദ വിവരം ചുവടെ കൊടുക്കുന്നു

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര് | നൽകിയ വിഹിതം | വിനിയോഗിച്ച തുക | ബാക്കി |
|---|---|---|---|---|
| 1 | ഉദയഗിരി | 1170000 | 1165216 | 4784 |
| 2 | കാങ്കോൽ - ആലപ്പടമ്പ് | 1008000 | 981415 | 26585 |
| 3 | രാമന്തളി | 112500 | 112168 | 332 |

/

| | | | | |
|---|---|---|---|---|
| 4 | തില്ലങ്കേരി | 400000 | 386515 | 13485 |
| 5 | പന്ന്യന്നൂർ | 210000 | 185931 | 24069 |
| 6 | കുന്നോത്ത്പറമ്പ് | 75000 | 74977 | 23 |
| 7 | കോട്ടയം | 125000 | 50892 | 74108 |
| 8 | മാലൂർ | 350000 | 349878 | 122 |
| 9 | മൊകേരി | 100000 | 95157 | 4843 |
| 10 | കടമ്പൂർ | 70000 | 53650 | 16350 |
| 11 | തൃപ്രങ്ങോട്ടൂർ | 31185 | 30941 | 244 |
| 12 | മുഴക്കുന്ന് | 300000 | 299998 | 2 |
| 13 | ധർമ്മടം | 200000 | 176405 | 23595 |
| 14 | മുഴപ്പിലങ്ങാട് | 50000 | 27043 | 22957 |
| 15 | അയ്യങ്കുന്ന് | 1050000 | 837096 | 212904 |
| 16 | അയ്യങ്കുന്ന് | 400000 | 399868 | 132 |
| 17 | പരിയാരം | 900000 | 869132 | 30868 |
| ആകെ | | | | 455403 |

## 1-42 വാട്ടർ സ്പോർട്ട്സ് പരിശീലനം നൽകിയതിലെ ന്യൂനതകൾ - ₹30,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) |
| പ്രോജക്ട്നം/ പദ്ധതിയുടെ പേര് | SO 430/19, (625/18)വാട്ടർ സ്പോർട്ട്സ്-വിദഗ്ദ്ധ പരിശീലനം (കനോയിംഗ്,കയാക്കിംഗ്,റോയിംഗ്) |
| അടങ്കൽ | 2,00,000/-വികസനഫണ്ട്(പൊ.വി.) |
| ചെലവ് | 1,76,815/-വികസനഫണ്ട്(പൊ.വി.) |
| ബിൽനം. | 1/18-19.തീയ്യതി.16.05.19<br>1,76,815/- വികസനഫണ്ട് |

ദേശീയ-അന്തർദേശീയ വാട്ടർ സ്പോർട്ട്സ് മൽസരങ്ങൾക്ക് കുട്ടികളെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) നിർവ്വഹണ ഉദ്യോഗസ്ഥയായി ജില്ലാ സ്പോർട്ട്സ് കൗൺസിൽ മുഖാന്തിരം നടപ്പിലാക്കിയ പദ്ധതിയാണ് 'വാട്ടർ സ്പോർട്ട്സ് (കനോയിംഗ്,കയാക്കിംഗ്, റോയിംഗ്)-വിദഗ്ദ്ധ പരിശീലനം'.15 മുതൽ 30 വയസ്സുവരെയുള്ള യുവതീ യുവാക്കൾക്ക് 20 ദിവസം കനോയിംഗ്, കയാക്കിംഗ്, റോയിംഗ് എന്നീ ഇനങ്ങളിൽ പരിശീലനം നൽകുന്നതിനാണ് പദ്ധതി.

ഹാജരാക്കിയ രേഖകൾ പ്രകാരം 2018 മാർച്ച് മാസം 5ാം തിയതി മുതൽ 24ാം തിയതിവരെ രാമന്തളി പഞ്ചായത്തിലെ കുന്നരു പുഴയിൽ വച്ച് ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ 30 കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ട്രെയിനിംഗ് നടത്തിയിട്ടുണ്ട്. പ്രൊജക്ട് പരിശോധനയിൽ താഴെപ്പറയുന്ന ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടു.

1.<u>പ്രോജക്ട് അതിന്റെ ആത്യന്തിക ലക്ഷ്യം കൈവരിച്ചില്ല</u>: ദേശീയ-അന്തർദേശീയ വാട്ടർ സ്പോർട്ട്സ് മൽസരങ്ങൾക്ക് കുട്ടികളെ സജ്ജരാക്കുക എന്നതാണ് പ്രോജക്ടിന്റെ ആത്യന്തിക ലക്ഷ്യം. എന്നാൽ പരിശീലന സമയത്ത് മികവു പുലർത്തുന്ന കുട്ടികൾക്ക് തുടർ പരിശീലനം നടത്തി അവരെ സംസ്ഥാന, ദേശീയ തലത്തിലുള്ള വാട്ടർ സ്പോർട്ട്സ് മൽസരങ്ങളിൽ പങ്കെടുപ്പിക്കുന്ന തരത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. അതിനാൽ 30 കുട്ടികൾക്ക് 20 ദിവസത്തെ പരിശീലനം എന്നതിനപ്പുറം പ്രോജക്ട് അതിന്റെ ലക്ഷ്യത്തെ സാധൂകരിക്കുന്നില്ല.

/

2.സ.ഉ.(കൈ)നം.11/2018/തസ്വഭവ തീ:29.01.18 മാർഗ്ഗരേഖ ,7.10.5 പ്രകാരം ഗ്രാമപഞ്ചായത്തുതല സ്പോർട്സ് കൗൺസിലുകൾ സജീവമാക്കേണ്ടതും,കായിക ക്ഷമതയുള്ള കുട്ടികളെ ചെറുപ്പത്തിലെ കണ്ടെത്തി ദീർഘവീക്ഷണത്തോടെ ജില്ല /സംസ്ഥാന സ്പോർട്സ് കൗൺസിലുകളുടെ പങ്കാളിത്തത്തോടെയും ശാസ്ത്രീയ പരിശീലന പരിപാടികൾ രൂപകൽപനചെയ്തു നടപ്പിലാക്കാവുന്നതാണ്. 3.5.6 പ്രകാരം ജില്ലാ പഞ്ചായത്തുകൾക്ക് 10,00,000/- രൂപയിൽ മുകളിൽ അടങ്കൽ ഉള്ള പ്രോജക്ടുകൾ മാത്രമേ എറ്റെടുക്കാൻ പാടുള്ളു. പരിശീലന പരിപാടിയിൽ പങ്കെടുത്ത 30 കുട്ടികളും രാമന്തളി ഗ്രാമപഞ്ചായത്തിൽ നിന്ന് ഉള്ളവരാണ്. മറ്റു പഞ്ചായത്തുകളുടെ പങ്കാളിത്തമില്ലായ്മ പരാമർശിച്ച് നൽകിയ എൻക്വയറിക്ക് (നം.2/19.10.18) 'പരിശീലന സ്ഥലം മേൽ പഞ്ചായത്തിലായതിനാലാണ് അപേക്ഷകർ ഒരേ പഞ്ചായത്തിൽ നിന്നായത് ' എന്ന മറുപടിയാണ് ലഭ്യമാക്കിയത്. മേൽ പ്രസ്താവിച്ച മൂന്നു കാരണങ്ങളാൽ പ്രസ്തുത പ്രോജക്ട് ഗ്രാമപഞ്ചായത്തുതലത്തിൽ എറ്റെടുത്തു നടത്തുന്നതായിരുന്നു അഭികാമ്യം.

3.പരിശീലകരുടെ യോഗ്യതയായി പ്രോജക്ടിൽ പറയുന്നത് ജില്ലാ സ്പോർട്സ് കൗൺസിൽ അംഗീകാരമുള്ളവരും ദേശീയ-അന്തർദേശീയ വാട്ടർ സ്പോർട്സ് മത്സരങ്ങളിൽ പ്രാവീണ്യമുള്ളവരും (BPED,MPED യോഗ്യത ഉള്ളവർ/സ്കൂൾ,കോളേജിൽ നിന്ന് വിരമിച്ച അദ്ധ്യാപകർ) ആയിരിക്കണമെന്നാണ്. എന്നാൽ പരിശീലനം നൽകിയ അദ്ധ്യാപരുടെ യോഗ്യത തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പരിശീലകരുടെ ഹോണറേറിയം ഇനത്തിൽ നൽകിയ ₹30,000 തടസ്സപ്പെടുത്തുന്നു.

## 1-43 വന്യമൃഗ ശല്യംതടയാൻ ഗ്രാമപഞ്ചായത്തിന് ധനസഹായം - ചുമതലയിൽ പെടാത്ത ഇനത്തിന് പ്രോജക്ട് തയ്യാറാക്കൽ - ₹410000-ന്റെ ചെലവ് തുക തടസ്സപ്പെടുത്തുന്നു

നിർവഹണോദ്യോഗസ്ഥൻ : ഡെപ്യൂട്ടി ഡയറക്ടർ (Y/P),കൃഷി

പ്രോജക്ട് നമ്പർ :385/19-വന്യമൃഗ ശല്യംതടയാൻ ഗ്രാമപഞ്ചായത്തിന് ധനസഹായം

അടങ്കൽ :₹410000 വികസന ഫണ്ട്

:₹410000 – ഗ്രാമ പഞ്ചായത്ത് വിഹിതം

ആകെ :₹820000

ചെലവ് :₹410000 - ബിൽനം 07/18-19 dtd 29-01-2019

വന്യമൃഗ ശല്യം തടയാൻ ഗ്രാമ പഞ്ചാത്തിന് സഹായം നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത് . ഇതുപ്രകാരം ചെറുപുഴ ഗ്രാമ പഞ്ചായത്തിന് വനാതിർത്തിയിൽ സ്ഥാപിച്ചിരിക്കുന്ന സൗരോർജ്ജ വൈദ്യുതി വേലി അറ്റകുറ്റപ്പണി നടത്തുന്നതിനും തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന് വന്യമൃഗ ശല്യം തടയുന്നതിന് 3 കി.മീ നീളത്തിൽ സൗരോർജ്ജ വേലി കെട്ടുന്നതിന് വനം വകുപ്പിന് കൈമാറുന്നതിനായും ഉദയഗിരി ഗ്രാമപഞ്ചായത്തിന് 11 കി.മീറ്ററിനുള്ളിൽ സോളാർ ഫെൻസിംഗിന്റെ പാനൽ ,ബാറ്ററി റിപ്പയർ ലൈൻ പൊട്ടിപ്പോയത് റിപ്പയർ ചെയ്യുക, പോസ്റ്റ് മാറ്റുക എന്നിവയ്ക്കുമായി താഴെ കൊടുത്ത പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക | വിനിയോഗ പത്രം ലഭ്യമാക്കിയ വിവരം |
|---|---|---|---|
| 1 | ചെറുപുഴ | 100000 | ലഭ്യമല്ല |
| 2 | തൃപ്രങ്ങോട്ടൂർ | 210000 | ലഭ്യമല്ല |
| 3 | ഉദയഗിരി | 100000 | 100000 |
| | ആകെ | 410000 | |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.7/25-10-2018) മറുപടിയിൽ വിനിയോഗ പത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തുകളുടെ ചുമതലയിൽ പെടാത്ത

ഇനത്തിന് തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ₹410000 തടസ്സപ്പെടുത്തുന്നു.

## 1-44 ഇ-അറ്റൻഡൻസ് സംവിധാനം ലക്ഷ്യം കൈവരിച്ചില്ല – 45 ലക്ഷം പാഴ് ചെലവാക്കി -സർക്കാർ ഫണ്ടിന് നഷ്ടം വരുത്തി - 45,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട്:-382/2019- സമഗ്ര വിദ്യാഭ്യാസ പദ്ധതി

അടങ്കൽ - 80,00,000/- (വികസനഫണ്ട് ജനറൽ)

| സുലേഖ പത്രിക പ്രകാരം ആകെ ചെലവ് | | |
|---|---|---|
| ഇ-അറ്റൻഡൻസ് | മറ്റു പദ്ധതികൾ | ആകെ |
| 35,40,000 | 14,07,382 | 49,47,382 |

ആകെ ചെലവ്- 49,47,382/-(സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം)

**നിർവഹണം- ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം**

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം നിർവഹണ ഉദ്യോഗസ്ഥനായി വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി. ആയതിൽ ഉൾപ്പെട്ട വിവിധ പദ്ധതികളിൽ ഒന്നാണ് "വിദ്യാലയങ്ങളിൽ ഇ-അറ്റൻഡൻസ് സംവിധാനം നടപ്പാക്കൽ". ആയതിന് വേണ്ടി ആകെ ₹45,00,000/- വകയിരുത്തുകയും താഴെ വിവരിക്കും പ്രകാരം തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

1) ബിൽ നമ്പർ-18190152023100591417 dt 29.9.18-₹17,70,000/-

(ഇതിൽ നിന്നും ₹15,00,000/- MAXLORE INNOVATIONS എന്ന സ്ഥാപനത്തിനും,₹2,70,000/- ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്കും (GST) മാറി നൽകിയിട്ടുണ്ട് )

2) ബിൽ നമ്പർ- 18190152023101061168 dt 15.01.19 ₹17,70,000/-

(ഇതിൽ നിന്നും ₹15,00,000/- MAXLORE INNOVATIONS എന്ന സ്ഥാപനത്തിനും,₹2,70,000/- ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്കും (GST) മാറി നൽകിയിട്ടുണ്ട് )

3)ചെക്ക് നമ്പർ-453982/03.05.19 ₹9,60,000/- (2019-20 വർഷത്തെ ചെലവ്)

(MAXLORE INNOVATIONS എന്ന സ്ഥാപനത്തിന് നല്കി)

4) ബിൽ നമ്പർ -19190152023100606565 dt 24.09.19 ₹15,00,000/-(2019-20 വർഷത്തെ ചെലവ്)
ക്രമനമ്പർ 4 പ്രകാരം പിൻവലിച്ച 15 ലക്ഷത്തിൽ നിന്നും

(മുകളിൽ മൂന്നാം നമ്പറായി കാണിച്ചിരിക്കുന്ന തനത്ഫണ്ട് ചെക്കിൽ നിന്നും താൽകാലികമായി നൽകിയ തുകയായ ₹9,60,000/- തിരികെ തനത് ഫണ്ടിലേക്ക് കൈമാറുകയും ₹ 5,40,000/- MAXLORE INNOVATIONS എന്ന സ്ഥാപനത്തിന് നൽകുകയും ചെയ്തു.)

**ഈ പദ്ധതിക്കായി യഥാർത്ഥത്തിൽ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ:-**

I) MAXLORE INNOVATIONS എന്ന സ്ഥാപനത്തിന് നൽകിയ തുക-

15,00,000+15,00,000+9,60,000+5,40,000=45,00,000

II) GST ഇനത്തിൽ ബന്ധപ്പെട്ട വകുപ്പിന് നൽകുന്നതിന് വേണ്ടി ജില്ലാ പഞ്ചായത്തിൽ അടച്ചത്- ₹5,40,000/-

**ആകെ ചെലവ്- ₹50,40,000/-**

**പ്രോജക്ട് നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ:_**

കണ്ണൂർ ജില്ലാപഞ്ചായത്ത് 2018-19 വർഷം സമഗ്ര വിദ്യാഭ്യാസ പദ്ധതിക്ക് ₹80,00,000/- രൂപ വികസനഫണ്ടിനത്തിൽ വകയിരുത്തുകയും ആയതിന് ജില്ലാപഞ്ചായത്ത് 12.3.18 ലെ 32/18 നമ്പർ

തീരുമാനപ്രകാരവും, ജില്ലാ ആസൂത്രണ സമിതി 28/3/18 ലെ 360/2018/DPC/DPO/KNR നമ്പറായും അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയിൽ സഹവാസക്യാമ്പ്, പകൽക്യാമ്പ് രക്ഷാകർതൃബോധവത്കരണം, ഇ- അറ്റന്റൻസ്, മാർഷ്യൽ ആർട്ട്സ്, ജൈവവൈവിധ്യപാർക്ക് എന്നിവയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇതിൽ ഇ-അറ്റൻഡൻസ് പദ്ധതിക്ക് ₹45,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ പരിധിയിലുള്ള 15 സ്കൂളുകളിലാണ് ആദ്യഘട്ടമെന്ന നിലയിൽ നടപ്പാക്കുന്നത്.

പ്രോജക്ട് നടപ്പിലാക്കുന്നതിനായി ജില്ലാപഞ്ചായത്തിന്റെ 20/12/17 ലെ 115/17(15) നമ്പർ തീരുമാനപ്രകാരം താഴെ പ്രതിപാദിക്കുന്നവരെ ഉൾപ്പെടുത്തി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

1)വിദ്യാഭ്യാസ ഉപഡയറക്ടർ

2)ഡയറ്റ് പ്രിൻസിപ്പാൾ

3)സെക്രട്ടറി

4)സയൻസ് പാർക് ഡയറക്ടർ

5)സാങ്കേതിക വിദഗ്ദ്ധൻ(ശ്രീ.ബിനീഷ്. കെ ബി, കമ്പ്യൂട്ടർ പ്രോഗ്രാമർ,ഗവ. എഞ്ചിനീറിംഗ് കോളേജ്)

വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ്നമ്പർ-ഇ1/1126/203 dt 07.02.18 പ്രകാരം ഇ-അറ്റൻഡസ് സംവിധാനം നടപ്പാക്കുന്നതിന് ആവശ്യമായ സാങ്കേതികസഹായം ചെയ്തുതരാൻ താൽപര്യമുള്ളസ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം ക്ഷണിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ MAXLORE INNOVATIONS LLP, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ലിമിറ്റഡ്, നെല്ലിക്കോട് പി ഒ, കോഴിക്കോട്, എന്ന സ്ഥാപനത്തിന്റെ ഏക താൽപര്യപത്രം ജില്ലാ പഞ്ചായത്ത് 7.3.18 ലെ നമ്പർ 26/18(2) തീരുമാനപ്രകാരം അംഗീകരിക്കുകയും, പ്രൈസ് ക്വട്ടേഷൻ അടിയന്തിരമായി സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഒരു സ്കൂളിൽ മേൽ പ്രോജക്ട് നടപ്പിലാക്കാൻ ₹3,50,000/- രൂപ മേൽ സ്ഥാപനം ക്വട്ടേഷൻ സമർപ്പിക്കുകയും ആയത് നെഗോസിയേഷൻ നടത്തി ₹3,00,000/- രൂപക്ക് നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയത് ഭരണസമിതി 12-3-18 ലെ 30/18(5) തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

താഴെ പ്രതിപാദിക്കുന്ന വിശദാംശങ്ങൾ പ്രകാരം MAXLORE INNOVATIONS LLP എന്ന സ്ഥാപനത്തിന് തുക അനുവദിച്ചിട്ടുണ്ട്

| ക്രമനമ്പർ | ഇൻവോയ്സ് നമ്പർ | വിശദാംശങ്ങൾ | ഇൻവോയ്സ് പ്രകാരം തുക | നൽകിയ തുക |
|---|---|---|---|---|
| 1 | 2/29-8-2018 | Total Implimentation Cost for First Phase of School Management Software Implimentation | 15,00,000<br>2,70,000(GST) | 15,00,000 |
| 2 | 3/20-11-2018 | Total Implimentation Cost for Second Phase of School Management Software Implimentation | 15,00,000<br>2,70,000(GST) | 15,00,000 |
| 3 | 4/18-3-2019 | Total Implimentation Cost for **First Phase** of School Management Software Implimentation | 15,00,000<br>2,70,000(GST) | 15,00,000 |

/

2018-19 വർഷത്തെ ഓഡിറ്റിനോട് അനുബന്ധിച്ച് ഇ-അറ്റൻഡൻസ് പദ്ധതിയുടെ നിലവിലെ അവസ്ഥയെ സംബന്ധിച്ച് ജില്ലാപഞ്ചായത്ത് സെക്രട്ടറി മുഖേന 19/11/19 ന് നടത്തിയ വിവരശേഖരണത്തിൽ പദ്ധതി നടപ്പാക്കിയ ഹൈസ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്കൂൾ | നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം | പ്രവർത്തിക്കാത്തതിന്റെ കാരണങ്ങളും മറ്റ് വിശദാംശങ്ങളും | പ്രവർത്തിക്കാത്ത വിവരം ജില്ലാപഞ്ചായത്തിൽ അറിയിച്ചവിവരം |
|---|---|---|---|---|
| 1 | ഉളിക്കൽ GHSS | നിലവിൽ പ്രവർത്തിക്കുന്നില്ല | 1) സങ്കീർണവും വളരെ കൂടുതൽ ഡാറ്റാ എൻട്രി വേണ്ടി വരുന്നതുമായ സോഫ്റ്റ് വെയർ ആയതിനാൽ ഇത് കൈകാര്യം ചെയ്യുന്നത് വളരെ ശ്രമകരമായ പ്രവൃത്തിയായതിനാൽ ക്ലാസ് ടീച്ചർമാർക്ക് ഇത് വളരെ ബുദ്ധിമുട്ടായിരുന്നു. ഇത് സംബന്ധിച്ച് ക്ലാസുകൾ നൽകിയിരുന്നെങ്കിലും പ്രായോഗിക തലത്തിൽ ചെയ്യുമ്പോൾ ധാരാളം സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടാവുകയും വേണ്ട സഹായങ്ങൾ ഇതുമായി ബന്ധപ്പെട്ടവരിൽ നിന്നും ലഭിക്കാതിരുന്നതും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം മൂലം ഇത് നടപ്പിലാക്കുന്നതിലുണ്ടായ പ്രായോഗിക തടസ്സങ്ങളുമെല്ലാം ഇത് പ്രവൃത്തിക്കാതിരിക്കാൻ കാരണമായി. ഇതിനായി ചെലവഴിക്കുന്ന സമയത്തിനും, പ്രയത്നത്തിനും ആനുപാതികമായ ഒരു പ്രയോജനം ഇതുമൂലം ലഭിക്കാതിരുന്നതും, രക്ഷിതാക്കളുടെ ഭാഗത്തുനിന്നും പ്രോത്സാഹനജനകമായ പ്രതികരണങ്ങൾ ലഭിക്കാതിരുന്നതും ക്ലാസ് ടീച്ചർമാർക്ക് ഈ സോഫ്റ്റ് വെയർ കൈകാര്യം ചെയ്യുന്നതിന് വിമുഖതയുണ്ടാക്കി. | ഈ സംവിധാനം പ്രവർത്തിക്കുന്നില്ല എന്ന് 2019 ജൂലായ് മാസത്തിൽ ജില്ലാപഞ്ചായത്തിൽ അറിയിച്ചിരുന്നു.<br>കത്ത് മുഖേന അറിയിച്ചിട്ടില്ല. |

/

| | | | | |
|---|---|---|---|---|
| | | | 2) വിദ്യാർത്ഥികളുടെ ഹാജർ വിവരം അറിയിക്കുന്നതിനല്ലാതെ മറ്റൊരു കാര്യത്തിനും<br>ഈ സംവിധാനം ഉപയോഗിച്ചിട്ടില്ല. | |
| 2 | പാല GHSS | നിലവിൽ പ്രവർത്തിക്കുന്നില്ല | 1)സോഫ്റ്റ് വെയർ അപ്ഡേഷൻ ആകുന്നില്ല. കുട്ടികളുടെ ഡിവിഷൻ മാറ്റിയിരുന്നില്ല. ടൈംടേബിൾ ചെയ്തിരുന്നില്ല.<br>2) വിദ്യാർത്ഥികളുടെ ഹാജർ വിവരം അറിയിക്കുന്നതിനല്ലാതെ മറ്റൊരു കാര്യത്തിനും<br>ഈ സംവിധാനം ഉപയോഗിച്ചിട്ടില്ല. | ഏജൻസിയെ കത്തിലൂടെയും ഫോണിലൂടെയും അറിയിച്ചിരുന്നു. |
| 3 | ചിറ്റാരിപ്പറമ്പ് GHSS | - | ഇ-അറ്റൻഡൻസ് പദ്ധതിയുടെ ഭാഗമായി ആവശ്യമായ രേഖകളെല്ലാം പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട MAXLORE കമ്പനിക്ക് 2018 ഫെബ്രുവരിയിൽ നൽകിയിരുന്നു. എന്നാൽ പ്രസ്തുത കമ്പനിയിൽ നിന്നും നമുക്കാവശ്യമായ പരിശീലനമോ, നിർദേശമോ ഇതേവരെ ലഭിച്ചിട്ടില്ലെന്ന് അറിയിക്കുന്നു. | - |
| 4 | കതിരൂർ GHSS | നിലവിൽ പ്രവർത്തിക്കുന്നില്ല | 1)ഈ വർഷം യാതൊരുവിധ പരിശീലനവും ലഭിച്ചിട്ടില്ല. മുമ്പ് പരിശീലനം നൽകിയവരെ വിളിക്കുമ്പോൾ അവർ പ്രസ്തുത കമ്പനിയിൽ ജോലി ചെയ്യുന്നില്ല എന്ന വിവരമാണ് ലഭിച്ചത്<br>2) വിദ്യാർത്ഥികളുടെ ഹാജർ വിവരം അറിയിക്കുന്നതിനല്ലാതെ മറ്റൊരു കാര്യത്തിനും<br>ഈ സംവിധാനം ഉപയോഗിച്ചിട്ടില്ല. | ഫോണിൽ വിളിച്ച് അറിയിച്ചിട്ടുണ്ട്. |
| 5 | പാലയാട് GHSS | നിലവിൽ പ്രവർത്തിക്കുന്നില്ല | പ്രസ്തുത പദ്ധതിയുടെ പരിശീലകരായി ഈ വിദ്യാലയത്തിലെ അധ്യാപകരെ തെരഞ്ഞെടുത്തിരുന്നു. | പ്രസ്തുത സംവിധാനം നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന വിവരം ജില്ലാപഞ്ചായത്തിനെ |

| | | | | |
|---|---|---|---|---|
| | | | എന്നാൽ വേണ്ടത്ര പരിശീലനം പരിശീലകരിൽ നിന്നും ലഭിക്കാത്തിനാൽ പരിപാടി വിജയത്തിൽ എത്തിയിട്ടില്ല മാത്രവുമല്ല പരിശീലനം ലഭിച്ച അധ്യാപകർ വൈകാതെ തന്നെ ഈ സ്കൂളിൽ നിന്നും വിടുതൽ വാങ്ങി പോയിരുന്നു. | അറിയിക്കണമെന്നുള്ള വിവരം അറിയില്ലായിരുന്നു. |
| 6 | വേങ്ങാട് GHSS | നിലവിൽ ഭാഗികമായി പ്രവർത്തിക്കുന്നു. | 1)അവസാനമായി ജൂലൈ 2019 ലാണ് പ്രവർത്തിച്ചത്.<br>2) വിദ്യാർത്ഥികളുടെ ഹാജർ വിവരം അറിയിക്കുന്നതിനല്ലാതെ മറ്റൊരു കാര്യത്തിനും<br>ഈ സംവിധാനം ഉപയോഗിച്ചിട്ടില്ല. | അറിയിച്ചിട്ടില്ല |
| 7 | ചാല GHSS | നിലവിൽ പ്രവർത്തിക്കുന്നുണ്ട് | ഹാജർ വിവരം അറിയിക്കുന്നതിനുപരിയായി സ്കൂൾ സംബന്ധമായ പൊതു അറിയിപ്പുകൾ രക്ഷിതാക്കളെയും അധ്യാപകരെയും അറിയിക്കുന്നതിന് ഈ സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നുണ്ട്. | - |
| 8 | എടയന്നൂർ GHSS | നിലവിൽ പ്രവർത്തിക്കുന്നില്ല | 1)പുതിയ അധ്യയനവർഷം സോഫ്റ്റ് വെയറിൽ ചെയ്യേണ്ട കാര്യങ്ങളെപ്പറ്റി നിർദേശം കിട്ടിയിട്ടില്ല.<br>2) വിദ്യാർത്ഥികളുടെ ഹാജർ വിവരം അറിയിക്കുന്നതിനു മാത്രമേ<br>ഈ സംവിധാനം ഉപയോഗിച്ചിട്ടുള്ളൂ. | അറിയിച്ചിട്ടില്ല |
| 9 | ചട്ടുകപ്പാറ GHSS | നിലവിൽ പ്രവർത്തിക്കുന്നില്ല | 1)കുട്ടികളുടെ എണ്ണം പൂർണമായി MAXLORE അപ് ലോഡ് ചെയ്തിട്ടില്ല.<br>2) വിദ്യാർത്ഥികളുടെ ഹാജർ വിവരം അറിയിക്കുന്നതിനല്ലാതെ മറ്റൊരു കാര്യത്തിനും<br>ഈ സംവിധാനം ഉപയോഗിച്ചിട്ടില്ല. | അറിയിച്ചിട്ടില്ല |
| 10 | കണ്ണാടിപ്പറമ്പ GHSS | ഭാഗികമായി പ്രവർത്തിക്കുന്നു. | വിദ്യാർത്ഥികളുടെ ഹാജർ വിവരം | - |

/

| | | | | |
|---|---|---|---|---|
| | | | അറിയിക്കുന്നതിനുള്ള SMS സംവിധാനത്തിനല്ലാതെ മറ്റൊരു കാര്യത്തിനും<br>ഈ സംവിധാനം ഉപയോഗിച്ചിട്ടില്ല. അതും ഭാഗികമായി മാത്രം | |
| 11 | അഴീക്കോട് GHSS | നിലവിൽ പ്രവർത്തിക്കുന്നില്ല | 1)കഴിഞ്ഞ വർഷം അധ്യാപകരുടെ പേർസണൽ മൊബൈൽ ഫോണിലാണ് ഈ സംവിധാനം പ്രവർത്തിച്ചിരുന്നത് ഇത് ഈ വർഷം സ്കൂൾ കമ്പ്യൂട്ടറിലേക്ക് മാറ്റി സ്ഥാപിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ജൂണിൽ ജില്ലാപഞ്ചായത്ത് അയച്ച ടെക്നീഷ്യൻ സ്കൂളുകളിൽ വന്ന് കമ്പ്യൂട്ടറിലേക്ക് സ്ഥാപിക്കാൻ വിവരം ശേഖരിച്ചു. പിന്നീട് വന്ന് ചെയ്തുതരാമെന്ന് പറഞ്ഞു പോയതാണ്. പിന്നീട് അറിയിപ്പ് ലഭിച്ചിട്ടില്ല.<br>2) വിദ്യാർത്ഥികളുടെ ഹാജർ വിവരം അറിയിക്കുന്നതിനല്ലാതെ മറ്റൊരു കാര്യത്തിനും<br>ഈ സംവിധാനം ഉപയോഗിച്ചിട്ടില്ല. | ജില്ലാപഞ്ചായത്തിനെ വിവരം അറിയിച്ചിട്ടില്ല |
| 12 | പാപ്പിനിശ്ശേരി GHSS | പ്രവർത്തിക്കുന്നുണ്ട് | വിദ്യാർത്ഥികളുടെ ഹാജർ വിവരം രക്ഷിതാക്കളെ അറിയിക്കുന്നതിനായി<br>ഈ സംവിധാനം ഉപയോഗിക്കുന്നു. | - |
| 13 | മാട്ടൂൽ GHSS | നിലവിൽ പ്രവർത്തിക്കുന്നില്ല | 1)ഈ വർഷം അപ്ഡേറ്റ് ചെയ്തിട്ടില്ല<br>2) വിദ്യാർത്ഥികളുടെ ഹാജർ വിവരം അറിയിക്കുന്നതിനല്ലാതെ മറ്റൊരു കാര്യത്തിനും<br>ഈ സംവിധാനം ഉപയോഗിച്ചിട്ടില്ല. | അറിയിച്ചിട്ടില്ല |
| 14 | കുഞ്ഞിമംഗലം GHSS | നിലവിൽ പ്രവർത്തിക്കുന്നില്ല | ഈ വർഷം പ്രവർത്തിക്കുന്നതിനുള്ള സാങ്കേതികസഹായം ലഭ്യമാക്കിയിട്ടില്ല. | - |
| 15 | കടന്നപ്പള്ളി GHSS | പൂർണമായി പ്രവർത്തിക്കുന്നില്ല | 1)കുട്ടികളെ പ്രമോട്ട് ചെയ്തപ്പോൾ വിവിധ | അറിയിച്ചിട്ടില്ല |

/

| | | | | |
|---|---|---|---|---|
| | | | ക്ലാസുകളിലേക്ക് മാറ്റിയതു കൊണ്ടും ക്ലാസ് ടീച്ചർ പാസ് വേർഡ് മറന്നു പോയതു കൊണ്ടും പ്രവർത്തിക്കുന്നില്ല<br>2) വിദ്യാർത്ഥികളുടെ ഹാജർ വിവരം അറിയിക്കുന്നതിനല്ലാതെ മറ്റൊരു കാര്യത്തിനും<br>ഈ സംവിധാനം ഉപയോഗിച്ചിട്ടില്ല. | |

മുകളിൽ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഇ-അറ്റൻഡൻസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട് എന്ന് അറിയിച്ച പാപ്പിനിശ്ശേരി, ചാല എന്നി സ്കൂളുകളിൽ ഓഡിറ്റ് ടീം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നേരിട്ട് പരിശോധന നടത്തുകയുണ്ടായി ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

**1)ചാല ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ:-**

പരിശോധന നടത്തിയ തീയ്യതി-18-11-2019

ഹൈസ്കൂൾ ക്ലാസുകളിലെ (8,9,10) വിദ്യാർത്ഥികളുടെ ഹാജർ വിവരവും, പൊതു അറിയിപ്പുകളും മൊബൈൽ SMS സംവിധാനത്തിലൂടെ രക്ഷിതാക്കളെ അറിയിക്കുന്നതിനു വേണ്ടി ഈ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നു. എന്നാൽ രക്ഷിതാക്കൾ ഈ വിവരം അറിഞ്ഞു എന്ന് ഉറപ്പിക്കുന്നതിനാവശ്യമായ സംവിധാനം ഈ സോഫ്റ്റ് വെയറിൽ ലഭ്യമല്ല. മറ്റ് ആവശ്യങ്ങൾക്കൊന്നും ഈ സംവിധാനം ഉപയോഗിക്കുന്നില്ല.

**2)പാപ്പിനിശ്ശേരി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ:-**

പരിശോധന നടത്തിയ തീയ്യതി-06-12-2019

ഹൈസ്കൂളിലെ 19 ക്ലാസുകളിൽ വിദ്യാർത്ഥികളുടെ ഹാജർ വിവരം മൊബൈൽ SMS സംവിധാനത്തിലൂടെ രക്ഷിതാക്കളെ അറിയിക്കുന്നതിനു വേണ്ടി ഈ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നു. എന്നാൽ രക്ഷിതാക്കൾ ഈ വിവരം അറിഞ്ഞു എന്ന് ഉറപ്പിക്കുന്നതിനാവശ്യമായ സംവിധാനം ഈ സോഫ്റ്റ് വെയറിൽ ലഭ്യമല്ല. മറ്റ് ആവശ്യങ്ങൾക്കൊന്നും ഈ സംവിധാനം ഉപയോഗിക്കുന്നില്ല. സാങ്കേതിക സഹായങ്ങൾ ഏജൻസിയിൽ നിന്നും ലഭ്യമാക്കുന്നില്ല MAXLORE കമ്പനിയുടെ പ്രോജക്ട് റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന മോഡ്യൂളുകളൊന്നും ഈ സ്കൂളിൽ പ്രവർത്തിക്കുന്നില്ല.

MAXLORE INNOVATIONS എന്ന സ്ഥാപനം സമർപ്പിച്ച പ്രോജക്ട് റിപ്പോർട് പ്രകാരം സ്കൂളുകളിൽ ലഭ്യമാക്കുന്ന സോഫ്റ്റ് വെയറിൽ താഴെ പ്രതിപാദിക്കുന്ന മോഡ്യൂളുകൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ്കൂളുകൾ സമർപ്പിച്ച റിപ്പോർടിന്റെയും, ഓഡിറ്റ് പരിശോധനയുടെയും അടിസ്ഥാനത്തിൽ നിലവിൽ പ്രവർത്തനക്ഷമമായതും അല്ലാത്തതുമായ മോഡ്യൂളുകളുടെ വിവരം ചുവടെ കൊടുക്കുന്നു

| സീരിയൽ നമ്പർ | ലഭ്യമാക്കേണ്ട മോഡ്യൂൾ | നിലവിലെ അവസ്ഥ |
|---|---|---|
| 1 | Attendance Management | നടപ്പിലാക്കിയ 15 സ്കൂളുകളിൽ 2 എണ്ണത്തിൽ ഒഴികെ 13 സ്കൂളുകളിലും പ്രവർത്തിക്കുന്നില്ല. |
| 2 | Admission Management | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| | | |

/

| | | |
|---|---|---|
| 3 | Course Management | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 4 | Student Management | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 5 | Exam Management | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 6 | Time tables | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 7 | Faculty Management | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 8 | Transport Management | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 9 | Library Management | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 10 | Store Management | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 11 | E-mail and Dashboard | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 12 | Management Reports | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 13 | Employees Management | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 14 | Administrative Functions | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 15 | Coyrse Plan | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 16 | Online assignment submissions | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |

സാങ്കേതിക വിദഗ്ദ്ധൻ (ശ്രീ.ബിനീഷ്. കെ ബി, കമ്പ്യൂട്ടർ പ്രോഗ്രാമർ,ഗവ. എഞ്ചിനീറിംഗ് കോളേജ്, കണ്ണൂർ ) 20-2-2018 ൽ തയ്യാറാക്കി സമർപ്പിച്ച TECHNICAL EVALUATION REPORT ൽ പ്രതിപാദിച്ചതും

ഇ-അറ്റൻഡൻസ് പദ്ധതിയിൽ മിനിമം ഉണ്ടായിരിക്കേണ്ടതുമായ ഫംഗ്ഷണൽ മോഡ്യൂളുകളുടെ വിവരവും അവ നിലവിൽ പ്രവർത്തനക്ഷമമാണോ എന്നതിന്റെ അവസ്ഥയും ചുവടെ കൊടുക്കുന്നു.

| സീരിയൽ നമ്പർ | മിനിമം ഉറപ്പാക്കേണ്ട മോഡ്യൂൾ | നിലവിലെ അവസ്ഥ |
|---|---|---|
| 1 | Attendance Dtails | നടപ്പിലാക്കിയ 15 സ്കൂളുകളിൽ 2എണ്ണത്തിൽ ഒഴികെ 13 സ്കൂളുകളിലും പ്രവർത്തിക്കുന്നില്ല. |
| 2 | Results | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 3 | Study Materials | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 4 | Fee Details | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 5 | Over Dues | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 6 | Student Activity corner | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 7 | Calender notifications | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 8 | Home Works | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 9 | Question Bank | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 10 | Syllabus | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 11 | SMS Alerts | നടപ്പിലാക്കിയ 15 സ്കൂളുകളിൽ 2എണ്ണത്തിൽ ഒഴികെ 13 സ്കൂളുകളിലും പ്രവർത്തിക്കുന്നില്ല. |
| 12 | News and Events | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 13 | Remarks and Reviews | നടപ്പിലാക്കിയ 15 സ്കൂളുകളിലും |

/

| | | |
|---|---|---|
| | | പ്രവർത്തനക്ഷമമല്ല. |
| 14 | Percentage Calculation | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 15 | Online Examinations | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 16 | Internal Assessments | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 17 | Library Access | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 18 | E-learning | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 19 | Blog | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 20 | Chat | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 21 | Hr details | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 22 | Student Remarks | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 23 | Parent Interactions | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 24 | Exam Calender | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 25 | Evaluations | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 26 | Exam Shedule | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 27 | Digital Notice Board | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 28 | Time Table | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 29 | Topic completion | നടപ്പിലാക്കിയ 15 |

| | | |
|---|---|---|
| | Reports | സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 30 | Performance comparisons | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 31 | Question paper preparation | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 32 | Staff Management | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 33 | Academic Reports | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 34 | Internal messaging System | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 35 | News/Bulletins issue | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |
| 36 | Exam Shedules | നടപ്പിലാക്കിയ 15 സ്കൂളുകളിലും പ്രവർത്തനക്ഷമമല്ല. |

മേൽ പ്രതിപാദിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ പ്രോജക്ട് ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടില്ല എന്നും അതുവഴി സർക്കാർ ഫണ്ടിന് നഷ്ടം സംഭവിച്ചിരിക്കുന്നു എന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് അന്വേഷണം നമ്പർ 48/18-19 dt 7-12-19 പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടറോടും, ഓഡിറ്റ് അന്വേഷണം നമ്പർ 50/18-19 dt 7-12-19 പ്രകാരം ജില്ലാപഞ്ചായത്ത് സെക്രട്ടറിയോടും ഈ വിഷയത്തിലുള്ള മറുപടി അറിയിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | ഓഡിറ്റ് അന്വേഷണം | മറുപടി |
|---|---|---|
| 1 | പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കാവുന്ന വാർഷിക പദ്ധതികൾ സംബന്ധിച്ച മാർഗരേഖ സ.ഉ.(കൈ)നം.11/2018/തസ്വഭവ. തീ.29.01.2018 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ഖണ്ഡിക നമ്പർ 11.2(3)ഇ(ii) പ്രകാരം 5 ലക്ഷം രൂപക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികൾക്ക്, ഇ-ടെണ്ടർ രീതി നിർബന്ധമായും അവലംബിക്കേണ്ടതുണ്ട്.എന്നാൽ ഈ പ്രോജക്ട് നടപ്പാക്കുമ്പോൾ പ്രസ്തുത രീതി അവലംബിക്കാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്. | ഇത് ഒരു ഇത് പുതിയ സംരംഭമായതിനാൽ ജില്ലാപഞ്ചായത്ത് ഉദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടിയും നിലവിൽ ഇത്തരം സേവനങ്ങൾ നൽകുന്ന അംഗീകരിക്കപ്പെട്ട സ്ഥാപനങ്ങൾ/ വ്യക്തികൾ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടില്ലാത്തതിനാലും, ഇത് സംബന്ധിച്ച് സ്കൂളുകളുടെ ആവശ്യം അനുസരിച്ച് സ്പെസിഫിക്കേഷനും മറ്റ് ആവശ്യമുള്ള പ്രധാനപ്പെട്ട കാര്യങ്ങളും നേരിട്ട് ബോധ്യപ്പെടുത്തേണ്ടതിനുമാണ് ഇ-ടെണ്ടർ ചെയ്യാതെ താൽപര്യപത്രം ക്ഷണിച്ചത്. മേലിൽ ഇത്തരത്തിലുള്ള (5 ലക്ഷത്തിൽ കൂടുതലുള്ള) എല്ലാപ്രവൃത്തികളും ഇ- ടെണ്ടർ |

/

| | | |
|---|---|---|
| | | മുഖേന മാത്രമേ നടപ്പിലാക്കുകയുള്ളൂ എന്ന് ഉറപ്പ് നൽകുന്നു. |
| 2 | MAXLORE INNOVATIONS എന്ന സ്ഥാപനത്തിന്റെ Expression Of Interest Report ൽ പരാമർശിച്ചതും,ശ്രീ. ബിനീഷ് കെ ബി, (സാങ്കേതിക വിദഗ്ദ്ധൻ)കമ്പ്യൂട്ടർ പ്രോഗ്രാമർ, എഞ്ചിനീറിംഗ് കോളേജ് കണ്ണൂർ,എന്നവർ 20-2-18 ന് സമർപ്പിച്ച Technical Evaluation Report ൽ പരാമർശിച്ചതും,27-2-2018 ൽ ചേർന്ന ടെക്നിക്കൽ കമ്മിററി അംഗീകരിക്കുകയും ചെയ്ത മുഴുവൻ സ്പെസിഫിക്കേഷനും ഉപയോഗപ്രദമാക്കാൻ MAXLORE INNOVATIONS എന്ന സ്ഥാപനത്തിന് സാധിച്ചിട്ടില്ല.മൂന്നു വർഷം വരെ കമ്പനിയുടെ സാങ്കേതികസഹായം ലഭ്യമാക്കണമെന്ന മേൽ റിപ്പോർട്ടിലെ നിർദേശം പാലിച്ചിട്ടില്ല. | ടെക്നിക്കൽ ഇവാല്യൂവേഷൻ റിപ്പോട്ടിൽ പരാമർശിച്ചതും 27-2-1018 ൽ ചേർന്ന ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുകയും ചെയ്ത മുഴുവൻ സ്പെസിഫിക്കേഷനും ഉപയോഗപ്രദമായിട്ടില്ല എന്ന് പദ്ധതിയിൽ ഏർപ്പെട്ട 15 സ്കൂൾ ഹെഡ്മാസ്റ്ററിൽ നിന്ന് റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. മാത്രമല്ല, ഇത് സംബന്ധിച്ച് പ്രധാന അധ്യാപകരുടെയും, ട്രെയിനിംഗ് നൽകിയ അധ്യാപകരുടെയും കമ്പനി പ്രതിനിധികളുടെയും കൂടിയാലോചനായോഗത്തിൽ ഇത്തരത്തിലുള്ള പരാമർശം ഉണ്ടായിട്ടില്ല. എന്നിരുന്നാലും അംഗീകരിച്ച മുഴുവൻ സ്പെസിഫിക്കേഷനും ഉപയോഗപ്രദമാക്കുന്നതിനാവശ്യമായ നടപടി ഉടനെ കൈക്കൊള്ളുന്നതാണ്. |
| 3 | പ്രാഥമികമായി ഈ സംവിധാനം **സ്ഥാപിച്ച 15 സ്കൂളുകളിൽ 13 ലും നിലവിൽ ഈ സംവിധാനം പ്രവർത്തിക്കുന്നില്ല.**പ്രവർത്തിക്കുന്ന സ്കൂളിൽ വിദ്യാർത്ഥികളുടെ ഹാജർ വിവരവും പൊതു അറിയിപ്പുകളും SMS മുഖേന അറിയിക്കാൻ മാത്രമാണ് ഇത് ഉപയോഗപ്പെടുത്തുന്നത്. അതുതന്നെ രക്ഷിതാക്കളുടെ ശ്രദ്ധയിൽ എത്തുന്നുണ്ട് എന്ന് ഉറപ്പിക്കാനാവശ്യമായ സംവിധാനം ഈ സോഫ്റ്റ് വെയറിൽ ലഭ്യമല്ല.ആയത് ഈ സംവിധാനം പൂർണ പരാജയമാണ് എന്നതിന് ഉദാഹരണമാണ്. | ഓഡിറ്റിൽ പരാമർശിച്ചതുപോലെ 15 ൽ 13 സ്കൂളുകളിലും ഈ സംവിധാനം പ്രവർത്തിക്കുന്നില്ല എന്ന വിവരം ബന്ധപ്പെട്ട അധികൃതർ ജില്ലാപഞ്ചായത്തിലോ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിലോ നാളിതുവരെ അറിയിച്ചിട്ടില്ല. ആയതിനാൽ ഓഡിറ്റിൽ കണ്ടെത്തിയതനുസരിച്ച് 13 സ്കൂളുകളിലും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ഉടനെ കൈക്കൊള്ളുന്നതാണ്. എസ് എംഎസ് രക്ഷിതാക്കളുടെ ശ്രദ്ധയിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് എസ് എം എസ് ഡെലിവേർഡ് എന്ന ലിങ്കിൽ പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. |
| 4 | പ്രാഥമീക ഘട്ടത്തിൽ തന്നെ ആവശ്യമായ പരിശീലനങ്ങളും തുടർ പരിശീലനങ്ങളും,പദ്ധതിയുടെ മോണിറ്ററിംഗും നടത്തുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകളും, ബന്ധപ്പെട്ട കമ്മിറ്റികളും ശ്രദ്ധചെലുത്താത്തത് ഈ പദ്ധതിയുടെ പരാജയത്തിന് കാരണമായിട്ടുണ്ട് | ആവശ്യമായ പരിശീലനവും തുടർ പരിശീലനവും നടത്തിയിട്ടുണ്ടെന്ന് ഈ സ്ഥാപനം ഉറപ്പുവരുത്തുകയും, ബന്ധപ്പെട്ട പ്രധാനാധ്യാപകൻ സാക്ഷ്യപത്രം നൽകുകയും ചെയ്തിട്ടുണ്ട്. |
| 5 | ഒരു സ്കൂളിൽ ₹3,00,000/- ചെലവഴിച്ച് ഇ- | പദ്ധതി നടപ്പിലാക്കുന്നതിന് |

/

| | | |
|---|---|---|
| | അറ്റന്റൻസ് സംവിധാനം നടപ്പാക്കാമെന്ന MAXLORE INNOVATIONS എന്ന കമ്പനിയുടെ താൽപര്യപത്രം പരിഗണിച്ച് പൈലറ്റ് സ്റ്റഡി എന്ന നിലയിൽ ജില്ലാപഞ്ചായത്തിന് കീഴിലുള്ള ഏതെങ്കിലും **ഒരു സ്കൂളിൽ** പദ്ധതി നടപ്പാക്കിയ ശേഷം ആയതിന്റെ ജയപരാജയസാധ്യതകൾ വിലയിരുത്തിയ ശേഷം മറ്റ് സ്കൂളുകളിൽ നടപ്പാക്കിയിരുന്നെങ്കിൽ ഭീമമായ നഷ്ടം ഒഴിവാക്കാമായിരുന്നു.ആയത് ഭരണസമിതി പരിഗണിക്കുകയുണ്ടായില്ല. | ജില്ലാപഞ്ചായത്ത് ഭരണസമിതി 20-12-17 തീയ്യതിയിലെ 115/17(14) നമ്പർ തീരുമാനപ്രകാരം ഏകകണ്ഠമായാണ് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിററിയുടെ 7-12-17 തീയ്യതിയിലെ 303/17 നമ്പർ തീരുമാനം അംഗീകരിച്ചത്. ജില്ലാപഞ്ചായത്ത് പൈലറ്റ് പ്രോജക്ട് എന്ന നിലയിലാണ് 72 സ്കൂളുകളിൽ നിന്നും 15 സ്കൂളുകളെ തെരഞ്ഞെടുത്തത്. ആയത് ഭരണസമിതിയുടെ നയപരമായതീരുമാനമാണ് എന്ന് അറിയിക്കുന്നു. |
| 6 | പദ്ധതി പൂർത്തിയാക്കി മുഴുവൻ പണവും കൈമാറുന്നതിനു മുമ്പ് സർക്കാർ തലത്തിലുള്ള ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് പരിശോധന നടത്തിച്ച് മേൽ ഏജൻസി അതിന്റെ പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ള മുഴുവൻ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട് എന്ന വിലയിരുത്തൽ നടത്താത്തത് നിർവഹണ ഉദ്യോഗസ്ഥന്റെ ഗുരുതര വീഴ്ചയായി കണക്കാക്കാവുന്നതാണ്. | പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട് എന്ന് ടെക്നിക്കൽ കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട് |
| 7 | പ്രോജക്ട് നടപ്പാക്കിയ സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ നൽകിയ വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി ഈ പ്രോജക്ടിന് ചെലവഴിച്ച തുക പാഴ്ചെലവാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു | ടെക്നിക്കൽ കമ്മിററി പ്രോജക്ട് വിശദമായി പരിശോധിച്ച് മിനിട്സിൽ രേഖപ്പെടുത്തിയതിനു ശേഷം മാത്രമാണ് ഫൈനൽ ബിൽ നൽകിയത് |
| 8 | പദ്ധതി പൂർണമായും സജ്ജമാകുന്നതുവരെ ഏജൻസിയുടെ സാങ്കേതികസഹായവും പരിശീലനവും ലഭ്യമാക്കുന്നതിലും, തുടർ വർഷങ്ങളിൽ കുട്ടികളുടെ ഡിവിഷൻ മാറ്റുന്നതടക്കമുള്ള കാര്യങ്ങളിൽ കമ്പനി പ്രതിനിധികളെ ലഭ്യമാക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ ആവശ്യമായ കരാർ ചമക്കുന്നതിലും ജില്ലാപഞ്ചായത്ത് പരാജയപ്പെട്ടിരിക്കുന്നു. | പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജില്ലാപഞ്ചായത്തിൽ തന്നെ 15 സ്കൂളുകളിലേയും പ്രധാനാധ്യാപകരും ചുമതലപ്പെടുത്തിയ അധ്യാപകരും സാങ്കേതികസമിതിയുടെ അംഗങ്ങളും തെരഞ്ഞെടുക്കപ്പെട്ട കമ്പനിയുടെ പ്രതിനിധികളും പലതവണ യോഗം ചേരുകയും പദ്ധതിയുടെ നിർവഹണ ഘട്ടത്തിലെ ഓരോ പ്രശ്നങ്ങളും പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. യോഗത്തിൽ ആരും തന്നെ പദ്ധതിയെകുറിച്ച് പരാതി ഉന്നയിച്ചിട്ടില്ലായെന്ന വിവരം അറിയിക്കുന്നു. ജില്ലാ പഞ്ചായത്ത് ഒരു അധ്യയനവർഷത്തേക്ക് മാത്രമാണ് തുകവകയിരുത്തിയിട്ടുള്ളത്. അടുത്ത രണ്ട് അധ്യയനവർഷത്തേക്ക് വേണ്ട |

/

| | | |
|---|---|---|
| | | മെയിന്റനൻസ് ചെലവും ആവശ്യം വേണ്ട കൂട്ടിച്ചേർക്കലുകൾക്കുള്ള ചെലവും സ്കൂൾ തലത്തിൽ തന്നെ വഹിക്കണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. തുടർ പ്രവർത്തനത്തിന് കമ്പനിയുടെ സഹായം ആവശ്യമുണ്ടെന്ന് സ്കൂളുകളിൽ നിന്ന് ഇതുവരെയും നിർവഹണ ഉദ്യോഗസ്ഥനെയോ, ജില്ലാപഞ്ചായത്തിനെയോ അറിയിച്ചിട്ടില്ലെന്ന വിവരം അറിയിക്കുന്നു. |
| 9 | ടെക്നിക്കൽ കമ്മിറ്റിയുടെ ഫൈനൽ റിപ്പോർട് ലഭ്യമാക്കിയിട്ടില്ല | --- |

മുകളിൽ പരാമർശിച്ച വിവരങ്ങളും, ഓഡിറ്റ് അന്വേഷണങ്ങൾക്കുള്ള മറുപടിയും പരിഗണിച്ചുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ കൊടുക്കുന്നു

1)പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കാവുന്ന വാർഷിക പദ്ധതികൾ സംബന്ധിച്ച മാർഗരേഖ സ.ഉ.(കൈ)നം.11/2018/തസ്വഭവ. തീ.29.01.2018 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ഖണ്ഡിക നമ്പർ 11.2(3)ഇ(ii) പ്രകാരം 5 ലക്ഷം രൂപക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികൾക്ക്, ഇ-ടെണ്ടർ രീതി നിർബന്ധമായും അവലംബിക്കേണ്ടതുണ്ട്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിലേക്ക് വിഷയം കൊണ്ടു വരുന്നു.

2) 45 ലക്ഷം രൂപയാണ് ഈ പദ്ധതി പ്രകാരം MAXLORE INNOVATIONS എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. ആയതിന്റെ 18% തുക ( ₹7,10,000/-) GST ഇനത്തിൽ അടക്കേണ്ടതുണ്ട്. എന്നാൽ 10-6-2019 ന് ₹5,40,000/- മാത്രം GST ഇനത്തിൽ അടച്ചിട്ടുണ്ട് എന്നാണ് ഓഡിറ്റ് അന്വേഷണം നമ്പർ 50/18-19 ന് നല്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. ₹2,70,000/- കൂടി GST ഇനത്തിൽ അടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3)ഈ പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് സാധ്യതാപഠനം നടത്തിയിട്ടില്ല. ആയത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും, നിർവഹണ ഉദ്യോഗസ്ഥന്റെയും, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ജാഗ്രതക്കുറവിന് ഉദാഹരണമാണ്.

4)MAXLORE INNOVATIONS എന്ന സ്ഥാപനത്തിന്റെ Expression Of Interest Report ൽ പരാമർശിച്ചതും, ശ്രീ. ബിനീഷ് കെ ബി, [(സാങ്കേതിക വിദഗ്ദ്ധൻ)കമ്പ്യൂട്ടർ പ്രോഗ്രാമർ, എഞ്ചിനീറിംഗ് കോളേജ് കണ്ണൂർ] എന്നവർ 20-2-18 ന് സമർപ്പിച്ച Technical Evaluation Report ൽ പരാമർശിച്ചതും, 27-2-2018 ൽ ചേർന്ന ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുകയും ചെയ്ത മുഴുവൻ സ്പെസിഫിക്കേഷനും പ്രവർത്തന സജ്ജമാക്കാൻ സാധിച്ചിട്ടില്ല. സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്ത് മൂന്നു വർഷം വരെ കമ്പനിയുടെ സാങ്കേതികസഹായം ലഭ്യമാക്കണമെന്ന മേൽ റിപ്പോർട്ടിലെ നിർദേശം പാലിക്കപ്പെട്ടിട്ടില്ല. പദ്ധതി നടപ്പാക്കിയതിനു ശേഷമുള്ള ആദ്യ അധ്യയനവർഷം മുതൽ തന്നെ സ്കൂളുകളിൽ ഈ സംവിധാനം ഫലപ്രദമായി ഉപയോഗിക്കാനാവുന്നില്ല എന്ന് ഓഡിറ്റിന് സ്കൂളുകളിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഓഡിറ്റിന് ഈ വിവരം ലഭ്യമായിരിക്കെ, ഈ സോഫ്റ്റ് വെയർ പ്രവർത്തിക്കുന്നില്ല എന്ന വിവരം ഹെഡ്മാസ്റ്റർമാർ അറിയിച്ചിട്ടില്ല എന്ന നിർവഹണ ഉദ്യോഗസ്ഥന്റെ മറുപടിയിൽ നിന്നും പ്രോജക്റ്റ് നടപ്പിലാക്കിയതിനുശേഷം ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയിട്ടില്ല എന്ന് വ്യക്തമാവുന്നുണ്ട്.

5)(i)ഒരു സ്കൂളിൽ ₹3,00,000/- ചെലവഴിച്ച് ഇ- അറ്റന്റൻസ് സംവിധാനം നടപ്പാക്കാമെന്ന MAXLORE INNOVATIONS എന്ന കമ്പനിയുടെ താൽപര്യപത്രം പരിഗണിച്ച് പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ജില്ലാപഞ്ചായത്തിന് കീഴിലുള്ള ഏതെങ്കിലും ഒരു സ്കൂളിൽ പദ്ധതി നടപ്പാക്കിയ ശേഷം ആയതിന്റെ ജയപരാജയസാധ്യതകൾ വിലയിരുത്തി മറ്റ് സ്കൂളുകളിൽ നടപ്പാക്കിയിരുന്നെങ്കിൽ ഭീമമായ നഷ്ടം ഒഴിവാക്കാമായിരുന്നു. ആയത് ഭരണസമിതി പരിഗണിക്കുകയുണ്ടായില്ല എന്ന ഓഡിറ്റ് അന്വേഷണത്തിലെ വിലയിരുത്തലിന് മറുപടിയായി പൈലറ്റ് പ്രോജക്ടായി 15 സ്കൂളുകളിൽ ഈ

പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചത് ഭരണസമിതിയുടെ നയപരമായതീരുമാനമാണ് എന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാപഞ്ചായത്ത് ഭരണസമിതി 20-12-17 തീയ്യതിയിലെ 115/17(14) നമ്പർ തീരുമാനപ്രകാരം ഏകകണ്ഠമായാണ് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിററിയുടെ 7-12-17 തീയ്യതിയിലെ 303/17 നമ്പർ തീരുമാനം അംഗീകരിച്ചത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. സാധ്യതാപഠനം നടത്തേണ്ടതിന്റെയും, പ്രോജക്ടിന്റെ ജയപരാജയ സാധ്യതകൾ വിലയിരുത്തേണ്ടതിന്റെയും ആവശ്യകത ഭരണസമിതിക്ക് മുമ്പാകെ അറിയിക്കുന്നതിൽ ജില്ലാപഞ്ചായത്ത് സെക്രട്ടറിയും ചുമതല നിറവേറ്റിയിട്ടില്ല.
(ii) ഒരു സ്കൂളിലേക്ക് സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് 3 ലക്ഷം രൂപ ചെലവ് വരുന്ന രീതിയിലാണ് പ്രോജക്ട് നടപ്പാക്കിയിരിക്കുന്നത്. ഒരു സ്ഥാപനത്തിനു വേണ്ടി തയ്യാറാക്കിയ സോഫ്റ്റ് വെയർ, പൈലറ്റ് പ്രോജക്ടായി നടപ്പാക്കാനുദ്ദേശിക്കുന്ന മറ്റ് സ്കൂളുകളിലെ കമ്പ്യൂട്ടറുകളിലേക്ക് ഇൻ സ്റ്റാൾ ചെയ്താൽ മാത്രം മതിയെന്നിരിക്കെ, 15 സ്കൂളുകളിലും 3 ലക്ഷം രൂപ നിരക്കിൽ പുതിയ സോഫ്റ്റ് വെയർ രൂപകൽപന ചെയ്യുന്ന രീതിയിലാണ് പദ്ധതിയുടെ ചെലവും നിർവ്വഹണവും നടത്തിയിരിക്കുന്നത്. ആയതു മൂലം സർക്കാർ ഖജനാവിന് നഷ്ടം സംഭവിച്ചിരിക്കുന്നു. പ്രാരംഭ ഘട്ടത്തിൽ തന്നെ ഈ അപാകത മനസ്സിലാക്കുന്നതിനും, അവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനും, ടെക്നിക്കൽ കമ്മിറ്റി പരാജയപ്പെട്ടു എന്നാണ് ഇത് വ്യക്തമാക്കുന്നത്. ജില്ലാ പഞ്ചായത്ത് ഭരണസമിതി ഐകകണ്ഠേന നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ ശ്രദ്ധക്കുറവ് മൂലമാണ് ഈ നഷ്ടം സംഭവിച്ചത് എന്നത് വിഷയത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു.

6)പദ്ധതി പൂർണമായും സജ്ജമാകുന്നതു വരെ ഏജൻസിയുടെ സാങ്കേതികസഹായവും പരിശീലനവും ലഭ്യമാക്കുന്നതിലും, തുടർ വർഷങ്ങളിൽ കുട്ടികളുടെ ഡിവിഷൻ മാറ്റുന്നതടക്കമുള്ള കാര്യങ്ങളിലും കമ്പനി പ്രതിനിധികളെ ലഭ്യമാക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങളിലും ആയതിന് ആവശ്യമായ തരത്തിൽ കരാർ ചമക്കുന്നതിലും ജില്ലാപഞ്ചായത്ത് പരാജയപ്പെട്ടിരിക്കുന്നു എന്ന വിലയിരുത്തലിന് മറുപടിയായി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജില്ലാപഞ്ചായത്തിൽ തന്നെ 15 സ്കൂളുകളിലേയും പ്രധാനാധ്യാപകരും ചുമതലപ്പെടുത്തിയ അധ്യാപകരും സാങ്കേതികസമിതി അംഗങ്ങളും തെരഞ്ഞെടുക്കപ്പെട്ട കമ്പനിയുടെ പ്രതിനിധികളും പലതവണ യോഗം ചേരുകയും പദ്ധതിയുടെ നിർവഹണ ഘട്ടത്തിലെ ഓരോ പ്രശ്നങ്ങളും പരിഹരിക്കുകയും ചെയ്തിട്ടുണ്ടെന്നും യോഗത്തിൽ ആരും തന്നെ പദ്ധതിയെകുറിച്ച് പരാതി ഉന്നയിച്ചിട്ടില്ലായെന്ന വിവരം അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണം വിലയിരുത്തുന്നതിലും, ആയത് യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിലും നിർവഹണ ഉദ്യോഗസ്ഥന്റെ അലംഭാവത്തിന് ആയത് ഉദാഹരണമാണ്. തുടർ പ്രവർത്തനത്തിന് കമ്പനിയുടെ സഹായം ആവശ്യമുണ്ടെന്ന് സ്കൂളുകളിൽ നിന്ന് ഇതുവരെയും നിർവഹണ ഉദ്യോഗസ്ഥനെയോ, ജില്ലാപഞ്ചായത്തിനെയോ അറിയിച്ചിട്ടില്ലെന്ന മറുപടി ജില്ലാപഞ്ചായത്ത് തുടർ പ്രവർത്തനങ്ങളോ, തുടർ മോണിറ്ററിംഗോ നടത്തിയിട്ടില്ല എന്നതിനും ഉദാഹരണമാണ്.

7)പൈലറ്റ് പ്രോജക്ടായി ഈ സംവിധാനം സ്ഥാപിച്ച 15 സ്കൂളുകളിൽ 13 ലും നിലവിൽ ഈ സംവിധാനം പ്രവർത്തിക്കുന്നില്ല. പ്രവർത്തിക്കുന്ന സ്കൂളിൽ വിദ്യാർത്ഥികളുടെ ഹാജർ വിവരവും പൊതു അറിയിപ്പുകളും SMS മുഖേന അറിയിക്കാൻ മാത്രമാണ് ഇത് ഉപയോഗപ്പെടുത്തുന്നത്. അതുതന്നെ രക്ഷിതാക്കളുടെ ശ്രദ്ധയിൽ എത്തുന്നുണ്ട് എന്ന് ഉറപ്പിക്കാനാവശ്യമായ സംവിധാനം ഈ സോഫ്റ്റ് വെയറിൽ ലഭ്യമല്ല. ആയത് ഈ സംവിധാനം ലക്ഷ്യം കൈവരിക്കുന്നില്ല എന്നതിന് ഉദാഹരണമാണ്.

8)ഈ പ്രോജക്ടിനു വേണ്ടി വികസന ഫണ്ടിൽ നിന്നും 45 ലക്ഷം രൂപ ചെലവഴിച്ചത് Technical Evaluation Report ലെയും, Project Report ലെയും സ്പെസിഫിക്കേഷൻ പ്രകാരമുള്ള മുഴുവൻ മോഡ്യൂളുകളും 15 സ്കൂളുകളിലും പ്രവർത്തന സജ്ജമാക്കുന്നതിന് വേണ്ടിയാണ്. എന്നാൽ 2 സ്കൂളുകളിൽ വിദ്യാർത്ഥികളുടെ ഹാജർ വിവരം രക്ഷിതാക്കളെ അറിയിക്കുന്നത് മാത്രമാണ് നിലവിൽ ഈ സംവിധാനം ഉപയോഗിക്കുന്നത്. ആയത് ഈ പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടില്ല എന്നതിനും, തുക പാഴ് ചെലവായതിനും ഉദാഹരണമാണ്.

9)ഇ-അറ്റൻഡൻസ് പദ്ധതി നടപ്പിലാക്കുന്നതിന് പി ഡബ്ലൂ ഡി ഇലക്ട്രോണിക്സ്, മറ്റ് ഐടി ഏജൻസികൾ എന്നിവയുടെ സാങ്കേതികസഹായം ലഭ്യമാക്കണമെന്ന് നിർവഹണ ഉദ്യോഗസ്ഥൻ 22-1-18 ലെ ജി4/23721/2017 നമ്പർ കത്ത് പ്രകാരം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ ആയതിന് മുമ്പുതന്നെ 20-12-17 ലെ 115/17(15) നമ്പർ ഭരണ സമിതി തീരുമാനപ്രകാരം ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിററിയുടെ റിപ്പോർടിന്റെയും തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് ചെലവുകൾ നടത്തിയതെന്ന് നിർവഹണ

/

ഉദ്യോഗസ്ഥൻ ഓഡിറ്റ് അന്വേഷണം നമ്പർ 48/18-19 ന് നല്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടെക്നിക്കൽ കമ്മിറ്റിയുടെ ഫൈനൽ റിപ്പോർട്ട് പരിശോധനക്കായി ഓഡിറ്റിന് ലഭ്യമാക്കിയിട്ടുമില്ല. ടെക്നിക്കൽ കമ്മിറ്റിയുടെ തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കാനിടയായത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

10)പദ്ധതി പൂർത്തിയാക്കി മുഴുവൻ പണവും കൈമാറുന്നതിനു മുമ്പ് സർക്കാർ തലത്തിലുള്ള ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് പരിശോധന നടത്തിച്ച് നിർവഹണ ഏജൻസി പ്രോജക്ട് റിപ്പോർട്ട്, ടെക്നിക്കൽ ഇവാല്യൂവേഷൻ റിപ്പോർട്ട് എന്നിവ പ്രകാരമുള്ള മുഴുവൻ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട് എന്ന വിലയിരുത്തൽ നടത്താത്തത് നിർവഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയായി കണക്കാക്കാവുന്നതാണ്.

മുകളിൽ പരാമർശിച്ച കാരണങ്ങളാൽ കണ്ണൂർ ജില്ലാപഞ്ചായത്ത് നടപ്പാക്കിയ ഇ-അറ്റൻഡൻസ് പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് വിലയിരുത്തുകയും, പദ്ധതിക്കായി ചെലവഴിച്ച 45 ലക്ഷം രൂപ പാഴ്ചെലവാക്കി സർക്കാർ ഖജനാവിന് നഷ്ടം വരുത്തിയതായും, ഈ വിഷയത്തിൽ ജില്ലാപഞ്ചായത്തിന്റെ വിവിധ സമിതികൾക്കും നിർവഹണ ഉദ്യോഗസ്ഥർക്കും ജാഗ്രതക്കുറവുണ്ടായതായും ഓഡിറ്റ് നിരീക്ഷിക്കുന്നു. 15 സ്കൂളുകളിലും പ്രസ്തുത പദ്ധതി പൂർണ തോതിൽ പ്രവർത്തനക്ഷമമായി എന്നുറപ്പു വരുത്തുന്നതു വരെ 45,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-45 ജില്ലാ പഞ്ചായത്ത് അധീനതയിലുള്ള വിദ്യാലയങ്ങളിൽ സി സി ടി വി സ്ഥാപിക്കൽ - സർക്കാർ നിർദേശങ്ങൾ പാലിക്കുന്നില്ല

പ്രോജക്ട്:-378/2019 ജില്ലാപഞ്ചായത്ത് അധീനതയിലുള്ള വിദ്യാലയങ്ങളിൽ സി സി ടി വി സ്ഥാപിക്കൽ പ്രവൃത്തി നടത്തിയ സ്ഥാപനം – ഗാർഡ് സർവ്വയലൻസ് സിസ്റ്റം, പാറക്കണ്ടി, കണ്ണൂർ.

അടങ്കൽ -23,00,000/- (വികസനഫണ്ട് ജനറൽ)

ബിൽ നമ്പർ:- 18190152022301288962 dt 1/3/2019 ₹22,52,502/-

**നിർവഹണം- ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം**

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജില്ലാപഞ്ചായത്ത് അധീനതയിലുള്ള വിദ്യാലയങ്ങളിൽ സി സി ടി വി സ്ഥാപിക്കൽ. ആയതിന് വേണ്ടി മേൽ വിവരിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ കൊടുക്കുന്നു

1) പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കാവുന്ന വാർഷിക പദ്ധതികൾ സംബന്ധിച്ച മാർഗരേഖ സ.ഉ.(കൈ)നം.11/2018/തസ്വഭവ. തീ.29.01.2018 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ഖണ്ഡിക നമ്പർ 11.2(3)ഇ(ii) പ്രകാരം 5 ലക്ഷം രൂപക്ക് മുകളിൽ എസ്റ്റേമറ്റ് തുക വരുന്ന പ്രവൃത്തികൾക്ക്, ഇ-ടെണ്ടർ രീതി നിർബന്ധമായും അവലംഭിക്കേണ്ടതുണ്ട്.എന്നാൽ ഈ പ്രോജക്ട് നടപ്പാക്കുമ്പോൾ പ്രസ്തുത രീതി അവലംബിച്ചിട്ടില്ല

2) സി സി ടി വി സ്ഥാപിക്കുന്നതിൻ മുമ്പായി സ്ഥാപിക്കുന്ന സ്കൂളുകളിൽ സാധ്യതാപഠനം നടത്തുകയോ, ആവശ്യകത നിർണയിക്കുകയോ, എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല

3)തയ്യാറാക്കിയ എസ്റ്റേമറ്റിന്റെ അടിസ്ഥാനത്തിൽ തന്നെയാണോ സ്ഥാപനം സി സി ടി വികൾ സ്ഥാപിച്ചിട്ടുള്ളത് എന്നത് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

4)മോണിറ്ററിംഗ് സംബന്ധിച്ച രേഖകൾ, സി സി ടി വി യുടെ സ്റ്റോക്ക് റജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
5) താൽപര്യപത്രം ക്ഷണിച്ചാണ് ഈ പ്രോജക്ട് നടപ്പാക്കിയിരിക്കുന്നത്. എന്നാൽ പ്രവൃത്തി നടത്തിയ സ്ഥാപനം പി ഡബ്ലു ഡി അംഗീകരിച്ച സ്ഥാപനങ്ങളിൽ പെട്ടതാണോ എന്ന് വ്യക്തമല്ല.

മേൽ അപാകങ്ങൾ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിലേക്ക് കൊണ്ടു വരുന്നു.

/

## 1-46 ക്ഷീര സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് സബ്സിഡി - നിരന്തര മോണിറ്ററിംഗ് നടത്തേണ്ടതാണ്.

നിർവഹണോദ്യോഗസ്ഥൻ : ഡെപ്യൂട്ടി ഡയറക്ടർ ,ഡയറീസ്

പ്രോജക്ട് നമ്പർ : 18/18-19- ക്ഷീര സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് സബ്സിഡി

അടങ്കൽ : ₹70,00,000

ചെലവ് : ₹70,00,000

കണ്ണൂർ ജില്ലയിലെ ക്ഷീരവികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 35 ക്ഷീര സംഘങ്ങൾക്ക് ഒരു സംഘത്തിന് രണ്ടുലക്ഷം രൂപ വീതം റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. റിവോൾവിംഗ് ഫണ്ട് അനുവദിച്ചതിൽ നിന്നും ക്ഷീര കർഷകർക്ക് മുൻഗണനാ ക്രമത്തിൽ ₹40,000 വീതം വിതരണം ചെയ്യുകയും 18 മാസത്തിൽ അധികരിക്കാത്ത രീതിയിൽ തിരിച്ചടവ് നിശ്ചയിച്ചിട്ടുമുണ്ട്.

പ്രോജക്ട് ദീർഘകാലാടിസ്ഥാനത്തിലുള്ളതായതിനാൽ പ്രോജക്ടിന്റെ മോണിറ്ററിംഗ് കൃത്യമായി നടത്തുന്നുണ്ടെന്നും തുകയുടെ തിരിച്ചടവിന് അനുസരിച്ച് പുതുതായി ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നുണ്ടെന്നും നിർവഹണ ഉദ്യോഗസ്ഥനും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും നിരീക്ഷിക്കേണ്ടതാണ്.

## 1-47 സ്നേഹ ജ്യോതി കിഡ്നി പേഷ്യന്റ്സ് വെൽഫെയർ സൊസൈറ്റി വഴി മരുന്ന് വിതരണത്തിന് സർക്കാർ അനുമതി ലഭ്യമാക്കിയില്ല

നിർവഹണോദ്യോഗസ്ഥൻ : സൂപ്രണ്ട്, ജില്ലാ ആശുപത്രി ,കണ്ണൂർ

പ്രോജക്ട് നമ്പർ : 412/19- വൃക്കമാറ്റിവെക്കൽ ശസ്ത്രക്രിയക്ക് വിധേയരായവർക്ക് തുടർ ചികിത്സാ സഹായം ലഭ്യമാക്കൽ

അടങ്കൽ : ₹20,00,000

ചെലവ് : ₹20,00,000 (ബിൽ നം. 06/18-19 തീയതി 12-03-2019 )

വികസന ഫണ്ട് ഉപയോഗിച്ച് സ്നേഹ ജ്യോതി കിഡ്നി പേഷ്യന്റ്സ് വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ ജില്ലാ ആശുപത്രിയിൽ വെച്ച് വൃക്ക മാറ്റിവെച്ച രോഗികൾക്ക് ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്ന് വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്ത് നടപ്പിലാക്കിയത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19 ലേക്ക് ബാധകമായ സബ്സിഡി മാർഗരേഖ (സ.ഉ(കൈ) നം. 22/2018/ത.സ്വ.ഭ.വ തീയതി 14-02-2018) ഖണ്ഡിക 7.5.3.7 പ്രകാരം മാരകരോഗങ്ങൾ അടക്കമുള്ള ചികിത്സയ്ക്ക് ഡോക്ടർമാർ നിർദ്ദേശിക്കുന്ന ചികിത്സകളും മരുന്നുകളും ആശുപത്രി മുഖേന രോഗികൾക്ക് നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കാവുന്നതും മരുന്ന് വാങ്ങി നൽകാവുന്നതാണ്. എന്നാൽ വെൽഫെയർ സൊസൈറ്റി വഴി മരുന്ന് വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. ആയതിനാൽ സോസൈറ്റി വഴി മരുന്ന് വിതരണം ചെയ്യുന്നതിന് സർക്കാർ അനുമതി വാങ്ങിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19 ലേക്ക് വൃക്ക മാറ്റിവെച്ച രോഗികൾക്ക് മരുന്ന് വാങ്ങാൻ തുടർ ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് കണ്ണൂർ ജില്ലാ ആശുപത്രി സൂപ്രണ്ട് നിർവഹണ ഉദ്യോഗസ്ഥനായി ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ട് ഫണ്ട് ഉപയോഗിച്ച് സ്റ്റോർ പർച്ചേസ് റൂൾ അനുസരിച്ച് കാരുണ്യ ഫാർമസിയിൽ നിന്നും വാങ്ങിയ മരുന്നുകൾ ഇവിടുത്തെ സ്റ്റോക്കിലെടുത്ത് ഈ ആശുപത്രിയിൽ പ്രസ്തുത രോഗത്തിന് ചികിത്സ തേടിയെത്തുന്ന രോഗികൾക്ക് ഒ.പി. ടോക്കണിന്റെ അടിസ്ഥാനത്തിൽ ഇവിടെയുള്ള ഡോക്ടർ നിഷ്കർഷിക്കുന്ന മരുന്ന് ഫാർമസിസ്റ്റ് മുഖേന പ്രത്യേക കൗണ്ടറും സംവിധാനവും ഉപയോഗിച്ച് വിതരണം ചെയ്യുന്നു എന്ന കാര്യമാണ് അറിയിച്ചത്. എന്നാൽ മരുന്നുകളുടെ സ്റ്റോക്ക് പ്രത്യേകമായി തയ്യാറാക്കിയ സ്റ്റോക്ക് രജിസ്റ്റർ (സ്നേഹജ്യോതി പ്രോജക്ട് ) എന്നതിൽ ചേർത്ത് സ്നേഹജ്യോതി ക്ലിനിക്കിലേക്ക് നൽകുകയാണ് ചെയ്യുന്നത്. ജില്ലാപഞ്ചായത്തിന്റെ നേതൃത്ത്വത്തിൽ രൂപീകരിച്ച സ്നേഹ ജ്യോതി കിഡ്നി പേഷ്യന്റ്സ് വെൽഫെയർ സൊസൈറ്റി എന്ന ട്രസ്റ്റിന്റെ മേൽനോട്ടത്തിൽ ജില്ലാ ആശുപത്രിയിൽ

/

പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് സ്നേഹജ്യോതി ക്ലിനിക്ക്. ഇതുവഴിയാണ് മരുന്ന് നൽകി വരുന്നത് എന്ന് സ്റ്റോക്ക് രജിസ്റ്ററിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ ഇതുവഴി പ്ലാൻ ഫണ്ട് വിനിയോഗിച്ച് മരുന്ന് വാങ്ങി വിതരണം ചെയ്യുന്നതിന് സർക്കാർ അനുമതി വാങ്ങേണ്ടതാണ്.

## 1-48 മലബാർ കാൻസർ സെന്ററിന് മുൻകൂർ നൽകിയ ₹10,00,000 വിനിയോഗിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം)

പ്രോജക്ട് നമ്പർ : 386/18-19 സമഗ്ര കാൻസർ നിയന്ത്രണ പദ്ധതി

അടങ്കൽ : ₹10,00,000 വികസന ഫണ്ട് (പൊതു)

ചെലവ് : ₹10,00,000

ബിൽ നം.15/18-19/04.02.19

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന കാൻസർ നിർണ്ണയ ക്യാമ്പുകളിൽ നിന്നും റഫർ ചെയ്യുന്ന രോഗികൾക്ക് മലബാർ കാൻസർ സെന്ററിൽ വച്ച് തുടർചികിൽസയും പരിചരണവും നൽകുന്നതിന് ധനസഹായം അനുവദിക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ആയതു പ്രകാരം ₹10,00,000 മലബാർ കാൻസർ സെന്ററിന് മുൻകൂർ അനുവദിക്കുകയുണ്ടായി. എന്നാൽ ജില്ലാ പഞ്ചായത്തിന്റെ ചുമതലകൾ പ്രതിപാദിക്കുന്ന കേരളാ പഞ്ചായത്തി രാജ് നിയമത്തിലെ 173-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള 5-ാം പട്ടികയിലോ നിലവിലുള്ള മാർഗ്ഗരേഖകളിലോ ജില്ലാ പഞ്ചായത്തിന്, കാൻസർ തുടർചികിൽസയ്ക്കായി എം.സി.സി. ക്ക് പണം അനുവദിക്കാൻ വ്യവസ്ഥയില്ല. മലബാർ കാൻസർ സെന്റർ ഡയറക്ടറുടെ 03/07/19 തിയതിയിലെ 484/MISC/COG/MCC/2019/2694 നം. കത്തു പ്രകാരം മേൽ തുക വിനിയോഗിക്കാനായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ഡി.എം.ഒ. (ആരോഗ്യം) തുടർനിർദ്ദേശത്തിനായി സെക്രട്ടറി, ജില്ലാ പഞ്ചായത്തിന് അപേക്ഷ (സി1-12032/18 തി:26/07/19) സമർപ്പിച്ചിട്ടുണ്ട്. മേൽ തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം പരാമർശിച്ച് നൽകിയ എൻക്വയറിക്ക് (നം.35/21.11.19) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-49 മരുന്നുകൾ ലഭ്യമാവാത്തതും സ്റ്റോക്ക് വിവരവും -സംബന്ധിച്ച്

നിർവഹണോദ്യോഗസ്ഥൻ : സൂപ്രണ്ട്, ജില്ലാ ആശുപത്രി ,കണ്ണൂർ

പ്രോജക്ട് നമ്പർ : 342/19- ജില്ലാ ആശുപത്രിയിൽ കാൻസർ മരുന്ന് , പാലിയേറ്റീവ് കെയർ മരുന്ന് , പരിചരണ സാമഗ്രികൾ എന്നിവ വാങ്ങൽ

അടങ്കൽ : ₹25,00,000

ചെലവ് : ₹1499901 (ബിൽ നം. 04/18-19 തീയതി 12-03-2019 )

: ₹10,00,000 (ബിൽ നം. 08/18-19 തീയതി 12-03-2019 )

ആകെ : ₹2499901

കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ 22-12-2018 ലെ PRF-3465 നമ്പർ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ₹ 1499901 യുടെയും,02-02-2019 ലെ PRF 4225 നമ്പർ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ₹10,00,000 യുടെയും മരുന്ന്, പരിചരണ സാമഗ്രികൾ എന്നിവ വാങ്ങുന്നതിന് തുക നൽകിയിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരം ₹2303125 മരുന്നുകളും പരിചരണ സാമഗ്രികളും മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. മരുന്ന് ലഭിച്ചതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ /തീയതി | തുക |
|---|---|---|
| 1 | 3162 / 17-04-2019 | 1357098 |
| 2 | 16249 / 28-06-2019 | 44900 |
| 3 | 35011 / 24-09-2019 | 80654 |
| 4 | 41777 / 21-10-2019 | 17228 |
| | | |

/

| | | |
|---|---|---|
| 5 | 30117 / 03-09-2019 | 258752 |
| 6 | 31174 / 07-09-2019 | 30626 |
| 7 | 37320 / 03-10-2019 | 30633 |
| 8 | 40813 / 17-10-2019 | 190384 |
| 9 | 40819 / 17-10-2019 | 108252 |
| 10 | 41685 / 21-10-2019 | 42420 |
| 11 | 41758 / 21-10-2019 | 1825 |
| 12 | 45426 / 05-11-2019 | 42773 |
| 13 | 47970 / 15-11-2019 | 97580 |
| ആകെ | | 2303125 |

₹196776 മരുന്നുകൾ ഇതുവരെ ലഭിച്ചിട്ടില്ല. ആവശ്യ മരുന്നുകൾ ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കിയതിന്റെ വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-50 മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല

നിർവഹണോദ്യോഗസ്ഥൻ : സൂപ്രണ്ട്, സർക്കാർ ജില്ലാ ഹോമിയോ ആശുപത്രി, കണ്ണൂർ

പ്രോജക്ട് നമ്പർ : 15/19- കണ്ണൂർ ജില്ലാ ഹോമിയോ ആശുപത്രി മരുന്ന്, ലാബ് റീ ഏജന്റ് വാങ്ങൽ

അടങ്കൽ : ₹13,00,000

ചെലവ് : ₹8,00,000-ബിൽ നം . 6/18-19 തീയതി 24-11-2018

: ₹3,00,000 -ബിൽ നം . 13/18-19 തീയതി 13-02-2019

: ₹2,00,000 -ബിൽ നം . 17/18-19 തീയതി 25-03-2019

ആകെ : ₹13,00,000

ഹോംകോവിന്റെ 23-10-2018 ലെ 1016 നമ്പർ ഇൻവോയ്സ് പ്രകാരം ₹8,00,000 വും 16-10-2019 ലെ 1367 നമ്പർ ഇൻവോയ്സ് പ്രകാരം ₹3,00,000 യും കൂടി ആകെ ₹11,00,000 മരുന്നിനായി ഹോംകോവിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ 21-08-2019 ലെ ഇൻവോയ്സ് നമ്പർ LF-884 പ്രകാരം 222920 രൂപയുടെ മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി 8,77,080രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്കുള്ള (നം.13/28-10-2019) മറുപടിയിൽ ബാക്കി തുകയുടെ മരുന്നുകൾ ഉടൻ തന്നെ ലഭ്യമാക്കുമെന്ന് ഹോംകോ അറിയിച്ചിട്ടുണ്ട് എന്ന വിവരമാണ് ലഭ്യമാക്കിയത്. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്. മരുന്ന് വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിലേക്ക് കണ്ണൂർ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-51 സി.സി.ടി.വി .സ്ഥാപിക്കൽ- നടപടി ക്രമത്തിലെ അപാകങ്ങൾ സംബന്ധിച്ച്

നിർവഹണോദ്യോഗസ്ഥൻ : സൂപ്രണ്ട്, ജില്ലാ ആയുർവേദ ആശുപത്രി ,കണ്ണൂർ

പ്രോജക്ട് നമ്പർ :166/19- കണ്ണൂർ ജില്ലാ ആയുർവേദ ആശുപത്രിയിൽ സി.സി.ടി.വി ., മറ്റ് ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ : ₹2,00,000

ചെലവ് : ₹1,96,932 (ബിൽ നം. 97/18-19 തീയതി 28-09-2018 )

പ്രോജക്ട് പ്രകാരം സി.സി.ടി.വി വാങ്ങുന്നതിന് ₹50,000 വും ടി.വി വാങ്ങുന്നതിന് ₹1,50,000 ആണ് വകയിരുത്തിയത്. പ്രോജക്ട് നടത്തിപ്പിലെ അപാങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1. എ. 933/18 തീയതി 09-08-2018 കത്ത് പ്രകാരം ഗാർഡ് സർവൈലൻസ് സിസ്റ്റം കണ്ണൂർ എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുമ്പോൾ പ്രവൃത്തി പൂർത്തിയാക്കി ബിൽ സമർപ്പിക്കുന്ന മുറക്ക് സ്പെസിഫിക്കേഷൻ പ്രകാരമാണോ ചെയ്തത് എന്ന് പരിശോധിച്ച് ബിൽ തുക നൽകുന്നതായിരിക്കും എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ തുക നൽകുന്നതിന് മുമ്പ് പി.ഡബ്ല്യൂ.ഡി. ഇലക്ട്രോണിക്സ് വിഭാഗത്തിൻ നിന്നും സ്പെസിഫിക്കേൻ പ്രകാരമുള്ള ഉപകരണങ്ങളാണോ സ്ഥാപിച്ചത് എന്നതിനുള്ള സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല.

2. സി.സി.ടി.വിയുടെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.36/21-11-2019) മറുപടിയിൽ ക്വട്ടേഷൻ ക്ഷണിച്ചതിലും പ്രവൃത്തി നടക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിലും പോരായ്മ വന്നിട്ടുണ്ടെന്നാണ് അറിയിച്ചത്. ക്വട്ടേഷനിൽ പറഞ്ഞ സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത് എന്ന സാക്ഷ്യപത്രം ക്ഷമതയുള്ള അധികാരസ്ഥാനത്തു നിന്നം ലഭ്യമാക്കേണ്ടതാണ്.

## 1-52 പട്ടികജാതിക്കാർക്കായുള്ള കേന്ദ്രീകൃത സാംസ്കാരിക തൊഴിൽ പരിശീലന കേന്ദ്രം- നിർവഹണത്തിലെ അപാകങ്ങൾ - ₹ 32,55,000-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

I) പ്രോജക്ട്:-359/2019,പട്ടികജാതിക്കാർക്കായുള്ള കേന്ദ്രീകൃത സാംസ്കാരിക തൊഴിൽപരിശീലനകേന്ദ്രം-
അടിസ്ഥാനസൗകര്യ വികസനം - ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം

